കൂട്ടിയ്ക്കൽ ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണ സമഗ്ര വികസന റിപ്പോർട്ട്

KOOTTICKAL GRAMA PANCHAYAT



കൂട്ടിയ്ക്കൽ ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണ

സമഗ്ര വികസന റിപ്പോർട്ട്

"ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു;
ഗ്രാമങ്ങൾ നശിച്ചാൽ ഇന്ത്യ നശിക്കും"

വിഷയസൂചിക -1

കൂട്ടിക്കൽ ഗ്രാമ പഞ്ചായത്ത്
വികസന റിപ്പോർട്ട് 1996

പഞ്ചായത്തിന്റെ പേര്	:	കൂട്ടിയ്ക്കൽ ഗ്രാമ പഞ്ചായത്ത്
ജില്ല	:	കോട്ടയം
താലൂക്ക്	:	കാഞ്ഞിരപ്പള്ളി
ബ്ലോക്ക് പഞ്ചായത്ത്	:	കാഞ്ഞിരപ്പള്ളി
വില്ലേജ്	:	കൂട്ടിയ്ക്കൽ,മുണ്ടക്കയം വില്ലേജിൽപ്പെട്ട ഒന്നു രണ്ടും വാർഡുകൾ.
ഡിവിഷൻ	:	കൂട്ടിയ്ക്കൽ
അസംബ്ലിമണ്ഡലം	:	പൂഞ്ഞാർ
വിസ്തീർണ്ണം	:	33.82 ച.കി.മീറ്റർ
അതിരുകൾ	:	വടക്ക് പാറത്തോട് പഞ്ചായത്ത്, പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത്,കിഴക്ക് ഏലപ്പാറ പഞ്ചായത്തും,കൊക്കയാർ പഞ്ചായത്തും, തെക്ക് കൊക്കയാർ പഞ്ചായത്ത്,പടിഞ്ഞാറ് മുണ്ടക്കയം പഞ്ചായത്ത്.
ജനസംഖ്യ	:	25615
വാർഡുകൾ	:	8
പ്രസിഡൻറ്	:	ശ്രീ.ആർ.കൃഷ്ണപ്പൻ
വൈസ് പ്രസിഡൻറ്	:	ശ്രീമതി ജെസ്സി ജോസ്
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ	:	ശ്രീ ബാബുക്കുട്ടി
ഭരണസമിതി അംഗങ്ങൾ	:	ശ്രീ അസിംസിദ്ധിക്ക്.ശീ ജോർജ് തോമസ്, ശീ രാജീവ് കെ.വെട്ടം, ശ്രീമതിമാർ ഇന്ദിരാ ഭാസ്കർ, ലീലാമ്മ സുധാകരൻ.
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ	:	ശ്രീ.ഇ.കെ.ജോസ്,ഇടമന.
ജില്ലാ പഞ്ചായത്ത് മെമ്പർ	:	ശ്രീ.ടി.കെ.രാജൻ

താളുകൾ മറിക്കുമ്പോൾ

ആമുഖം

കൃഷിയും ജലസേചനവും

മൃഗസംരക്ഷണം

വനം പരിസ്ഥിതി

പൊതുജനാരോഗ്യം

വിദ്യാഭ്യാസം

കുടിവെള്ളം

സാംസ്ക്കാരിക രംഗം

വനിതാക്ഷേമം

ദാരിദ്ര്യനിർമ്മാർജ്ജനം

വ്യവസായം

ഈർജ്ജം

ഗതാഗതം

പാർപ്പിടവും സാമൂഹ്യക്ഷേമവും

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

സഹകരണം

വിഭവസമാഹരണം

സ്മരണാഞ്ജലി

കൂട്ടിയ്ക്കൽ പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് എഴുതുന്ന ഈ അവസരത്തിൽ കാൽ നൂറ്റാണ്ടു മുമ്പുള്ള ചില സംഭവങ്ങൾ ഓർമ്മകളായി എന്റെ മനസ്സിൽ ഓടി എത്തുന്നു. ഈ പഞ്ചായത്തു രൂപികരിക്കപ്പെട്ടത് 1969ൽ ആണ്. പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിന്റെ കൂട്ടിയ്ക്കൽ, ഏന്തയാർ,കൊടുങ്ങാ എന്നീ വാർഡുകൾ ആ പഞ്ചായത്തിൽ നിന്നും അടർത്തി മാറ്റിയും മുണ്ടക്കയം പഞ്ചായത്തിലെ പറത്താനം വാർഡ് ക്കൂട്ടിച്ചേർത്തുമാണ് കൂട്ടിയ്ക്കൽ പഞ്ചായത്തിനു രൂപം നല്കിയത്.

ഈ പഞ്ചായത്തിന്റെ രൂപവത്ക്കരണത്തിന് എല്ലാ വെല്ലുവിളികളേയും എന്നോടൊപ്പം നേരിട്ടുകൊണ്ട് സജീവമായി പ്രവർത്തിച്ച എന്റെ സഹപ്രവർത്തകനും പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിന്റെ മുൻ പ്രസിഡൻറുമായിരുന്ന ശ്രീ.എൻ.എ.ഏബ്രാഹമിനേയും കൊടുങ്ങാ വാർഡുമെമ്പറായിരുന്ന ശ്രീ.പി.ഐ.രാമനേയും ഈ അവസരത്തിൽ ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു!

കൂട്ടിയ്ക്കൽ പഞ്ചായത്തിന്റെ രൂപവത്ക്കരണവേളയിലും തുടർന്നും ഉണ്ടായ നിരവധി പ്രാതികൂല്യങ്ങളേയും പ്രതിസന്ധികളേയും സധൈര്യം നേരിട്ട് ഈ പഞ്ചായത്തിന്റെ നിലനിൽപ്പ് യാഥാർത്ഥ്യമാക്കാൻ സമർത്ഥമായ നേതൃത്വം നല്കിയ, ഉദാരമതിയായ, ഈ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡൻറ് ശ്രീ.കെ.കെ.ഏബ്രാഹം പൊട്ടംകുളത്തിനോടു എനിക്കുള്ള ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തട്ടെ!

ഇത്തരുണത്തിൽ പഞ്ചായത്തിന്റെ രൂപ വത്ക്കരണ ഉത്തരവ് പുറപ്പെടുവിച്ച യശ്ശ:ശരീരനായ ഹാജി അവുകാദർ കുട്ടി നഹാസാഹിബ് അവർകളോടുള്ള എന്റെ ആദരവ് സമർപ്പിക്കുന്നു. അതുപോലെ ഇതിനുവേണ്ടിയുള്ള ശ്രമങ്ങൾക്ക് താങ്ങും തണലും നൽകിയ യശ:ശരീരരായ അഡ്വ:ഹാജി വി.എം.ഏ കരീം സാഹിബ്ബിനേയും, ശ്രീ.കെ.എസ് ഇബ്രാഹിം കല്ലുപുരയ്ക്കൽ അവർകളേയും ശ്രീ.പി.ടി.നാണു അവർകളെയും എന്റെ മനോമുകുരത്തിൽ കാണുന്നു.

നമ്മുടെ പഞ്ചായത്ത് വളർച്ചയുടെ പടവുകൾ കയറുമ്പോൾ ഇക്കാര്യത്തിൽ നിസ്തുലമായ സംഭാവനകൾ നല്കിയ ശ്രീ.മൈക്കിൾ എ.കള്ളിവയലിനെ സ്മരിക്കാതിരിക്കുക കടുത്ത കൃതഘ്നതയായിരിക്കും.പഞ്ചായത്തു പൗണ്ട്,പൊതുക്കിണർ,വെയിറ്റിംഗ് ഷെഡ്,പഞ്ചായത്തു നടകൾ, വില്ലേജ് ഓഫീസ് എന്നിവയ്ക്ക് ആവശ്യമായസ്ഥലം ഏന്തയാർ ടൗണിലും പരിസരത്തും നല്കിയത് ശ്രീ മൈക്കിൾ കള്ളിവേലിലാണ്.

ഈ പഞ്ചായത്തിന്റെ വളർച്ചക്കു വേണ്ടി ഇന്നലകളിൽ അവിശ്രമം, നിസ്തന്ദ്രം പ്രവർത്തിച്ച നമ്മുടെ മുൻ പഞ്ചായത്തു പ്രസിഡൻറുമാരായ ശ്രീ.കെ.ജെ.തോമസ് കൊല്ലംപറമ്പിൽ, ശ്രീ.പി.റ്റി.തോമസ് പുറപ്പന്താനം,അന്നത്തെ പഞ്ചായത്തു സമിതി അംഗങ്ങൾ എന്നിവരെ ഞാൻ ഈ അവസരത്തിൽ സ്മരിക്കട്ടെ!

ഈ വികസനരേഖ തയാറാക്കുന്നതിൽ എന്നോടൊപ്പം പ്രവർത്തിച്ച പഞ്ചായത്ത് സമിതിയംഗങ്ങൾ,ബ്ലോക്കു പഞ്ചായത്ത് മെമ്പർ ശ്രീ.ജോസ് ഇടമന,D.R.P.S. പഞ്ചായത്തു സെക്രട്ടറി ശ്രീ. പി.രവീന്ദ്രൻ നായർ, ഗ്രാമസഭാകൺവീനർമാർ എന്നിവരോടുള്ള കലവറയില്ലാത്ത നന്ദി ഞാനിവിടെ രേഖപ്പെടുത്തട്ടെ! ഈ പഞ്ചായത്തിന്റെ നാളെകളിലെ വളർച്ചക്ക് ഈ വികസന റിപ്പോർട്ട് ഒരു മാർഗ്ഗരേഖയായിരിക്കട്ടെ!

സ്നേഹാശംസകളോടേ,

ആർ.കൃഷ്ണപ്പൻ

ഗ്രാമപഞ്ചായത്തു പ്രസിഡൻറ്,

കൂട്ടിയ്ക്കൽ

29-12-'96.



ശ്രീ. ആർ. കൃഷ്ണപ്പൻ
പ്രസിഡൻറ്

ജെസി ജോസ്
വൈസ് പ്രസിഡൻറ്

ബാബുക്കുട്ടി
സ്റ്റാൻറിംഗ് കമ്മറ്റി
ചെയർമാൻ



അസ്സീം സിദ്ധിക്ക്
മെമ്പർ

ഇന്ദിര ഭാസ്ക്കരൻ
മെമ്പർ



ലീലാമ്മസുധാകരൻ
മെമ്പർ



ജോർജ് തോമസ്
മെമ്പർ



രാജീവ് വെട്ടം
മെമ്പർ



ജോസ് ഇടമന
ബ്ലോക്ക് മെമ്പർ



റ്റി. കെ. രാജൻ
മെമ്പർ



കെ. ജെ. തോമസ് Ex. MLA
മുൻ പഞ്ചായത്ത് പ്രസിഡൻറ്

ശ്രീ. കെ. കെ. ഏബ്രഹാം
പൊട്ടക്കുളം
കൂട്ടയ്ക്കൽ പഞ്ചായത്ത് ആദ്യ
പ്രസിഡൻറ്



ശ്രീ. പി. റ്റി. തോമസ്
പുറപ്പന്താനം
മുൻ പഞ്ചായത്ത് പ്രസിഡൻറ്

DRPS



പി. എ. പ്രഭാകരൻ
പരുത്തപ്പാറ

DRPS

പി. റ്റി. ചാക്കോ



കെ. പി. ചെല്ലപ്പൻ



പി. രവീന്ദ്രൻ
ഗ്രാമപഞ്ചായത്ത് സെക്രട്ടറി



പി. സി. സൈമൺ



ആമുഖം

ഇന്ഡ്യയിലെ 80 ശതമാനം ജനങ്ങളും ഗ്രാമീണരാണ്. ഗ്രാമീണരുടെ ഉത്കർഷമാണ് ഭാരതത്തിന്റെ അഭ്യുദയത്തിന് അടിസ്ഥാനം. അതു കൊണ്ടാണ് ''ഇൻഡ്യയുടെ ജീവൻ ഗ്രാമങ്ങളിൽ കുടികൊള്ളുന്നു'' എന്ന് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി പറയാനിടയായത്.മഹാത്മജിയുടെ മോഹനസ്വപ്നമായിരുന്നു 'ഗ്രാമസ്വരാജ്'.ഭരണഘടനയുടെ 73,74 ഭേദഗതികളിലൂടെ ഗ്രാമസ്വരാജ് യാഥാർത്ഥമാവുകയാണ്. എട്ടു പഞ്ചവത്സര പദ്ധതികൾ പിന്നിട്ടെങ്കിലും ഗ്രാമീണജനതയുടെ ജീവിതനിലവാരം ഉയർത്തുവാൻ അവ പര്യാപ്തമായിരുന്നില്ല. ഈ കുറവു പരിഹരിക്കുന്നതിന് ജനപങ്കാളിത്തത്തോടുകൂടിയ ആസൂത്രണം നടപ്പിലാക്കാൻ നമ്മുടെ ഗവർണ്മെൻറ് തീരുമാനിച്ചിരിക്കുകയാണ്. ഒൻപതാം പദ്ധതി ആരംഭിക്കുന്നതോടുകൂടി അധികാരം ജനങ്ങളിലേക്ക് എന്ന മഹത്തായ സന്ദേശം പ്രാവർത്തികമാവുകയാണ്. ജനപങ്കാളിത്തം ഉറപ്പാക്കാൻ ഈ പഞ്ചായത്തിന്റെ എട്ടു വാർഡുകളിലും ഗ്രാമസഭകൾ വിളിച്ചു കൂട്ടുകയും ജനങ്ങളിൽ വികസന പങ്കാളിത്തത്തിന്റെ സന്ദേശം എത്തിക്കുകയും ചെയ്തു. ജനങ്ങളുടെ ആശായാഭിലാഷങ്ങൾ ഗ്രഹിച്ചശേഷം പഞ്ചായത്തു പ്രസിഡൻറിന്റെ നേതൃത്വത്തിൽ പഞ്ചായത്തു പ്രദേശങ്ങളിൽ തലങ്ങും വിലങ്ങുമായി ഒരു സംഘം പഠന പര്യടനം നടത്തുകയുണ്ടായി. ഗ്രാമസഭയിലെ ചർച്ചകളിൽ നിന്നും രൂപം കൊണ്ട നിർദ്ദേശങ്ങളും സ്ഥാപനങ്ങളിൽനിന്നും ലഭ്യമായ ദ്വീതീയ വിവരങ്ങളും സമാഹരിച്ച് സജ്ജമാക്കീയ വികസനറിപ്പോർട്ടാണ് ജനങ്ങളുടെ സജീവമായ ചർച്ചകൾക്കും പരിഗണകൾക്കും വിലപ്പെട്ട നിർദ്ദേശങ്ങൾക്കും വേണ്ടി സമർപ്പിക്കുന്നത്.

കോട്ടയം ജില്ലയുടെ വടക്കു കിഴക്കേക്കോണിൽ, പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറേ ചെരുവിൽ, ഇടുക്കി ജില്ലയെ വേർതിരിക്കുന്ന പുല്ലകയാറിന്റെ തീരത്ത് കുന്നുകളും മലകളും അവയ്ക്കിടയിലുള്ള ചെറുതാഴ്വരകളും അരുവികളും പുൽമേടുകളും റബ്ബർത്തോട്ടങ്ങളും ചെറുകൃഷിയിടങ്ങളും ചേർന്ന പ്രകൃതി സുന്ദരമായ ഗ്രാമമാണ് കൂട്ടിയ്ക്കൽ.

കേരളത്തിൽ പഞ്ചായത്തു ഭരണസംവിധാനം നിലവിൽ വന്ന 1953ൽ കൂട്ടിയ്ക്കൽ ചഞ്ചായത്തിന്റെ ആസ്ഥാനം ഇന്നത്തെ കൊക്കയാർ പഞ്ചായത്തിലുള്ള നാരകം പഴയിലായിരുന്നു. 1969 വരെ കൂട്ടിയ്ക്കൽ പഞ്ചായത്തിന് ഏഴുവാർഡുകളേ ഉണ്ടായിരുന്നുള്ളു. ഇന്നത്തെ കൂട്ടിയ്ക്കൽ പഞ്ചായത്തിലെ, കൂട്ടിയ്ക്കൽ, ഏന്തയാർ, കൊടുങ്ങാ എന്നീ വാർഡുകൾ പുഞ്ഞാർ തെക്കേക്കര പഞ്ചായത്തിന്റെ ഭാഗമായിരുന്നു. 1969-ൽ ഈ മൂന്നു വാർഡുകൾ തെക്കേക്കര പഞ്ചായത്തിൽ നിന്നും വിടർത്തി കൂട്ടിയ്ക്കൽ പഞ്ചായത്തിനോടു ചേർക്കുകയും ആസ്ഥാനം നാരകംപുഴയിൽ നിന്നും കൂട്ടിയ്ക്കൽ വാഹിനിടാക്കീസിനു മുൻവശത്തുള്ള പൊട്ടംകുളം ബിൽഡിങ്ങിലേയ്ക്കു മാറ്റുകയും ചെയ്തു. 1970ൽ ഇടുക്കി ജില്ലയുടെ രൂപീകരണത്തോടേ പഞ്ചായത്തിലെ വാർഡുകൾ ഇടുക്കി,കോട്ടയം ജില്ലകളിലായി വിഭജിക്കപ്പെട്ടു. അതോടെ നാരകം പുഴ ആസ്ഥാനമായി പ്രവർത്തിച്ചു വന്നിരുന്ന കൂട്ടിയ്ക്കൽ പഞ്ചായത്ത് കൊക്കയാർ ഗ്രാമപഞ്ചായത്തായി രൂപാന്തരപ്പെടുകയും,കൂട്ടിയ്ക്കൽ ആസ്ഥാനമായി പ്രവർത്തിച്ചു വന്നിരുന്ന പഞ്ചായത്ത് കൂട്ടിയ്ക്കൽ പഞ്ചായത്തായി നിലനില്ക്കുകയും ചെയ്തു. തുടർന്ന് മുണ്ടക്കയം പഞ്ചായത്തിന്റെ ഭാഗമായിരുന്ന പറത്താനം കൂട്ടിയ്ക്കൽ പഞ്ചായത്തിനോടു കൂട്ടിച്ചേർക്കുകയും അന്ന് പറത്താനം വാർഡിലെമെമ്പറായിരുന്ന ശ്രീ.പി.റ്റി.നാണു കൂട്ടിയ്ക്കൽ പഞ്ചായത്തു മെമ്പറായിത്തീരുകയും ചെയ്തു.

1953-ലെ പഞ്ചായത്തുതിരഞ്ഞെടുപ്പിൽ, കൂട്ടിയ്ക്കൽ,താളുങ്കൽ,കാവാലി, വെട്ടിയ്ക്കാനം, തെമ്പുഴ എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന കൂട്ടിയ്ക്കൽ വാർ

ഡിലെ ആദ്യത്തെ പഞ്ചായത്തുമെമ്പർ പരേതനായ ശ്രീ.ഇ.ഐ.നാണുഅവർകളും, ഏന്തയാർ,ചാത്തൻ പ്ലാപ്പള്ളി,പ്ലാപ്പള്ളി,ഒലയനാട്,കൊടുങ്ങാ, ഇളംകാട് എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന പ്ലാപ്പള്ളി വാർഡിലെ പ്രതിനിധി പരേതനായ ശ്രീ.പി.നാരായണൻ പരുത്തപ്പാറയും ആയിരുന്നു.

1964-ലെ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ ഇപ്പോൾ കൂട്ടിയ്ക്കൽ പഞ്ചായത്തിലുൾപ്പെടുന്ന പ്രദേശങ്ങളെ പുഞ്ഞാർ തെക്കേക്കര പഞ്ചായത്തിന്റെ കൊടുങ്ങാ,ഏന്തയാർ,കൂട്ടിയ്ക്കൽ എന്നീ മൂന്നുവാർഡുകളായി വിഭജിച്ചിരുന്നു. പരേതനായ ശ്രീ.പി.ഐ.രാമൻ, ശ്രീ.ആർ.കൃഷ്ണപ്പൻ,പരേതനായ ശ്രീ.എൻ.എ.ഏബ്രഹാം എന്നിവർ യഥാക്രമം ഈ വാർഡുകളിലെ പഞ്ചായത്തു മെമ്പറന്മാരായിരുന്നു. ഇവരുടെ ത്യാഗനിർഭരമായ പ്രയത്നത്തിന്റെ ഫലമായാണ് 1969ൽ കൂട്ടിയ്ക്കൽ പഞ്ചായത്ത് രൂപീകരിക്കപ്പെട്ടത്! പുതിയ പഞ്ചായത്തിലേക്ക് നിലവിലുള്ള പഞ്ചായത്തുമെമ്പറന്മാർക്കു പുറമേ ശ്രീ.കെ.കെ.ഏബ്രഹാം പൊട്ടംകുളം,പരേതനായ ശ്രീ കെ.എസ്.ഇബ്രഹിം കല്ലുപുരയ്ക്കൽ, ശ്രീ കെ.ജെ.തോമസ് കൊല്ലംപറമ്പിൽ എന്നിവരെ കൂടി നോമിനേറ്റുചെയ്തു. ഈ പഞ്ചായത്തു സമിതിയുടെ പ്രസിഡൻറ് ശ്രീ.കെ.കെ.ഏബ്രഹം പൊട്ടംകുളം ആയിരുന്നു. തുടർന്ന് കൂട്ടിയ്ക്കൽ പഞ്ചായത്തിനെ ഒൻപതു വാർഡുകളായി വിഭജിച്ചു.1980 ലെ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ ശ്രീ.കെ.കെ.ജെ.തോമസ് പ്രസിഡൻറായി ഒൻപതംഗകമ്മിറ്റി നിലവിൽ വന്നു.1987ൽ ശ്രീ പി.റ്റി.തോമസ് പുറപ്പന്താനം പ്രസിഡൻറായുള്ള സമിതിയും നിലവിൽ വന്നു.1995ൽ ശ്രീ ആർ.കൃഷ്ണപ്പൻ പ്രസിഡൻറായി ഒരു എട്ടംഗക്കമ്മിറ്റിയും അധികാരത്തിൽ വന്നു. ഈ ഭരണസമിതിയാണ് ഇപ്പോൾ പഞ്ചായത്തിന്റെ ഭരണം നടത്തിവരുന്നത്.

സാമൂഹിക സാംസ്ക്കാരിക ചരിത്രം

അതിപുരാതനമായ ഒരു സാംസ്കാരിക ചരിത്രം നമ്മുടെ പഞ്ചായത്തിനുണ്ട്. 12-ാം നൂറ്റാണ്ടിൽ മലയരയന്മാരും കോയ്ക്കന്മാർ എന്നറിയപ്പെട്ടിരുന്ന ഒരു ജനവിഭാഗവും പുല്ലകയാറ്റിന്റെ ഇരുകരകളിലുമായി., കൂട്ടയ്ക്കൽ കേന്ദ്രമാക്കി അധിവസിച്ചിരുന്നു. കൂട്ടിയ്ക്കൽ പ്രദേശം പന്തളം രാജകുടുംബത്തിന്റെ അധീനതയിലായിരുന്നു. യുദ്ധത്തിൽ പരാജയപ്പെട്ടു തമിഴ് നാട്ടിൽ നിന്നും പ്രാണരക്ഷാർത്ഥം പലായനം ചെയ്ൽ പന്തളം രാജാവിനെ അഭയം പ്രാപിച്ച ഒരു രാജകുടുംബത്തിന് പുഞ്ഞാർ കേന്ദ്രമാക്കി വിപുലമായ ഒരു ഭൂപ്രദേശത്തിന്റെ ഭരണാധികാരം രാജാവു നല്കി. അങ്ങിനെ ഈ പ്രദേശം പുഞ്ഞാർ രാജകുടുംബത്തിന്റെ ഭരണത്തിൽ കീഴിലായി.1850 ാം മാണ്ടോടുകൂടി കൂട്ടിയ്ക്കലെത്തിയ യൂറോപ്യന്മാരായ ക്രിസ്ത്യൻ മിഷനറിമാർ അന്നിവിടെയുണ്ടായിരുന്ന ജനവിഭാഗങ്ങളെ ക്രിസ്തുമതത്തിലേക്കു മതപരിവർത്തനം ചെയ്യുകയും അങ്ങനെ മതപരിവർത്തനം നടത്തിയവരെ പാർപ്പിക്കുന്നതിനായി മിഷനറിമാർ പുഞ്ഞാർ രാജകുടുംബത്തിൽ നിന്നും ഈ പ്രദേശം ഏറ്റെടുക്കുകയും ചെയ്തു. ഇവരുടെ ആരാധനാ സൗകര്യത്തിനായി 1852-ൽ കൂട്ടിയ്ക്കൽ ചപ്പാത്തിനടുത്തുള്ള C.S.I ദേവാലയം സ്ഥാപിതമായി.

മതമൈത്രിയുടെ പ്രതീകമെന്നോണം ഹിന്ദുക്കളും മുസ്ലീംങ്ങളും ക്രിസ്ത്യാനികളും സമഭാവനയോടെ കഴിഞ്ഞു പോരുന്ന അതി പുരാതനമായ ഗ്രാമമാണ് കൂട്ടിയ്ക്കൽ.കൂട്ടിയ്ക്കൽ സെൻറ് ജോർജസ് ഹൈസ്ക്കൂൾ ഗ്രൗണ്ട് ലവൽ ചെയ്തപ്പോൾ ഉദ്ദേശം എട്ടടി താഴ്ചയിലായി, ആറടി ഉയരവും നാലടി വ്യാസവുമുള്ള നിരവധി വൻഭരണികൾ കണ്ടെത്തുകയുണ്ടായി. ഇതും ഈ പ്രദേശത്തിന്റെ പ്രാചീനതയിലേയ്ക്കു വിരൽ ചൂണ്ടുന്നു. ക്രിസ്ത്യൻ മിഷനറിമാരുടെ വരവോടുകൂടി ഈ പ്രദേശത്തിന്റെ ഭൂപ്രകൃതിയും ഫലപുഷ്ടിയും മനസ്സിലാക്കിയ വിദേശികൾ ഇവിടെ എത്തി റബ്ബർത്തോട്ടങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഇങ്ങനെ യൂറോപ്യന്മാരാൽ ആരംഭിച്ച റബ്ബർത്തോട്ടങ്ങളാണ് താളുങ്കൽ എസ്റ്റേറ്റും ജെ.ജെ.മർഫിയുടെ ഏന്തയാർ എസ്റ്റേറ്റും. അന്നു ലഭ്യമായ ഭൂവിഭാഗങ്ങളിൽ ഏറ്റവും ഫലഭൂയിഷ്ഠവും താഴ്ന്നതുമായ പ്രദേശങ്ങളാണ് അവർ റബ്ബർ കൃഷിക്കായി തെരഞ്ഞെടുത്തത്. തോട്ടങ്ങളിലെ ജോലിക്കായി തീരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന്മലയാളികളും തമിഴ് നാട്ടിൽ നിന്ന്തമിഴരും കർണ്ണാടകത്തിൽ നിന്ന് കന്നടിയന്മാരും ഇവിടെ എത്തുകയും കാലാന്തരത്തിൽ അവർ ഈ നാട്ടുകാരായിത്തീരുകയും ചെയ്തു.

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടിാണ് ഇന്നാട്ടിലേക്ക് കർഷകരുടെ കുടിയേറ്റം ആരംഭിച്ചത്. മീനച്ചിൽ താലൂക്കിന്റെ വിവിധ പ്രദേശങ്ങളായ പാല, പൂവരണി, ഇടമറ്റം, കപ്പാട്, ഈരാറ്റുപേട്ട, പുഞ്ഞാർ, കാഞ്ഞിരപ്പള്ളി എന്നീ പ്രദേശങ്ങളിൽ നിന്നുമാണ് കൂടുതൽ കർഷകരും കുടിയേറിയത്.തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് അനുയോജ്യമല്ലാത്തതിനാൽ യൂറോപ്യന്മാർ മാറ്റിയിട്ടിരുന്നതും ഹരിപ്പാട് എസ്.കൃഷ്ണയ്യരെപ്പോലു

ള്ള ജന്മിമാരുടെ കൈവശത്തിലിരുന്നതുമായ കുന്നിൻ പദേശങ്ങളാണ് ഇവർക്കു കൃഷി ചെയ്യാൻ ലഭിച്ചത്. കാവാലി, പ്ലാപ്പള്ളി, പറത്താനം, ചാത്തൻ പ്ലാപ്പള്ളി, മൂണ്ടപ്പള്ളി, ഒളയനാട്, ഞർക്കാട്,കൂന്നാട്, കൊടുങ്ങാ, വല്ല്യേന്ത, മേലേത്തടം,മ്ലാക്കര, മുപ്പത്തൊൻ പത് എന്നിവയാണ് ആ പ്രദേശങ്ങൾ.

പുല്ലകയാറ്, കൊക്കയാറ്, താളുങ്കൽ തോട് എന്നീ മൂന്നു പുഴകൾ ത്രിവേണീ സംഗമംപോലെ കൂട്ടിച്ചേരുന്ന ഈ പ്രദേശത്തിന് 'കൂട്ടി'എന്നു പേരുണ്ടായി. കാലാന്തരത്തിൽ 'കൂട്ടിയിൽ' എന്ന പദപ്രയോഗം 'കൂട്ടിയ്ക്കൽ' എന്നു രൂപാന്തരപ്പെട്ടു.

യൂറോപ്യന്മാരാൽ സ്ഥാപിതമായ താളുങ്കൽ എസ്റ്റേറ്റിന്റെ പ്രകൃതിഭംഗിയിൽ ആകൃഷ്ടരായ സായ്പന്മാർ ഇംഗ്ലണ്ടിലെ ഒരു സുഖവാസ കേന്ദ്രമായ 'കൂട്ടിക്കുൾ' എന്ന പ്രദേശത്തെ അനുസ്മരിച്ചുകൊണ്ട് ഈ എസ്റ്റേറ്റിന് 'കൂട്ടിക്കൾ' എന്നു പേരു നല്കിയെന്നും ഈ കൂട്ടിക്കൾ രൂപാന്തരം വന്നാണ് കൂട്ടിയ്ക്കൽ എന്നായിത്തീർന്നതെന്നും മറ്റൊരു അഭിപ്രായവും നിലവിലുണ്ട്.

പറത്താനം, കൂട്ടിയ്ക്കൽ, ഏന്തയാർ, ഇളംകാട്, കാവാലി എന്നീ പ്രദേശങ്ങളിലായി ആറ് ക്രിസ്ത്യൻ ദേവലയങ്ങളും കൂട്ടിയ്ക്കൽ ഏന്തയാർ എന്നീ പ്രദേശങ്ങളിലായി രണ്ട് മുസ്ലീം ദേവാലയങ്ങളും, താളുങ്കൽ, ചാത്തൻ പ്ലാപള്ളി, പ്ലാപ്പള്ളി, ഏന്തയാർ, കൊടുങ്ങാ, വല്ല്യേന്ത, മ്ലാക്കര , ഇളംകാട് എന്നീ പ്രദേശങ്ങളിലായി എട്ട് ഹൈന്ദവദേവാലയങ്ങളും, കൂട്ടിയ്ക്കലിൽ ഒരു ഗുരുമന്ദിരവും നിലവിലുണ്ട്.

ഭൂപ്രകൃതിയും വിഭവങ്ങളും

ഈ പഞ്ചായത്ത് പൊതുവേ കുന്നുകളും മലഞ്ചെരുവുകളും ഉൾപ്പെട്ടതാണ്. പറത്താനം മല, കാവാലി മല, പ്ലാപ്പള്ളിമല, മുതുകോരമല, കട്ടുപ്പാറമല, മാത്തുമല, കളത്വാമല,തോണ്ടാൻ കളരി മല, മേലേത്തടം മല, നെല്ലിക്കൽ മല, മൂപ്പൻ മല, മ്ലാക്കരമല, ചൊറുതമല എന്നീ മലകളും അവയ്ക്കിടയിൽ സ്ഥിതിചെയ്യുന്ന ഇടുങ്ങിയ താഴ്വരകളും ഉൾപ്പെട്ടതാണ് ഈ പ്രദേശം. ഇവിടെ ചതുപ്പുനിലങ്ങളോ സമതലങ്ങളോ ആപൂർവ്വമാണ്. മലമുകളിലുള്ള നീരുറവകളിൽ നിന്ന് ആറ്റിലും തോട്ടിലും കൂടിയാണ് കുടിവെള്ളം ഒഴുകിയെത്തുന്നത്. പ്രധാനമായും ഇവടെയുള്ള നീരോഴുക്കുകൾ താഴെപ്പറയുന്നവയാണ്. ഈ പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുള്ള അമൃതമേട്ടിൽ നിന്നും ഉത്ഭവിച്ചു തെക്കുകിഴക്കേ അതിർത്തിയിലൂടെ പടിഞ്ഞാറോട്ടൊഴുകി മുണ്ടക്കയത്തുവച്ച് മണിമലയാറുമായി സന്ധിക്കുന്ന പുല്ലകയാറാണ് ഈ പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്. പാലുവരയിൽ നിന്നും ഉത്ഭവിച്ചൊഴുകുന്ന മ്ലാക്കരത്തോടും, കോലാഹല മേടിന്റെ ചെരുവിൽ നിന്നും ഉത്ഭവിച്ച് മേലേത്തടത്തിലൂടെ ഒഴുകിയെത്തുന്ന വല്ല്യേന്തത്തോടും, തോണ്ടാംകളരി മലയിൽ നിന്നും ഉത്ഭവിച്ചൊഴുകുന്ന കൊടുങ്ങാതോടും ചൊറുതമലയിൽ നിന്നും ഉത്ഭവിച്ച് കൊടുങ്ങാക്ഷേത്രത്തിനു സമീപം വച്ച് കൊടുങ്ങാതോടുമായി സന്ധിക്കുന്ന ചൊറുതത്തോടും, ഇളംകാടു ബസ്സ്റ്റാൻഡിനു സമീപം വച്ച് പുല്ലകയാറുമായി സന്ധിക്കുന്നു. കട്ടുപ്പാറമലയിൽ നിന്നും ഉത്ഭവിച്ച് ഒഴുകിയെത്തുന്ന ഞർക്കാട് തോട് ഏഴേക്കർ ഭാഗത്തു വച്ചും, ചാത്തൻ പ്ലാപ്പള്ളി വാർഡിലൂള്ള ഏഴുവലരിത്തോടുകൾ മുണ്ടപ്പള്ളിയിൽ സന്ധിച്ച് ഒഴുകിയെത്തുന്ന മുണ്ടപ്പള്ളിത്തോട് ഏന്തയാർ വേളാങ്കണ്ണിപ്പള്ളിക്കു സമീപം വച്ച് പുല്ലകയാറുമായി സന്ധിക്കുന്നു. പ്ലാപ്പള്ളിയിൽ നിന്നും, ആനക്കുഴിയിൽ നിന്നും വെള്ളൂർ മലയിൽ നിന്നും ഉത്ഭവിക്കുന്ന കൈത്തോടുകൾ താളുങ്കൽ എസ്റ്റേറ്റിലൂടെ ഒഴുകി കൂട്ടിയ്ക്കൽ ടൗണിൽ വച്ച് പുല്ലകയാറിനോടു സന്ധിക്കുന്നു. വെല്ലീറ്റ ഭാഗത്തു നിന്നും ഉത്ഭവിച്ച് പൂച്ചക്കല്ലു പാലത്തിനു സമീപം വച്ച് പുല്ലകയാറുമായി സന്ധിക്കുന്ന വെല്ലീറ്റത്തോടുമാണ് ഈ പഞ്ചായത്തിലുള്ളത്.

ഈ പഞ്ചായത്തിൽ പ്രകൃതി ദത്തമായ കുളങ്ങൾ ഒന്നും തന്നെയില്ല. ആകെയുള്ള ഒരു കുളം പറത്താനത്തുള്ളതാണ്. ഇതുകൂടാതെ പ്ലാപ്പള്ളി, ചാത്തൻ പ്ലാപ്പള്ളി, മാത്തുമലഹൈഡ്രോബ് മല ഞർക്കാട്, മേലേത്തടം, ഇളംകാട് ടോപ്പ് എന്നീ സ്ഥലങ്ങളിൽ പഞ്ചായത്തിൽ നിൻും നിർമ്മിച്ച ചെറിയവാട്ടർ ടാങ്കുകൾ ഉണ്ട്. എന്നാൽ ഇവയിൽ നിന്നൊന്നും ഈ പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ കുടിവെള്ളം ലഭിക്കുന്നില്ല. ഈപഞ്ചായത്തിലെ പ്രദേശങ്ങളെല്ലാം മലനാട്ടിൽ (High land)പെട്ടതാണ്. കുന്നിന്റെ മുകൾ ഭാഗങ്ങളെല്ലാം പാറക്കെട്ടുകൾ നിറഞ്ഞതും ഫലഭൂഷ്ടിയില്ലാത്ത ആഴംകുറഞ്ഞ മണ്ണോടുകൂടിയതുമാണ്. കുന്നിൻ ചെരുവുകളിൽ ഭൂരിഭാഗവും പാറക്കൂട്ടങ്ങളും ഒറ്റക്കല്ലുകൾ നിറഞ്ഞതും കുറേകൂടി ഫലപുഷ്ടിയുള്ള മണ്ണുമാണ്. മലകളുടെ ഇടയിലുള്ള ചെറുതാഴ്വരകളിൽ ഒറ്റക്കല്ലുകൾ ഉണ്ടെങ്കിലും ഫലഭൂയിഷ്ഠമായ മണ്ണോടുകൂടിയവയാണ്. ഇവിടെയുള്ള കുന്നിൻ ചരിവുകളിൽ നിന്നും സാർവ്വത്രീകമായി ഉരുൾപൊട്ടലും മണ്ണൊലിപ്പും

ഉണ്ടാ കുന്നു. വെള്ളപ്പൊക്കക്കെടുതികളും കൊടുങ്കാറ്റും ഇവിടെ സാധാരണമാണ്. കൂടാതെ വേനൽ ക്കാലത്ത് ഭയാനകമായ ജനുവരിക്കാറ്റുവീശാറുണ്ട്.

ഈ പഞ്ചായത്തിലെ പ്രധാന കൃഷി റബ്ബറാണ്. ഏതാണ്ട് മുപ്പതു വർഷങ്ങൾക്കു മുമ്പുവരെ യൂറോപ്യന്മാരുടെ എസ്റ്റേറ്റുകൾ ഴിച്ചുള്ള പ്രദേശങ്ങളിൽ തെങ്ങ്, കമുക്, കുരുമുളക്,കാപ്പി എന്നിവയായിരുന്നു പ്രധാന കൃഷി. റബ്ബർത്തോട്ടങ്ങളെപ്പോലെ തോയില ത്തോട്ടങ്ങളും ഉണ്ടായിരുന്നു. ഇപ്പോൾ തെങ്ങ്, കമുക്, കുരുമുളക്, കാപ്പി തുടങ്ങിയവ വീട്ടു വളപ്പിൽ മാത്രമുള്ള കൃഷിയായി ചുരു ങ്ങിയിരിക്കുന്നു. ഭക്ഷ്യവിളകളും പച്ചക്കറികളും ചുരുങ്ങിയ തോതിലേ കൃഷിചെയ്തു വരുന്നുള്ളു.

കാലാവസ്ഥ

1988 മുതൽ '93 വരെ ശാരാശരി പെയ്ത മഴ 3000 മില്ലീമീറ്ററാണ്. ശരാശരി ഊഷ്മാവ് 27.15 ഡിഗ്രി സെൽഷ്യസാണ് ഇവിടെ അനുഭവപ്പെടുന്നത്. ജനുവരി മുതൽ മേയ് വരെ വേനൽക്കാലം,ജൂൺ മുതൽ ഓഗസ്റ്റുവരെ കാലവർഷം, ഒക്ടോബർ മുതൽ നവംബർ വരെ തുലാവർഷം, നവംബർ ഡിസംബർ എന്നീമാസങ്ങൾ തണുപ്പുകാലവുമാണ്. കാലവർഷമാണ് കൂടുതൽ ലഭിക്കുന്നത്. വേനൽക്കാലത്ത് ചില വർഷങ്ങളിൽ വേനൽ മഴ കിട്ടാറുണ്ട്. എന്നാൽ ഈ വേനൽ മഴകൊണ്ട് കൃഷികൾക്ക് അല്പം ഗുണം കിട്ടുമെങ്കിലും ജലക്ഷാമത്തിന് യാതൊരുതിയും കിട്ടാറില്ല. ■

****
****



കൃഷിയും - ജലസേചനവും ചരിത്ര പശ്ചാത്തലം

ഈ പഞ്ചായത്തിന്റെ ആദ്യകാല ചരിത്രം ആമുഖത്തിൽ പറയുന്നുണ്ടല്ലോ. അതിനാൽ കേവലം കാർഷിക രംഗത്തുണ്ടായ മാറ്റങ്ങളെപ്പറ്റി മാത്രം ഒന്നു പ്രതിപാദിക്കാം. ആദ്യകാലങ്ങളിൽ ഈ പ്രദേശത്തെ താഴ്വര ഭൂമിയ്ൽ 1000 അടിക്കു താഴെയുള്ള, തെരഞ്ഞെടുക്കപ്പെട്ട, ഫലഭൂയിഷ്ഠമായ ഭൂമിയിൽ റബ്ബറും, അതിനു മുകളിൽ ഉയരമുള്ള പ്രദേശങ്ങളിൽ തേയിലയുമാണ് യൂറോപ്യന്മാർ കൃഷിചെയ്തത്. ആദ്യകാലങ്ങളിൽ റബ്ബർ കൃഷിക്കുവേണ്ടി തെരഞ്ഞെടുക്കപ്പെടാത്ത ഭൂമി മാത്രമാണ് കൃഷിക്കാർക്കു ലഭിച്ചത്. കുടയേറ്റ കൃഷിക്കാർ തങ്ങളുടെ പരമ്പരാഗതമായ തെങ്ങ്, കമുക്, കുരുമുളക്,കാപ്പി,ഭക്ഷ്യവിളകൾ,പ്ലാവ്,മാവ് തുടങ്ങിയ ഫല വൃക്ഷങ്ങളും കൃഷി ചെയ്തു വന്നു. കുറെ പേരെങ്കിലും റബ്ബർ, തേയില കൃഷികളിൽ ഏർപ്പെട്ടു. 1950-51 വരെ ഈ നില തുടർന്നു.

ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം, ബ്രട്ടീഷുകാരായ സായ്പന്മാർ,പടിപടിയായി തങ്ങളുടെ എസ്റ്റേറ്റുകൾ നാട്ടുകാരായ മുതലാളിമാർക്ക് വിറ്റു. തുടർന്ന് കൂട്ടിയ്ക്കൽ എസ്റ്റേറ്റും (ഇപ്പോൾ താളുങ്കൽ എസ്റ്റേറ്റ് എന്നും അറിയപ്പെടുന്നു). ഏന്തയാർ എസ്റ്റേറ്റും ചെറുതുണ്ടുകളായി വിഭജിക്കപ്പെടുകയുണ്ടായി. അതുപോലെതന്നെ, ഏന്തയാറിന് കിഴക്കുള്ള പൂവരണി ദേവസ്വം വക വസ്തുക്കളും ചെറുകിട കൃഷിക്കാരുടെ കൈവശത്തിൽ എത്തിക്കഴിഞ്ഞു.

ഇന്ന് സാർവ്വത്രീകമായ കാണുന്ന ബഡ് റബ്ബർ കൃഷി ആദ്യമായി ഇന്ത്യയിൽ ആരംഭിച്ചത് ഏന്തായാർ എസ്റ്റേറ്റുടമായ മി.ജോൺ മർഫി എന്ന സായ്പാണ്. നമ്മുടെ പഞ്ചായത്തിന് ഈ ഖ്യാതി നേടിത്തന്ന മഹാനോട് ആദരവു സൂചിപ്പച്ചുകൊണ്ട് ഈ ചരിത്ര പശ്ചാത്തലം അവസാനിപ്പിക്കട്ടെ.

ഭൂപ്രകൃതി

മലകൾ ഒന്നോടൊന്ന് അടുക്കി ചേർത്ത് വച്ചിരിക്കുന്ന രീതിയിലാണ് ഈ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും. മലകളും അതിനിടയിലുള്ള വളരെ വീതികുറഞ്ഞ താഴ്വരകളും അതിലൂടെ ഒഴുകുന്ന തോടുകളും ഒരു പുഴയുമാണ് ഈ പ്രദേശത്ത് കാണുന്നത്. ഇവിടുത്തെമണ്ണ് മുഴുവൻ മലമ്പ്രദേശ മണ്ണാണ്. ഫലഭൂയിഷ്ഠതയുടെ അടിസ്ഥാനത്തിൽ ഇതിനെ മൂന്നായി തിരിക്കാം.

1.കുന്നിന്റെ മുകളിലെ മണ്ണ് :

ഇത് പാറക്കെട്ടുകളുടെ ഇടയിലുള്ള ആഴം കുറഞ്ഞതും ഫലപുഷ്ടി ഇല്ലാത്തതുമായ മണ്ണ്.

2.ചെരിവു തലങ്ങളിൽ :

ഇത് താരതമ്യേന ഫലഭൂയിഷ്ഠമാണ് എങ്കിലും പാറകളും ഒറ്റക്കല്ലുകളും ധാരാളമായി കാണുന്നു.

3.അടിവാരങ്ങൾ :

വളരെ ഫലഭൂയിഷ്ഠമാണ് എങ്കിലും ഈ പ്രദേശങ്ങൾ പൊതുവേ തൊട്, റോഡ്, വാസ സ്ഥലങ്ങൾ എന്നിവയ്ക്ക് ഉപയോഗിക്കുന്നതിനാൽ കൃഷിക്ക് വളരെ കുറച്ചേ ഉപയുക്തമാകുന്നു ള്ളു.

ഭൂവിനിയോഗം : ഈ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള ഭൂമിയുടെ വിസ്തൃതി താഴെ ചേർക്കുന്നു.

മൊത്തം വിസ്ത്രീർണ്ണം : 4120 ഹെക്ടർ

പുറമ്പോക്ക്, വനം, തോട്, റോഡ്	:	597
കൃഷിഭൂമി	:	3523

ഈ കൃഷി ഭൂമിയിൽ തന്നെ വാസസ്ഥലങ്ങൾക്കുവേണ്ടി ഏതാണ്ട് 50 ഹെക്ടർ ഉപയോഗിക്കുന്നതായി കണക്കാക്കാം. കൃഷിക്ക് ഉപയുക്തമല്ലാത്ത പാറക്കെട്ടുകളുടെ വിസ്തൃതിയും ഏതാണ്ട് 100 ഹെക്ടറോളും വരും. അങ്ങിനെ നോക്കുമ്പോൾ കൃഷിക്കുപയുക്തമായ 3383 ഹെക്ടർ ഭൂമി ലഭ്യമായിട്ടുള്ളു എന്നു കാണാം.

വിളചേരുവ

മുൻ ഖണ്ഡികകളിൽ വിവരിച്ചതുപോലെ കാർഷിക സമ്പ്രദായങ്ങളും വിളചേരുവകളും വലിയ ഏറ്റക്കുറച്ചിൽ ഇല്ലാതെ 1960-61 കാലം വരെ നിന്നിരുന്നു. ഈ കാലയളവിൽ കുടിയേറ്റകൃഷിക്കാരിൽ കുറെപ്പേർ കൂടെ റബ്ബർ കൃഷിയിൽ വ്യാപൃതരായി 1960-61 കാലഘട്ടത്തിലെ വിളചേരുവയുടെ ഏകദേശം വിസ്ത്രൃതിയുടെ കണക്ക് ചുവടെ ചേർക്കുന്നു.

കൃഷികൾ	എസ്റ്റേറ്റുകൾ	ചെറുകിട കർഷകർ
പ്ലാന്റേഷൻ (റബ്ബർ,തേയില)	30%	10%
കുരുമുളക്,കാപ്പി ഏലം,ഇഞ്ചി,മഞ്ഞൾ.. തെങ്ങ്,കമുക്	3%	12%
മറ്റുഫല വൃക്ഷങ്ങൾ		15%
ഭക്ഷ്യവിളകൾ		20%
തരിശു ഭൂമികൾ		10%

എന്നാൽ ഭക്ഷ്യവിളകൾക്കുണ്ടായ ഉത്പാദനകുറവും വിലകുറവും കൃഷിക്കാരെ ഈ രംഗത്തു നിന്ന് പടിപടിയായി മാറ്റിക്കൊണ്ടിരുന്നു. തെങ്ങ്,കമുക് വൃക്ഷങ്ങൾക്കുണ്ടായ വ്യാപകമായ രോഗങ്ങൾ (കാറ്റുവീഴ്ച,മാഹാളി രോഗങ്ങൾ) കൃഷിക്കാരെ ഈ കൃഷിയുടെ വ്യാപാനത്തിൽ നിന്നും പിൻ തിരിപ്പിച്ചുകൊണ്ടിരുന്നു. ഈ കാലഘട്ടത്തിൽ റബ്ബറിന്റെ ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും ഉണ്ടായ കുതിച്ചുകയറ്റവും ഇക്കാര്യത്തിനുവേണ്ടി റബ്ബർ ബോർഡിന്റെ വ്യാപകമായ ബോധവൽക്കരണവും സാമ്പത്തിക പ്രേരണയും എല്ലാം കൂടി ഒത്തു ചേർന്നപ്പോൾ കൃഷിക്കാർ മുൻപിൻ നോക്കാതെ റബ്ബർ കൃഷിയിലേക്ക് ഒരു എടുത്തുചാട്ടം (leap forward) തന്നെ നടത്തുകയുണ്ടായി. ഇതിന്റെ ഫലമായി ഇന്നത്ത വിളചേരുവയുടെ വിവരം താഴെ പറയുന്ന പ്രകാരമാണ്.

റബ്ബർ കൃഷി :	2756
തേയില:	65
തെങ്ങ്,കമുക്,കശുമാവ് ,കുരുമുളക്, കാപ്പി,കൊക്കോ തുടങ്ങിയ ഇടകലർന്നു കൃഷിചെയ്യുന്ന സ്ഥലങ്ങൾ:	550
ഭക്ഷ്യവിളകൾ,കിഴങ്ങു വർഗ്ഗങ്ങൾ,വാഴ, ഇഞ്ചി,മഞ്ഞൾ തുടങ്ങിയവ	102
സുഗന്ധ വ്യജ്ഞനങ്ങൾ:	50
	3523 ഹെ.
തരിശു ഭൂമികൾ,ഉപയോഗമില്ലാത്ത പാറകൾ:	188
വനം :	409

ഈ പഞ്ചായത്തിലെ ഭൂമികൾ സമുദ്രനിരപ്പിൽ നിന്നും 300-800മീറ്റർ ഉയരത്തിൽ ഉള്ളവയാണ്. റബ്ബർ കൃഷി ചെയ്തിരുക്കുന്ന സ്ഥലങ്ങളിൽ ഇടയിലായി ആണ് തെങ്ങും കമുകും മറ്റും കാണുന്നത്. പൊതുവേ പറഞ്ഞാൽ റബ്ബർ ഒഴിച്ചുള്ള മിക്ക കൃഷികളും ഇടവിളയായോ വാസസ്ഥലങ്ങളോട് ചേർന്നുള്ള കുടിയിടങ്ങളിലോ ആണ് കാണുന്നത് .

ഉത്പാദനക്ഷമത

റബ്ബറിനെ സംബന്ധിച്ചിടത്തോളം ശരാശരിയിൽ താഴ്ന്ന ഉത്പാദനക്ഷമതയാണ് കാണുന്നത്. മറ്റു കൃഷികളുടെ കാര്യത്തിലും വളരെ പിന്നോക്കമാണ്. ശരിയായ മണ്ണു സംരക്ഷണ ജോലികളുടെ അഭാവത്തിൽ മേൽ മണ്ണ് ഒഴുകിപ്പോവുകയും, മണ്ണിന്റെ ജലസംഭരണ ശേഷി വളരെയേറെ നഷ്ടപ്പെടുകയും ചെയ്യുന്നതാണ് ഈ ദുസ്ഥിതിക്കു കാരണം. ഇപ്പോഴത്തെ ഉല്പാദനം താഴെപറയുന്ന രീതിയിലാണ്.

റബ്ബർ	:	1000 കി/ഹെക്ടർ
തെങ്ങ്	:	20-25/തെങ്ങൊന്നിന്
കമുക്	:	1 കി/മരം ഒന്നിന്
കുരുമുളക്	:	1/2 കി. 1 ചെടി
കാപ്പി	:	1/4 കി/ 1 ചെടി
ഭക്ഷ്യവിളകൾ, കിഴങ്ങുവർഗ്ഗങ്ങൾ മറ്റു സസ്യങ്ങൾ	:	കൃത്യമായ കണക്കു ലഭ്യമല്ല.

ജനസേചനസൗകര്യം

വളരെ കുറച്ച് ആളുകൾ മാത്രമെ ജലസേചന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നുള്ളു. പൊതുവെ പറഞ്ഞാൽ മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷി സമ്പ്രദായമാണ് ഇവിടെ നിലനിൽക്കുന്നത്. വേനൽകാലത്ത് കുടിവെള്ളത്തിനുപോലും ക്ഷാമം അനുഭവപ്പെടുന്ന ഒരു പ്രദേശത്ത് ജനസേചനം നടത്തുക ബുദ്ധിമുട്ടുള്ള ഒരു കാര്യമാണല്ലോ? വർഷകാലത്ത് ധാരാളം വെള്ളം ലഭിക്കുന്നുണ്ടെങ്കിലും നിമ്നോന്നതങ്ങളായ ഭൂമി ആകയാൽ പെയ്ത്തു വെള്ളം അപ്പാടെ ഒഴുകി പൊവുന്നതായാണ് കാണുന്നത്.

ഇവിടെയുള്ള ജലസ്രോതസ് പുല്ലകയാർ(മണിമലയാറിന്റെ പോഷകനദി) എന്ന പുഴയും 9 തോടുകളുമാണ്. ഇവയിൽ ഒന്നു രണ്ട് തോടുകൾ ഒഴികെ. മിക്കവാറും വേനൽ കാലത്ത് വറ്റി പോവുകയും ചെയ്യുന്നു. 10-15 വർഷം മുമ്പുവരെ ഈ തോടുകളിലും, പുഴയിലും പന്ത്രണ്ടുമാസവും നീരോഴുക്ക് ഉണ്ടായിരുന്നു. എന്നു മാത്രമല്ല വേനൽക്കാലത്തുപോലും 10-12 അടി താഴ്ച്ചയിൽ കൂടുതൽ വെള്ളമുള്ള ധാരാളം കയങ്ങൾ ഉണ്ടായിരുന്നു. ആറ്റു പുറമ്പോക്കുകൾ വെട്ടി തെളിച്ച് കൃഷിയിടങ്ങൾ (പ്രത്യേകിച്ചു റബ്ബർ) ആക്കുകയും ആറ്റിലെ മണൽ വിവേചനമില്ലാതെ വാരുകയും, ആറ്റിലും തോട്ടിലുമുള്ള പാറക്കല്ലുകളും മറ്റും വെടി വെച്ച് പൊട്ടിക്കുകയും മറ്റും ചെയ്തതിന്റെ ഫലമായി ഈ കയങ്ങളും മറ്റ് നീരുറവകളും തീർത്തു വറ്റിപോകുന്ന സ്ഥിതിയാണുള്ളത്. അതുപോലെ തന്നെ ഈ ജലസ്രോതസ്സുകളുടെ ഉറവിടങ്ങളായ മലപ്രദേശങ്ങളിൽ പ്രത്യേകിച്ചും മുപ്പൻ മല പോലുള്ള പ്രദേശങ്ങളിൽ നിന്നും വൃക്ഷലതാദികൾ ക്രമേണ നശിച്ചുപോവുകയാൽ മണ്ണിന്റെ ജലസംഭരണ ശേഷി തീർത്തും നഷ്ടപ്പെട്ടു.തത്ഫലമായി നീരുറവകൾ ജനുവരി-ഫെബ്രുവരി ആകുമ്പോഴേക്കും തീർത്തും വറ്റുന്നതായാണ് കാണുന്നത്. ആകയാൽ തീർത്തും ശാസ്ത്രീയമായ ഭൂവിനയോഗവും, മണ്ണുസംരക്ഷണജോലികളും, ആവരണചെടികളുടെ വ്യാപനത്തിനും, വനസംരക്ഷണത്തിനും വേനൽക്കാലങ്ങളിൽ തീയിടുന്നത് നിരോധിക്കുന്നതിനും ഉപയുക്തമായ ഒരു സമഗ്രപാക്കേജ് പദ്ധതിക്ക് രൂപം കൊടുത്തില്ലെങ്കിൽ ജനസേചനത്തിനെന്നല്ല കുടിവെള്ളത്തിനുപോലും അന്യ പഞ്ചായത്തുകളെയോ, ഭൂപ്രദേശങ്ങളെയോ സ്ഥിരമായി ആശ്രയിക്കേണ്ട ഗതികേടിലേയ്ക്കാണ് നമ്മൾ നീങ്ങുന്നത്.

നിലവിൽ ഈ പഞ്ചായത്തിൽ ജനസേചനത്തിനു വേണ്ടി വലിയ പദ്ധതികൾ ഒന്നും രൂപ കല്പന ചെയ്യുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല. ആകെയുള്ളവ താഴെ കൊടുക്കുന്നു.

1. പുല്ലഗയാറ്റിൽ കൂട്ടക്കിൽ ഭാഗത്ത് ഒരു ചെക്കു ഡാം (പണി പൂർത്തിയായിട്ടില്ല)	കിട്ടാവുന്ന ജലം	നിർമ്മാണചിലവ് 9 ലക്ഷം
2. പറത്താനം ഭാഗത്ത് ഒരു കുളം	ഫെബ്രുവരി-മാർച്ചു വരെ	
3. കിണറുകൾ (കർഷകർക്ക് വിവിധ സ്കീമുകളിൽ പെടുത്തിക്കൊടുത്തിട്ടുള്ളതും കൃഷിക്കാർ തന്നെ ജനസേചനത്തിനും കുടി വെള്ളത്തിനും ഉപയോഗിക്കുന്നതും)	50% കിണറുകളും ഫെബ്രുവരിയോടെ വറ്റിപ്പോകുന്നു.	ശരാശരി 15000 രൂപാ
4. കുഴൽ കിണറുകൾ	30-40% കിണറുകളും പരാജയപ്പെടുന്നതായി കാണുന്നു.	ശരാശരി 20,000 രൂപ.

ഉത്പന്നങ്ങളുടെ വിപണനം

പ്രധാന ഉത്പന്നം റബ്ബറാണ്. അത് വിറ്റഴിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല. എങ്കിലും ഒരു പൊതു മാർക്കറ്റ് ഇല്ലാത്തതിനാൽ ഏതെല്ലാം ഉത്പന്നങ്ങൾ നമ്മുടെ നാട്ടിൽ ലഭ്യമാണെന്ന് ഉപഭോക്താക്കൾക്കും ഉള്ള ഉത്പന്നങ്ങൾക്ക് ഡിമാൻറുണ്ടോ എന്ന് ഉത്പാദകർക്കും നിശ്ചയമില്ല. അതിനാൽ കാർഷികോൽപാദനത്തിനുള്ള സമഗ്ര പദ്ധതികൾക്ക് രൂപം കൊടുക്കുന്നതോടൊപ്പം വിപണന സൗകര്യത്തിനായി ഒരു പൊതു മാർക്കറ്റും അനിവാര്യമായി സ്ഥാപിക്കേണ്ടതാണ്.

കാർഷിക ബന്ധങ്ങൾ

നിലവിലുള്ള ഭൂമിയുടെ വിതരണ തോത് ചുവടെ ചേർക്കുന്നു.

	പുരുഷന്മാർ	സ്ത്രീകൾ
റബ്ബർ ടാപ്പിംഗ് തൊഴിലാളികൾ	60/-	60/-
സാധാരണ കാർഷക തൊഴിലാളി	60 - 75	40-50
വൈദഗ്ദ്യം ആവശ്യമുള്ള കർഷകതൊഴിലാളികൾ	100-125	60-75
നിർമ്മാണതൊഴിലാളികൾ	80-100	60-75
ആശാരി,മേസ്തിരി	125-150	ഇല്ല

മിക്ക ജോലികൾക്കും (കയ്യാല വയ്പ്, നിർമ്മാണ പ്രവർത്തനങ്ങൾ) മുതലായവയ്ക്ക് ഉടമ്പടി (piece work contract) വ്യവസ്ഥയാണ്. അതിൻെറ നിരക്ക് സ്ഥലകാല ബന്ധങ്ങളെ ആശ്രയിച്ചാണ് തീരുമാനിക്കുന്നത്.

	ഭൂഉടമസ്ഥർ	വിസ്തീർണ്ണം
1. നാമ മാത്ര കൃഷിക്കാർ (1 ഹെക്ടറിൽ താഴെ)	3554	730.00
2. ചെറു കിട കൃഷിക്കാർ (1 -2ഹെക്ടർ)	930	1175.00
3. വൻകിട കൃഷിക്കാർ (2 ന് മുകളിൽ)	207	1618.00
		3523.00

മേൽ വിവരിച്ച കണക്കുകളിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. ഈ നാമമാത്രകൃഷിക്കാരുടെ ശരാശരി 0.20 ഹെക്ടർ (50 സെൻറ്) ആണ്. ഈ ശരാശരിയിൽ താഴെയുള്ളവരാണ് ബഹുഭൂരിപക്ഷവും. കേവലം പാർപ്പിടവും അതോട് ചേർന്നുള്ള വളരെ ചെറിയ പുരയിടവുമാണ് മിക്ക കൃഷിക്കാർക്കും ഈ കർഷകരാകട്ടെ തങ്ങളുടെ നാമമാത്ര ഭൂമിയിൽ തെങ്ങ്, റബ്ബർ, പ്ലാവ്, മാവ് തുടങ്ങിയ എല്ലാ വിധ കൃഷികളും ചെയ്യുന്നു. ഒന്നിൽ നിന്നും വേണ്ടത്ര ആദായം കിട്ടുന്നുമില്ല. ഈ വിഭാഗത്തിൽ കൂടുതലും കർഷക തൊഴിലാളികളുമാണ്.

കൂലി-സേവനവ്യവസ്ഥകൾ

നിലവിലുള്ള കൂലി നിരക്ക് പഞ്ചായത്തിൻെറ പലഭാഗത്തും വ്യത്യസ്തമാണ് ടൗൺഷിപ്പിനോട് ചേർന്ന ഭാഗങ്ങളിൽ കൂലി കൂടുതലും ഉൾപ്രദേശങ്ങളിൽ കുറവും. പൊതുവേ നിലവിലുള്ള കൂലി നിരക്കുകൾ ചുവടെ ചേർക്കുന്നു.

പൊതുവേ ഈ പഞ്ചായത്തിൽ തൊഴിൽ തർക്കങ്ങളോ,സംഘർഷങ്ങളോ ഇല്ല.മെച്ചപ്പെട്ട ഒരു തൊഴിൽ ബന്ധമാണ് നിലനിൽക്കുന്നത്. എങ്കിലും തൊഴിൽ സംബന്ധമായ തർക്കങ്ങൾ തീർക്കുന്നതിന് പഞ്ചായത്തു സമിതിക്ക് അധികാരം നൽകുന്നതിനുള്ള നിയമ നിർമ്മാണം കൊണ്ടുവരുന്നത് അഭികാമ്യമായിരിക്കും.

വളപ്രയോഗം

ഇന്നു പ്രധാനമായും ജൈവവളങ്ങളും, രാസവളങ്ങളുമാണ് ഉപയോഗിക്കുന്നത്. കൂടുതൽ വളപ്രയോഗവും റബ്ബറിനു മാത്രമാണുള്ളത്. ജൈവ വളങ്ങളിൽ പ്രധാനമായത് ചാണകമാണ്. ഇതിൻെറ കണക്ക് ലഭ്യമല്ല. കംപോസ്റ്റ് വളങ്ങൾ വളരെ അപൂർവ്വമായി മാത്രം ഉപയോഗിക്കുന്നു. കോഴി കാഷ്ഠവും കൂറെപ്പേർ വളമായി ഉപയോഗിക്കുന്നു. രാസവളങ്ങളുടെ വിതരണം കൂടുതലായി നടത്തുന്നത് സഹകരണ സംഘങ്ങൾ, റബ്ബർ ഉത്പാദക സംഘങ്ങൾ

വ്യാപാരികൾ എന്നിവരാണ്. സമഗ്ര തെങ്ങുവികസന പദ്ധതി പച്ചക്കറി കൃഷി എന്നിവയിൽപ്പെടുത്തി കുറെ വളങ്ങളും, കൃഷി വകുപ്പിൽ നിന്ന് നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്. അതിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

1995-96 സമഗ്ര തെങ്ങു വികസന പദ്ധതി 15.700 kg

1996-97 5,000 kg

വ്യാപാരികളും സഹകരണസംഘങ്ങളും കൂടി വിതരണം ചെയ്തത്.

1995 -96 285 M.T

1996 - 97 302 M.T

വളത്തിന്റെ ഉപയോഗത്തിന്റെ കണക്കിനേക്കാൾ പ്രസക്തം അവ ശാസ്ത്രീയമായി ആവശ്യാനുസരണം ഉപയോഗിച്ചോ എന്നുള്ളതാണ് ഇക്കാര്യത്തിൽ തികച്ചും നിഷേധാത്മകമായ ഒരു ഉത്തരമേ പറയാൻ കഴിയൂ. മണ്ണു പരിശോധിപ്പിക്കുകയോ മണ്ണിന്റെ ഘടന മനസിലാക്കുകയോ ചെയ്യാതെ കൃഷിക്കാർ തോന്നിയ പടി തോന്നിയ സമയത്ത് കുറെ രാസവളം വാങ്ങി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. മണ്ണു പരിശോധനക്കുവേണ്ടി റബ്ബർ ബോർഡ് കുറെയൊക്കെ ശ്രമിക്കുന്നുണ്ടെങ്കിലും വേണ്ടത്ര ഫലപ്രാപ്തിയില്ല. മറ്റു കൃഷികളെ സംബന്ധിച്ച് യാതൊരു വിധ പരിശോധനകളും നടക്കുന്നതായി അറിവില്ല. ഇക്കാര്യത്തിൽ അടിയന്തര നടപടികൾ എടുത്തില്ലെങ്കിൽ മണ്ണിന്റെ ഘടന അപ്പാടെ മാറുകയും സമീപ ഭാവിയിൽ ഈ ഗ്രാമപഞ്ചായത്തിലെ കൃഷി ഭൂമികൾ ഊഷര ഭൂമികളോ, തരിശുഭൂമികളോ ആയി മാറിയാൽ അത്ഭുതപ്പെടാനില്ല.

നടപ്പു പദ്ധതികളുടെ അവലോകനം

നടപ്പു പദ്ധതികളെയാകെ ഒരവലോകനം ചെയ്യാം.

1.സമഗ്രതെങ്ങു വികസന പദ്ധതി (C.C.D.P)

	പൊതുവേ (Open)	പട്ടികജാതി പട്ടികവർഗ്ഗം
നടീൽ വസ്തുക്കളുടെ വിതരണം		
1993-94	250	130
94-95	100	600
95-96	935	2114
96-97	475	

പൊതു വിഭാഗത്തിൽ പെട്ടവർക്ക് ചുരുങ്ങിയ (Subsidy rate) നിരക്കിലും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് സൗജന്യമായുമാണ് തൈകൾ വിതരണം ചെയ്തത്. കൂടാതെ 1994-95 ൽ പട്ടിക ജാതിക്കാർക്ക് ഒരു കിണർ കുഴിക്കുന്നതിന് 10,000 രൂപായും നൽകുകയുണ്ടായി.

റോക്കർ സ്പ്രെയറുകൾ 1 1,000

ഈ തുക സബ്സിഡിയായി നൽകി.

ജലസേചനസൗകര്യങ്ങൾ

	പമ്പുകൾ എണ്ണം	തുക	കിണറുകൾ എണ്ണം	തുക
1994 - 95	51	1,27,063	54	1,34,500
1995 - 96	10	25,000	19	47,500
1996 - 97	10	25,000	15	37,500

റബ്ബർ കൃഷി

റബ്ബർ ബോർഡിന്റെ കീഴിൽ നടക്കുന്ന പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ല.കൃഷിവകുപ്പിൽ നിന്നും പട്ടിക ജാതി പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിനായി ചെയ്ത ജോലികൾ ചുവടെ ചേർക്കുന്നു.

വിതരണം ചെയ്ത കൂടതൈകൾ

1994 - 95	6000
1996 - 97	2000

കുരുമുളക് കൃഷി പുനരുദ്ധാരണ പദ്ധതി (Pepper Rehabilitation Scheme)

പ്രതിവർഷം 5 ഹെക്ടർ എന്ന നിരക്കിലാണ് ഈ പഞ്ചായത്തിലേയ്ക്ക് വക കൊള്ളിച്ചിരിക്കുന്നത്.

അതിനുള്ള സബ്സിഡി തുക

	ഹെക്ടറിന് Rs/-
ഒന്നാം വർഷം	1875
രണ്ടാം വർഷം	1300
മൂന്നാം വർഷം	1600

കാപ്പി,കമുക്,ഗ്രാമ്പൂ, ജാതി

യാതൊരു വിധ പദ്ധതികളും കൃഷിഭവനിൽ നിന്നും നടപ്പാക്കുന്നില്ല.എന്നാൽ ചില വർഷങ്ങളിൽ കുറെ തൈകൾ വിതരണം ചെയ്തിട്ടുണ്ട്.അതിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു.

വർഷം	കമുക്	കാപ്പി	ഗ്രാമ്പൂ	ജാതി
1992 - 93	2000	.....	.....	400

ഇഞ്ചി,മഞ്ഞൾ

മാതൃകാ കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയുണ്ടെങ്കിലും ഈ പഞ്ചായത്തിൽ അത്തരം പദ്ധതിയൊന്നും നടപ്പിലില്ല.

തവാരണകൾ

തവാരണകൾ ഉണ്ടാക്കാൻ വേണ്ട പ്രോത്സാഹനം നൽകാൻ പദ്ധതിയുണ്ടെങ്കിലും ഒന്നും നടപ്പായിട്ടില്ല.

പച്ചക്കറികൃഷി

സ്കൂൾ കുട്ടികൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിന് 600 പായ്ക്കറ്റു വിത്തും വളവും വിതരണം ചെയ്തിട്ടുണ്ടെങ്കിലും പരിപാടി പൂർണ്ണ വിജയമായിട്ടില്ല.

പഴവർഗ്ഗങ്ങൾ

യാതൊരു വിധ പദ്ധതികളും ഉൾപ്പെടുത്തിയിട്ടില്ല.

ഫലവൃക്ഷങ്ങൾ

ഏതാനും ഫലവൃക്ഷ തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

	1992 - 93
ഒട്ടുമാവ്	76
ഒട്ടുപ്ലാവ്	26
	1993 - 94
കൊക്കോ	1500
	1994 - 95
ഗൗളിത്തെങ്ങ്	38
പല ജാതി ഫലവൃക്ഷതൈകൾ	400

ബോധവൽക്കരണവും ക്ലാസ്സുകളും പഠന പര്യടനങ്ങളും

ഏറ്റവും ആവശ്യമായ ഈ വിഭാഗത്തിൽ കാര്യമായ യാതൊരു വിധ ശ്രമങ്ങളും കൃഷിഭവന്റെ ഭാഗത്തു നിന്നും ഉണ്ടായി കാണുന്നില്ല. എന്നാൽ റബ്ബർ ബോർഡ് വർഷത്തിൽ ഒന്നു രണ്ട് ക്യാമ്പുകൾ നടത്താറുണ്ട്.

വിള ഇൻഷ്വറൻസ്

നാളിതുവരെ 53 കൃഷിക്കാരാണ് വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർത്തിട്ടുള്ളത്.

		എണ്ണം
റബ്ബർ	-	14989
കുരുമുളക്	-	1994
തെങ്ങ്	-	314
കൊക്കോ	-	8
കമുക്	-	355
ഏത്തവാഴ	-	4048
ഗ്രാമ്പു	-	5
ഇൻഷ്വറൻസ് തുക	-	68206/-

രോഗപ്രതിരോധങ്ങൾ

കുരുമുളക് കൃഷിക്കും,തെങ്ങുകൃഷിക്കും മരുന്നു തളിക്കുന്നതിനുള്ള (ബോർഡോ മിശ്രീതം) സഹായം നൽകിയിട്ടുണ്ട്.

തെങ്ങ് -5 റോക്കർ സ്പെയറുകൾക്ക് 1000ക. വീതം സബ്സിഡി.

കുരുമുളക് - തുരിശ്,കക്കാ,ഹെക്ടറൊന്നിന് 300 രൂപ പ്രകാരം 5 ഹെക്ടറിന്.

പ്രകൃതി ക്ഷോഭങ്ങൾ

1993ൽ ഉണ്ടായ ഉരുൾപൊട്ടലിൽ അനേകം കൃഷിക്കാർക്ക് വീടും പുരയിടവും,കൃഷിയും നഷ്ടപ്പെടുകയുണ്ടായി തുടർന്ന് കൃഷി വകുപ്പിൽകൂടെ 1993-94 വർഷം സഹായം എത്തിക്കുകയുണ്ടായി.

സഹായം ലഭിച്ചവർ 386 - 3,01,915 രൂപ.

അതുപോലെ തന്നെ ഈ വർഷം (1996-97) ഉണ്ടായ ചുഴലിക്കാറ്റിൽ വമ്പിച്ച നാശനഷ്ടങ്ങളുണ്ടായി കർഷകർക്ക് അടിയന്തരസഹായമായി ആദ്യതവണയായി 1,26,983 രൂപ നൽകുകയുണ്ടായി(329പേർക്ക്)ഇത് കണക്കാക്കിയിട്ടുള്ള (3,31,317,2 ക)തുകയുടെ 38% മാത്രമാണ്.

കംപോസ്റ്റു വളങ്ങൾ

നിലവിൽ ഇതിനു സ്കീമുണ്ടെങ്കിലും വളരെ തുച്ഛമായ തുകയെ നൽകുന്നുള്ളു എന്നതുകൊണ്ടാകാം കർഷകർ തീരെ താൽപര്യം കാണിക്കുന്നില്ല. നൽകുന്ന സഹായം കുഴി ഒന്നിന് 25 ക.

ബയോഗ്യാസ്

കൃഷിക്കാർക്ക് ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുന്നതിനും ഉപയോഗിക്കുന്നതിനും നിലവിൽ സ്കീം ഉണ്ട്. ഇതനുസരിച്ച് കൃഷിഭവനിൽ നിന്നും നൽകിയിട്ടുള്ള സഹായത്തിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു.

വർഷം	പ്ലാൻറിന്റെ വലിപ്പം	എണ്ണം	നൽകിയ തുക
1992 - 93	$1m^2$	3	7200
	$2m^2$	8	28800
	$3m^3$	2	8600
1993 - 94	$2m^3$	2	4800
1994 - 95	$4m^3$	1	2600

ഇപ്പോൾ നൽകി വരുന്ന സബ്സിഡി തുക വളരെ കുറവായതിനാലായിരിക്കാം ആരും തന്നെ ഇക്കാര്യത്തിൽ മുന്നോട്ടു വരുന്നില്ല.

യൂത്ത് പ്രോഗ്രാം

കർഷകർക്ക് പെൻഷൻ കൊടുക്കുന്നതിനു വേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണിത്. ഇതനുസരിച്ച് ചെറുപ്പക്കാരായ കൃഷിക്കാർ 1000 കവീതം അടച്ച് ഈ പരിപാടിയിൽ ചേർന്നാൽ 60 വയസുകഴിയുമ്പോൾ പെൻഷനും മറ്റാനുകുല്യങ്ങളും നൽകുന്ന ഒരു പരിപാടിയാണ് നാളിതുവരെ 115 പേർ ഈ പഞ്ചായത്തിൽ ഈ സ്കീമിൽ ചേർന്നിട്ടുണ്ട് വളരെ ആകർഷകമായ ഈ പദ്ധതി വഴി യുവതി-യുവാക്കൾക്ക് കാർഷിക മേഖലയോട് ആഭിമുഖ്യം വളർത്തുക എന്നുള്ളതാണ് ഈ പരിപാടിയുടെ മുഖ്യ ലക്ഷ്യം.

റബ്ബർ കൃഷി

റബ്ബർ ബോർഡിന്റെ അഭിമുഖ്യത്തിലും, പ്രോത്സാഹനത്തിലും വ്യാപകമായി റബ്ബർ കൃഷി ചെയ്തു വരുന്നു. എങ്കിലും, ആകർഷണീയമായ ഉത്പാദന ക്ഷമത കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ കൃഷിയുടെ വ്യാപനവും, ആവർത്തന കൃഷിയും റബ്ബർ ബോർഡ് നേരിട്ടു നടത്തുന്നതിനാൽ ഇവിടെ പദ്ധതികളൊന്നും നിർദ്ദേശിക്കുന്നില്ല.

ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

പ്രശ്നങ്ങൾ

1. ജലസേചനസൗകര്യങ്ങൾ തീരെയില്ല

പരിഹാര നിർദ്ദേശങ്ങൾ

1. a) കൂട്ടിയ്ക്കൽ പണിതിട്ടുള്ള ചെക്കു ഡാമിന്റെ പണിപൂർത്തിയാക്കുക.താളുങ്കൽ, വെട്ടിക്കാനം,ഏന്തയാർ ഭാഗങ്ങളിൽ ഓരോ ചെക്കു ഡാം പണിയുക.

b) കുടിയിടങ്ങളിൽ നിലവിൽ ഉള്ള കിണറുകൾ ആഴം കൂട്ടുക. അതിനുള്ള സാമ്പത്തിക സഹായം നൽകുക.

ലക്ഷ്യം.പ്രതിവർഷം 100 കിണറുകൾ.

c) വെള്ളം ലഭ്യമാകുന്ന സ്ഥലങ്ങളിൽ പുതിയ കിണറുകൾ കുഴിക്കാൻ സാമ്പത്തിക സഹായം നൽകുക.

ലക്ഷ്യം.പ്രതിവർഷം 50 കിണറുകൾ

d) നിലവിലുള്ള വെള്ള സംഭരണികൾ (വാട്ടർ ടാങ്ക്)അറ്റകുറ്റപ്പണികൾ ചെയ്തു ഉപയോഗയോഗ്യമാക്കുക.

ലക്ഷ്യം.പ്രതിവർഷം 10 ടാങ്കുകൾ

e)നിലവിൽ നീരുറകൾ ഉള്ള ഇടങ്ങളിൽ പുതിയ ടാങ്കുകൾ പണിയുകയോ, സിൻടക്സ് (syntex) ടാങ്കുകൾ സ്ഥാപിക്കുകയോ ചെയ്യുക.

ലക്ഷ്യം. പ്രതിവർഷം 10

f) ഓരോ വർഷവും താല്കാലിക തടയണകൾ സ്ഥാപിക്കുക.ഇതിനു വേണ്ടിവരുന്ന മനുഷ്യാദ്ധ്വാനം പൂർണ്ണമായും സൗജന്യമായിരിക്കണം.

g)ജലം ഉപയോഗക്കുന്നതിലെ ധൂർത്ത് അവസാനിപ്പിക്കുന്നതിനും, നീതിപൂർവ്വകവും, വിവേക പൂർണ്ണവുമായ ജലവിനിയോഗത്തിനു ജനങ്ങളെ ബോധവൽക്കരിക്കുന്നതിനു വേണ്ടി ക്യാമ്പുകൾ സംഘടിപ്പിക്കുക.

2.മണ്ണൊലിപ്പ് വ്യാപകമാണ്

2. a) മണ്ണ് സംരക്ഷണത്തിനുവേണ്ടി കല്ലുകയ്യാലകൾ നിർമ്മിക്കുക.

ലക്ഷ്യം. പ്രതിവർഷം, 20,000 m^2

b) നീർക്കുഴികൾ നിർമ്മിക്കുക

ലക്ഷ്യം.പ്രതിവർഷം 1,00,000 കുഴികൾ

c)കിടങ്ങുകൾ (trenches) നിർമ്മിച്ച് ബണ്ടുകളിൽ തീറ്റിപ്പുല്ല്,രാമച്ചം,കൈത മുതലായവ നടുക.

ലക്ഷ്യം. പ്രതിവർഷം 1,00,000 R.M.

3,മണ്ണിന്റെ ജലസംഭരണ ശക്തി നശിക്കുന്നതിനാൽ ആറുകളിലും തോടുകളിലും വെള്ളം വറ്റിപ്പോകുന്നു.

3.(a) ആറ്റുപുറമ്പോക്കുകൾ,തോട്ടുപുറമ്പോക്കുകൾ എന്നിവിടങ്ങളിൽ ജലസംഭരണ ശക്തിയുള്ളതും വേനൽക്കാലത്ത് ഇലപൊഴിയാത്തതുമായ സസ്യാവരണങ്ങളായ ഈറ്റ,ഒട്ടൽ,മുള എന്നിവ കർഷകരുടെ സഹകരണത്തോടെ നട്ടുപിടിപ്പിക്കുക.

ലക്ഷ്യം.പ്രതിവർഷം 10,000 തൈതകൾ

b) ആറ്റിൽ നിന്ന് വ്യാപകമായി മണൽവാരുന്നതും, കല്ലു പൊട്ടിക്കുന്നതും നിരോധിക്കുക.

c) പുല്ലഗയാറ്റിന്റെ ഉത്ഭവ സ്ഥാനങ്ങളായ വനപ്രദേശങ്ങളിൽ സസ്യങ്ങളും

വൃക്ഷങ്ങളും വെട്ടുന്നത് തടയാൻ വനം വകുപ്പിനെ സഹായിക്കുക.

d)നശിച്ചുപോയവനങ്ങളുടെ സ്ഥാനത്തു എളുപ്പത്തിൽ വളരാവുന്നതും വേനൽക്കാലത്ത് ഇലപൊഴിയാത്തതുമായ ചോല വൃക്ഷങ്ങൾ (evergreen)നട്ടു പിടിപ്പിക്കാൻ വനം വകുപ്പിനോട് ശുപാർശ ചെയ്യുക.

e)മണ്ണിന്റെ ജലസംഭരണശക്തി നശിപ്പിക്കുന്ന വേനൽക്കാലത്തെ തീയിടൽ (വനത്തിൽ ആയാലും കൃഷി സ്ഥലങ്ങളിൽ ആയാലും) നിരോധിക്കുക.

f)സർവ്വോപരി മണ്ണിന്റെ ജലസംഭരണ വിപത്തുകൾ ജനങ്ങളെ പറഞ്ഞു മനസ്സിലാക്കാൻ ക്യാമ്പുകൾ സംഘടിപ്പിക്കുക.

4. റബ്ബർ ഒഴികെയുള്ള കൃഷികൾ പടിപടിയായി കുറഞ്ഞുവരുന്നു.

5. ഭക്ഷ്യവിളകൃഷി തീർത്തും കുറഞ്ഞുകൊണ്ടിരിക്കുന്നു.

6. കീടരോഗങ്ങൾ,വ്യാപകമാകയാൽ പച്ചക്കറി കൃഷി വേണ്ടത്ര വിജയിക്കുന്നില്ല.

4& 5,6 a) തെങ്ങ്: ഇപ്പോൾ ഏകദേശം 30,000 തെങ്ങുകൾ ഉണ്ട്. എന്നാൽ അവ ഒരു പ്രത്യേക സ്ഥലത്ത് പ്ലാന്റേഷൻ ആയി അല്ല ചെയ്യുന്നത്. തെങ്ങും മറ്റു വൃക്ഷങ്ങളും കൃഷികളും ഇടകലർന്നു നിൽക്കുകയാണ്. തെങ്ങുകൾക്കു കായ്ഫലം പൊതുവേ കുറവാണ്. അതിനാൽ തെങ്ങു കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള ''സമഗ്ര നാളികേര വികസന പദ്ധതി'', ''ചെറുകിട കൃഷിക്കാർക്ക് സംയോജിത കേര കൃഷി'' എന്നീ നിലവിലുള്ള രണ്ടു പദ്ധതികളും ഊർജ്ജിതമാക്കുകയും നിലവിലുള്ള നിബന്ധനകൾ ഒഴിവാക്കുകയും ചെയ്യുക.

ലക്ഷ്യം.പ്രതിവർഷം കേടുവന്ന 1,000 തെങ്ങുകൾ വെട്ടി മാറ്റി പുതിയവ വച്ചു പിടിപ്പിക്കുക.

b)കമുക് നിലവിൽ ഉള്ള കമുക് വികസന പദ്ധതിയിൽ ഈ പഞ്ചായത്തിനെ കൂടി ഉൾപ്പെടുത്താനും കമുക് കൃഷി ഊർജ്ജിതമാക്കാനും ശ്രമിക്കുക.

ലക്ഷ്യം. പ്രതിവർഷം 10,000 തൈകൾ

c)കുരുമുളക് നിലിവിലുള്ള 'സുഗന്ധ വിള വികസന പദ്ധതി' 'കുരുമുളകു കൃഷി വ്യാപന പദ്ധതി' 'കേന്ദ്രാവിഷ്കൃത തോട്ട സംർക്ഷണപദ്ധതി' എന്നീ വിവിധ പദ്ധതികളിൽപ്പെടുത്തി കുരുമുളക് കൃഷി വികസന പദ്ധതികൾ ഊർജ്ജിതപ്പെടുത്തുക.

ലക്ഷ്യം.പ്രതി വർഷം 100 ഹെക്ടർ

d)കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുക.

ലക്ഷ്യം. പുതിയ തോട്ടം - പ്രതിവർഷം 10 ഹെക്ടർ.
പഴയവ പുനരുദ്ധരിക്കുക - 20 ഹെക്ടർ

കശുമാവ് കൃഷിക്ക് സസ്യസംരക്ഷണ പദ്ധതികൾ വകകൊള്ളിക്കുക.

e)കൊക്കോ കൊക്കോ വികസന പദ്ധതി പ്രകാരമുള്ള പ്രവർത്തനം ഊർജ്ജിതമാക്കുക.

ലക്ഷ്യം പ്രതിവർഷം 20 ഹെക്ടർ

f) കാപ്പികാപ്പികൃഷിയുടെ വ്യാപനത്തിനും,പുനരുദ്ധാരണത്തിനും കേന്ദ്രഗവ.ന്റെ കീഴിലുള്ള കോഫി ബോർഡിന്റെ സഹായം ലഭ്യമാക്കാൻ ശ്രമിക്കുക.

g)തേയില ഇത് ''റ്റീ ബോർഡിന്റെ ''പരിധിയിൽ വരുന്നതാകയാൽ പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുന്നില്ല. ഈ കൃഷി വ്യാപനത്തിനു വേണ്ടി നടപടികൾ എടുക്കുക.

h)ഭക്ഷ്യവിള നിലവിലുള്ള ''വേര്-കിഴങ്ങ് വിള-വികസന പദ്ധതി (കേന്ദ്രസഹായത്തോടെ)യിൽ കീഴിൽ ഉൾപ്പെടുത്തിയും ' 'മുന്തിയ ഇനം മരച്ചീനി, ചെറുകിഴങ്ങുകൾ എന്നിവയുടെ വികസനപദ്ധതി'' പ്രകാരവും ഭക്ഷ്യവിള കൃഷി പ്രോത്സാഹിപ്പിക്കുക.

ലക്ഷ്യം.പ്രതിവർഷം 200 ഹെക്ടർ.

i)പഴവർഗ്ഗങ്ങൾ ''ഉഷ്ണഫല വർഗ്ഗ വികസന പദ്ധതി: ഈ പഞ്ചായത്തിലേക്കും വ്യാപിപ്പിക്കുക.

ലക്ഷ്യം.പ്രതിവർഷം 50 ഹെക്ടർ

j)ഇഞ്ചി,മഞ്ഞൾ ''സമഗ്ര സുഗന്ധ വിള വികസന പദ്ധതി''യിൽ പ്രകാരം കൃഷികൾ പ്രോത്സാഹിപ്പിക്കുകയും ഊർജ്ജിതപ്പെടുത്തുകയും ചെയ്യുക.

ലക്ഷ്യം. പ്രതിവർഷം, 200 മാതൃകാ കൃഷിതോട്ടങ്ങൾ.

k) പച്ചക്കറി. നിലവിൽ ഉള്ള ''പച്ചക്കറി വികസന പദ്ധതി ''യും ''പച്ചക്കറി-വിത്ത് ഉത്പാദനവും വിതരണവും'' പദ്ധതികൾ വ്യാപിപ്പിക്കുകയും ഊർജ്ജിതപ്പെടുത്തുകയും ചെയ്യുക.

ലക്ഷ്യം. 1)പഞ്ചായത്തിൽ ഉള്ള എല്ലാ U.P/High സ്ക്കൂളുകൾ

2) പ്രതിവർഷം 250 കർഷകർ.

l) ഔഷധകൃഷി മരുന്നു നിർമ്മാണ കമ്പനികളുടേയും പ്രമുഖ വൈദ്യശാലകളുടേയും സഹായത്തോടെ ഔഷധ കൃഷി വ്യാപിപ്പിക്കുക.

ലക്ഷ്യം.പ്രതിവർഷം 50 കർഷകർ.

m)പുഷ്പ കൃഷി ഹോർട്ടികൾച്ചർ സൊസൈറ്റികളുടേയും മറ്റും ആഭിമുഖ്യത്തിൽ പുഷ്പകൃഷി പ്രോത്സാഹിപ്പിക്കുക.

ലക്ഷ്യം.പ്രതിവർഷം.100 കർഷകർ.

n) ബോധവത്ക്കരണവും പഠനപര്യടന ക്യാമ്പുകളും. കൃഷിഭവൻ, കാർഷികസർവ്വകലാശാല വിദഗ്ദർ, ഔഷധകൃഷി/ പുഷപകൃഷി മുതലായവ നടത്തുന്ന കമ്പനികൾ, സൊസൈറ്റികൾ, മറ്റു വിദഗ്ദർ എന്നിവരുടെ ,സഹായത്തൊടെ പഠന-പര്യടന ക്യാമ്പുകളും ''ഓഡിയോ വീഡിയോ(Audio-Video) പ്രദർശനങ്ങളും സംഘടിപ്പിക്കുക.

ലക്ഷ്യം.പ്രതിവർഷം 4 ക്യാമ്പുകൾ.

7 എല്ലാ കൃഷികൾക്കും വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാരേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ ഊർജ്ജിതപ്പെടുത്തുക.

8 എലി ശല്യം നിമിത്തം കിഴങ്ങു വർഗ്ഗ കൃഷികൾ വേണ്ടത്ര വിജയിക്കുന്നില്ല.

8.എലി ശല്യത്തിനെതിരെ വ്യാപകമായും കൂട്ടായുമുള്ള വിവിധ എലി നശീകരണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യുക. നശിപ്പിക്കപ്പെടുന്ന എലികളുടെ എണ്ണം കണക്കാക്കി ഈ പ്രവർത്തിയിൽ ഏർപ്പെട്ടവർക്ക് ധനസഹായവും സൗജന്യനിരക്കിൽ വിഷവസ്തുക്കൾ, കെണികൾ എന്നിവ വിതരണം ചെയ്യുക.

ലക്ഷ്യം.പ്രതിവർഷം 1 ലക്ഷം എലികളെ നശിപ്പിക്കൽ.

9.രാസവളങ്ങളുടക്കം കീടനാശിനികൾക്കും വിലകൂടുതലാണ്.

രാസവളങ്ങളുടേയും കീടനാശിനികളുടേയും അശാസ്ത്രീയവും, അമിതവും ആയ ഉപയോഗം കുറയ്ക്കാനും ജൈവ വളങ്ങടെ ഉപയോഗം വർദ്ധിപ്പിക്കാനുമുള്ള ബോധവൽക്കരണ ക്യാമ്പുകൾ നടത്തുക.

ലക്ഷ്യം. പ്രതിവർഷം 4 ക്യാമ്പുകൾ

10.കംമ്പോസ്റ്റു വളക്കുഴികൾക്ക് ഇപ്പോൾ കിട്ടുന്ന സഹായം അപര്യാപ്തമാണ്.

10 കംമ്പോസ്റ്റു വള നിർമ്മാണത്തിന് പ്രോത്സാഹനം നൽകാനും , അവ കർഷകർക്കിടയിൽ വിറ്റഴിക്കുന്നതിനുള്ള സൗകര്യം നൽകാനും, കർഷകർക്ക് വിവിധ സ്ക്കീമുകളിൽപ്പെടുത്തി നൽകുന്ന സഹായങ്ങളിൽ ഒരു ഭാഗം കംമ്പോസ്റ്റു വളമായിത്തന്നെ നൽകാനും പദ്ധതി ആവിഷ്കരിക്കുക.

ലക്ഷ്യം.പ്രതിവർഷം 250 കുഴികൾ

11. കാർഷികോല്പന്നങ്ങൾ, വിറ്റഴിക്കുന്നതിനുള്ള യാത്രാ സൗകര്യക്കുറവും വിപണിയുടെ അഭാവവും കൃഷിയെ ബാധിക്കുന്നു.

11.കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഒരു പൊ

തുമാർക്കറ്റു സ്ഥാപിക്കുന്നതിനും യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഒരു സംയോജിത പദ്ധതി നടപ്പാക്കേണ്ടതാണ്.

ലക്ഷ്യം. പൊതുമാർക്കറ്റു സ്ഥാപിക്കുക.
യാത്രാ സൗകര്യം വർദ്ധിപ്പിക്കുക

12 &13 നിലവിലുള്ള ബാങ്കുവായ്പകളുടെ പലിശ നിരക്ക് കൂടുതലാണ്. വായ്പകൾ ലഭിക്കുവാൻ വളരെ ബുദ്ധിമുട്ടുണ്ട്.

12 &13 വായ്പാ സൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാന/ജില്ല /പഞ്ചായത്തു തലത്തിൽ വിവിധ ബാങ്കുകളുമായി ചർച്ചകൾ നടത്തുവാനും, നടപടി ക്രമങ്ങൾ ലഘൂകരിക്കുവാനും നടപടികൾ എടുക്കുക.

14. മണ്ണു പരിശോധന

14.രണ്ടു വർഷത്തിൽ ഒരിക്കൽ മണ്ണു പരിശോധന നിർബന്ധിതമാക്കണം. കൃഷിക്കാർ സ്വമേധയാ ഇക്കാര്യം ചെയ്യാൻ സാദ്ധ്യതയില്ല.അതിനാൽ ഒരു സംഘം യുവാക്കൾക്ക് ഇക്കാര്യത്തിൽ പരിശീലനം നൽകി മണ്ണുസാമ്പിളുകൾ എടുത്തു കൊണ്ടുവരാനും ലാബറട്ടറികളിൽ എത്തിച്ചു പരിശോധനാ റിപ്പോർട്ടുകൾ വാങ്ങി കൃഷിക്കാരിൽ എത്തിക്കാനും നടപടി സ്വീകരിക്കുക.

ലക്ഷ്യം.പ്രതിവർഷം 500 സാമ്പിളുകൾ ശേഖരിക്കുക.

15.കാർഷികോല്പന്നങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ആരംഭിക്കാൻ തീരെ അറിവില്ല.

15.ഈ വിഷയത്തിൽ അറിവുള്ള വിദഗ്ദരുടേയും, വ്യവസായികളുടേയും ആഭിമുഖ്യത്തിൽ താല്പര്യമുള്ള യുവതി-യുവാക്കൾക്ക് വ്യവസായ യൂണിറ്റുകൾ നേരിൽ കണ്ടു പഠിക്കാനും ഉള്ള സൗകര്യം ഏർപ്പെടുത്തുക.

ലക്ഷ്യം.ബോധവൽക്കരണ ക്യാമ്പുകളും പഠന-പര്യടന സൗകര്യങ്ങളും പ്രതിവർഷം 30 പേർക്ക് നൽകുക.

നടീൽ വസ്തുക്കളുടെ ഉല്പാദനം

ഈ പഞ്ചായത്തിലെ വിവിധ ഇനം കൃഷികൾക്ക് ആവശ്യമായ നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനു വേണ്ടി കൃഷി വകസനസമിതിയുടെ ആഭിമുഖ്യത്തിൽ തവാരണകൾ ആരംഭിക്കണം. ഇത്തരം നടീൽ വസ്തുക്കളുടെ ഉത്പാദനം, വിപണനം എന്നിവയിൽ കൂടി ധാരാളം യുവജനങ്ങൾക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിക്കാൻ കഴിയും.

പൊതു നിർദ്ദേശങ്ങൾ

1) **കാർഷിക മേള**

പഞ്ചായത്ത് അടിസ്ഥാനത്തിൽ കാർഷിക മേളകൾ സംഘടിപ്പിക്കുകയും ഓരോ വിളയിലും ഏറ്റവും നല്ല കൃഷിക്കാരന് പ്രോത്സാഹന സമ്മാനം നൽകുകയും ചെയ്യുക.

ii) **പശ്ചിമഘട്ട വികസനപദ്ധതി.** ഈ പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകൾ മാത്രമാണ് പശ്ചിമഘട്ടവികസന പദ്ധതിയിൽ പെട്ടിട്ടുള്ളത്. ഈ പഞ്ചായത്തിലെ മുഴുവൻ സ്ഥലങ്ങളും പശ്ചിമഘട്ടത്തിൽപ്പെട്ടവയാണ്. അതിനാൽ മുഴുവൻ പ്രദേശങ്ങളെയും പശ്ചിമഘട്ട വികസന പദ്ധതിയിൽ കീഴിൽ കൊണ്ടുവരാൻ ശ്രമിക്കുക.

iii) **പ്രത്യേക തൊഴിൽ ദാനപദ്ധതികൾ** - ഈ പദ്ധതിയനുസരിച്ചുള്ള സ്കീമുകൾക്ക് രൂപം കൊടുക്കുമ്പോൾ കൃഷിക്ക് മുൻ തൂക്കം കൊടുക്കണം.

iv) **പട്ടികജാതി/പട്ടിക വർഗ്ഗ പദ്ധതികൾ** (Sp.C.Plan) ഈ പഞ്ചായത്തിലെ എല്ലാ വർഡുകളിലും പട്ടികജാതി /പട്ടികവർഗ്ഗകോളനികൾ ഉണ്ടെങ്കിലും അവയെകൂടി കോളനികളായി അംഗീകരിപ്പിച്ച് കൃഷി വകുപ്പിൽ കൂടെ ലഭ്യമാകുന്ന ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

v) കൃഷിവികസന സമിതി

കാർഷിക രംഗത്തെ പ്രധാന പ്രശ്നം "ഫലപ്രദമായ സംഘാടനത്തിന്റെ (Effective Management)" അഭാവമാണ്. ഓരോ കൃഷിക്കാരനും തനിക്കു തോന്നിയ മട്ടിൽ കൃഷി ചെയ്യുക, ലഭ്യമായ ജലം അവനവന് ഇഷ്ടമായ രീതിയിൽ ചെലവഴിക്കുക, മണ്ണു സംരക്ഷണത്തിലും കൃഷിരീതിയിലും കൂട്ടായ്മയും ഒത്തൊരുമയും പാലി

ക്കാതിരിക്കുക തുടങ്ങിയ പ്രശ്നങ്ങൾ നിമിത്തം കൃഷിയുടെ ഗുണമേന്മ (efficiency) വർദ്ധിപ്പിക്കാൻ കഴിയുന്നില്ലെന്നു മാത്രമല്ല, പലപ്പോഴും അയൽപക്കവഴക്കുകളിലേക്കും, കൃഷി നാശങ്ങളിലേക്കും എത്തിച്ചേരുകയും ചെയ്യുന്നു. അതിനാൽ പഞ്ചായത്തിലെ ഭൂവിനിയോഗത്തെപ്പറ്റി പഠിക്കാനും, അവ ഫലപ്രദമായി കൃഷിക്കാരുടെ സഹകരണത്തോടെ വിവിധപ്രശ്നങ്ങൾ പഠിച്ചു പരിഹാരം നിർദ്ദേശിക്കാനും, ജലവിഭവം വിവേക പൂർണ്ണമായും നീതി നിഷ്ഠമായും വിതരണം ചെയ്യുന്നതിന് മേൽ നോട്ടം വഹിക്കുവാനും വേണ്ടി പഞ്ചായത്ത് പ്രസിഡൻറ് തലവനായും, കൃഷി ഉദ്യോഗസ്ഥന്മാർ മറ്റു ബന്ധപ്പെട്ട വിദഗ്ദർ ഓരോ വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട രണ്ടു കർഷകപ്രതിനിധികൾ എന്നിവർ അടങ്ങുന്ന ഒരു കാർഷിക വികസന സമിതി രൂപീകരിക്കേണ്ടതാണ്. ഈ സമിതിയുടെ രൂപീകരണത്തിനും പ്രവർത്തനത്തിനും വേണ്ട നടപടികൾ സ്വീകരിക്കുക.

അങ്ങിനെ പാരമ്പര്യങ്ങളുടെ നല്ല അംശങ്ങളെ നിലനിർത്തിക്കൊണ്ടും ശാസ്ത്രസാങ്കേതിക രംഗത്തെ പുതിയ നേട്ടങ്ങളെ ഉൾക്കൊണ്ടു കൊണ്ടും ഇന്ത്യാ രാജ്യത്തിൻെറയും കേരള സംസ്ഥാനത്തിൻേറയും വികസന മുന്നേറ്റത്തിൽ നമുക്കും പങ്കാളികളാകാം.ആദ്യസംരംഭം എന്ന നിലയിൽ കുറ്റങ്ങളും, കുറവുകളും,പാളിച്ചകളും ഉണ്ടാവാം. എങ്കിലും ഇരുത്തൊന്നാം നൂറ്റാണ്ടിലേക്ക് കാലെടുത്തു കുത്തുന്ന ഈ അവസരത്തിൽ ഒരു പുത്തൻ ഉണർവിൻെറ, നിശ്ചയദാർഢ്യത്തിൻെറ, പ്രത്യാശയുടെ ശംഖനാദം മുഴക്കാൻ കൂട്ടിക്കൽ പഞ്ചായത്തിലെ കൃഷിക്കാരെ ജഗദീശ്വരൻ സഹായിക്കട്ടെ.

'ജയ് ഭാരത് , ജയ് കിസ്സാൻ'

****
****
****



മൃഗസംരക്ഷണം

പശുവിനെ മാതാവായി അംഗീകരിച്ചു വന്ന പരമ്പര്യമുള്ള ഒരു രാജ്യമാണല്ലോ ഇന്ത്യ. വീടിന്റെ മുൻവശത്ത് ഒരു കാലിത്തൊഴുത്തും അതിൽ ഒരു പശുവും കിടാവും, ഒരു ജോഡി ഉഴവുകാളകളും ഉണ്ടായിരിക്കുക എന്നുള്ളത് ഐശ്വര്യത്തിന്റെ ലക്ഷണമായി കരുതിയിരുന്ന കാലം നമുക്കുണ്ടായിരുന്നു. ഇന്ന് അതൊക്കെ മാറി, ഒരു വ്യവസായമെന്നോ, ജീവനോപാധിയെന്നോ, നിലയിലേക്ക് മൃഗസംരക്ഷണ മേഖല എത്തി നില്ക്കുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ കാണുന്നവളർത്തുമൃഗങ്ങൾ താഴെ പറയുന്നവയാണ് (1996 ലെ കണക്കനുസരിച്ച്)

കന്നുകാലികൾ (മാട്, പോത്ത്)	-	1400
ആടുകൾ	-	425
പന്നി	-	250
പട്ടി	-	850
പക്ഷികൾ	-	
കോഴി	-	9000
താറാവ്	-	260

കന്നുകാലികളിൽ പോത്തുവർഗ്ഗം കുറവാണ്. പശുക്കളെ പ്രധാനമായും പാലിനുവേണ്ടിയാണ് വളർത്തുന്നത്. കാളകളേയും,ഉത്പാദനക്ഷമത നശിച്ച പശുക്കളെയും ഇറച്ചിക്കായും ഉപയോഗിക്കുന്നുണ്ട്. ആടുകളെ പാലിനും ഇറച്ചിക്കുമായി ഉപയോഗിക്കുന്നു. കോഴി, താറാവ് എന്നിവയെ മുട്ടയ്ക്കും ഇറച്ചിക്കുമായി ഉപയോഗിക്കുന്നു. ഇന്നുള്ള കാലികൾ പുതിയ സങ്കരയിനങ്ങളായ ജഴ്സി,സ്വീസ് ബ്രൗൺ തുടങ്ങിയവും നാടൻ ഇനങ്ങളുമാണ്. എന്നാൽ ആടുകളുടെ കാര്യത്തിൽ പഴയ നാടൻ ഇനങ്ങളാണ് അധികവും. കോഴികളുടെയും താറാവിന്റെയും കാര്യത്തിൽ നാടൻ ഇനങ്ങളാണ് മുന്തിയ പങ്കും.

ഉത്പാദനക്ഷമത

1)കാലികൾ

നമ്മുടെ പശുക്കൾ 50% ശതമാനത്തോളം പുതിയ സങ്കരയിനത്തിൽപ്പെട്ടതാണെങ്കിലും പരിപാലനയുടെ പോരായ്മകൾ നിമിത്തം വേണ്ടത്ര ഉല്പാദനക്ഷമതയുള്ളവയല്ല. ഒരു പശുവിൽ നിന്ന് ഒരു കറവയ്ക്ക് ശരാശരി 1000-1500 ലിറ്റർ പാലേ ലഭിക്കുന്നുള്ളു. ഉത്പാദനക്ഷമത വർദ്ധിപ്പിക്കണമെങ്കിൽ ആവശ്യത്തിന് ഭക്ഷണം, ജലം, പോഷകമൂല്യങ്ങൾ,രോഗ പ്രതിരോധ കുത്തിവെയ്പുകൾ, രോഗങ്ങൾക്ക് യഥാകാലമുള്ള ചികിത്സാ, വൃത്തിയായ കൂടുകൾ, എന്നിവയൊക്കെ ലഭ്യമാക്കണം. തന്നെയുമല്ല, ശൈത്യമേഖലയിൽ നിന്നും വന്നിട്ടുള്ള ജനുസുകൾ ഈ ഉഷ്ണമേഖലയുമായി പൊരുത്തപ്പെടുവാൻ കുറെ കാലം എടുക്കും. അതുപോലെ തന്നെ, നാടൻ ഇനങ്ങളെ മേയിച്ചു പഠിച്ചിട്ടുള്ള മിക്ക കൃഷിക്കാരും അതേ രീതി തന്നെയാണ് ഈ ജനങ്ങളുടെ കാര്യത്തിലും അവലംബിക്കുന്നത്. എങ്കിലും കുറേക്കൂടി ശ്രദ്ധിച്ചാൽ ഈ പശുക്കളുടെ കാര്യത്തിൽ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ സാധ്യതകളുണ്ട്.

ii) എരുമകൾ.

വെള്ളത്തിന്റെ ലഭ്യതകുറവിനാൽ വളരെ കുറച്ച് എരുമകളെ ഇവിടെ വളർത്തുന്നുള്ളു.

iii)ആടുകൾ .

മിക്കവയും നാടൻ ഇനത്തിൽപ്പെട്ടവകയാകയാൽ വളരെ കുറച്ചു പാൽ മാത്രമേ ലഭിക്കുന്നുള്ളൂ. എന്നാൽ ഇപ്പോൾ മൃഗസംരക്ഷണ വകുപ്പിൽ കൂടെയും മറ്റ് ഏജൻസികളിൽ കൂടെയും വിതരണം ചെയ്യുന്ന ആടുകൾക്ക് പ്രതിദിനം 1 ലിറ്റർ പാൽ വരെ ലഭിക്കുന്നുണ്ട്.

മൃഗസംരക്ഷണം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണന്ന് പരിശോധിക്കുക.

1)**തീറ്റപ്പുല്ല്.** ഇലക്കൊഴുപ്പുകൂടിയ ഇനം റബ്ബറുകളുടെ കൃഷി വ്യാപിച്ചതോടുകൂടി സാധാരണ ലഭ്യമായിരുന്ന നാടൻ ഇനം പുല്ല് വേണ്ടത്ര ലഭ്യമല്ലാതായി. പോഷകമൂല്യമുള്ള പുതിയ ഇനം പുല്ല് കൃഷി വളരെ ആപൂർവ്വമായി മാത്രമേ കാണുന്നുള്ളു. അതിനാൽ കന്നുകാലികൾക്ക് വേണ്ടത്ര ഭക്ഷണം കൊടുക്കാൻ കഴിയുന്നില്ല.

കാലിത്തീറ്റകൾ.കാലിത്തീറ്റകളായ പിണ്ണാക്ക്, O.K. തവിട് തുടങ്ങിയവയ്ക്ക് വൻപിച്ച വിലക്കയറ്റമാണ്. ആകയാൽ അവ ആവശ്യത്തിന് വാങ്ങികൊടുക്കാൻ കഴിയുന്നില്ല.

തൊഴുത്തുകൾ :കൂടുകൾ നിർമ്മിക്കുന്നതിനാവശ്യമായ സാധനസാമഗ്രികളുടെ വിലക്കയറ്റവും നിർമ്മാണച്ചെലവിലെ വർദ്ധനയും വലിയ പ്രശ്നമാണ്. കൃഷിക്കാരുടെ സാമ്പത്തിക പരാധീനത നിമിത്തം വൃത്തിയായ തൊഴുത്തുകൾ ഉണ്ടാക്കാൻ കഴിയുന്നില്ല.

ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുന്നതിന് ഇന്നുകിട്ടുന്ന ധനസഹായം തീരെ അപര്യാപ്തമാണ്.

രോഗങ്ങൾ:പുതിയ സങ്കരയിനം കന്നുകാലികൾക്കും ആടുകൾക്കും രോഗപ്രതിരോധ ശക്തി കുറവാകയാൽ പകർച്ച വ്യാധികൾ പെട്ടെന്നു പിടിപെടുന്നു. അതുപോലെ പശുക്കൾക്ക് അകിടുവീക്കം, മൂത്രാശയ രോഗങ്ങൾ,ന്യൂമോണിയാ തുടങ്ങിയ രോഗങ്ങൾ ധാരാളമായി കാണുന്നു. **വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും കണ്ടു വരുന്ന പ്രധാനമായ രോഗങ്ങൾ താഴെ പറയുന്നവയാണ്.**

കന്നുകാലികൾ

വയറിളക്കം,വിരശല്യം,ദഹനക്കേട്,അകിടുവീക്കം, ഗർഭാശയരോഗങ്ങൾ, മുറിവുകൾ, ശ്വാസകോശരോഗങ്ങൾ, കണ്ണിന്റെ അസുഖം, നീരുവയ്ക്കൽ, പൊതുക്ഷീണം, വിഷബാധ, മറ്റു ആമാശയ രോഗങ്ങൾ,ത്വക്ക് രോഗങ്ങൾ, മൂത്രാശയ രോഗങ്ങൾ എന്നിവ സാധാരണ രോഗങ്ങളും, കുളമ്പുരോഗം, പേപ്പട്ടി വിഷബാധ എന്നീ സാംക്രമിക രോഗങ്ങളും ആണു കാണുന്നത്. അതുപോലെ കോഴികൾക്ക് കോഴിവസന്ത എന്ന രോഗവും കാണുന്നു.

മൃഗശുപത്രി

ഈ പഞ്ചായത്തിൽ 1 മൃഗാശുപത്രിയും ഒരു ICDP സബ്ബ് സെൻററുമാണ് പ്രവർത്തിക്കുന്നത്.

മൃഗാശുപത്രി,പറത്താനം. കെട്ടിടം (വാടക)

സ്റ്റാഫ്

വെറ്റിനറി ഡോക്ടർ	-	1
ലൈഫ് സ്റ്റോക്ക് ഇൻസ്പക്ടർ	-	1
അറ്റൻഡർ	-	1
സ്വീപ്പർ	-	1

ICDP സബ്ബ് സെൻറർ കൂട്ടിക്കൽ

L.S.ഇൻസ്പെക്ടർ	-	1
P.T.സ്വീപ്പർ	-	1

ഏറ്റവും അതിശയകരമായിട്ടുള്ളത് ഈ മൃഗാശുപത്രിയും സബ്ബ്സെൻററും തമ്മിൽ യാതൊരുവിധ ഭരണപരമായും അല്ലാത്തതുമായ ബന്ധമില്ലയെന്നുള്ളതാണ്. മൃഗാശുപത്രിയുടെ പ്രവർത്തന പരിധി കൂട്ടിക്കൽ പഞ്ചായത്തിനെ സംബന്ധിച്ച് ഒന്നാം വാർഡിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.മറ്റു പഞ്ചായത്തുകളിലെ ഏതാനും സ്ഥലങ്ങളിൽ കൂടി പ്രവർത്തനം നടത്തുന്നുണ്ടെന്നറിയുന്നു. ഈ രണ്ടു സ്ഥാപനങ്ങളിൽ കൂടെയും സാധാരണ രോഗങ്ങൾക്കുള്ള ചികിത്സക്കു പുറമെ പകർച്ചവ്യാധികൾക്കെതിരായി താഴെ പറയുന്ന ക്രമത്തിൽ പ്രതിരോധകുത്തിവെയ്പുകൾ നടത്തിയിട്ടുണ്ട്. പറത്താനത്ത് ഒരു ഗവ.മൃഗാശുപത്രി ഉണ്ടെങ്കിലും കൃത്രിമ ബീജ സങ്കലനത്തിനുള്ള സംവിധാനമില്ല. കൂട്ടിക്കൽ സബ്ബ്സെൻററിൽ 1992-93 മുതൽ നടത്തിയ ബീജ

വർഷം	കന്നുകാലികൾ		പക്ഷികൾ		റിമാർക്ക്
	F&M	B.Q.	R.D.	F.P.	
1992 - 93	115	15	800	400	പറത്താനം
1993 - 94	80	10	400	200	ആശുപത്രി
1994 - 95	300	-	510	100	30.9.94ലാണ്
1995 - 96	240	-	300	250	ആരംഭിച്ചത്.
1996 - 97	160	-	800	-	

സങ്കലന പ്രവർത്തനത്തിന്റെ (Artificial Insemination) കണക്ക് ചുവടെ ചേർക്കുന്നു.

	കാലികൾ	എരുമ
1992 - 93	1050	5
93 - 94	1100	6
94 - 95	1200	6
95 - 96	1050	4

ഏതാണ്ട് 85% വിജയം ഉണ്ടായിട്ടുണ്ട്.

പേപ്പട്ടി ശല്യം

പേപ്പട്ടി ശല്യം മൃഗങ്ങൾക്ക് ഒരു ഭീഷണിയാണ്. അതിനാൽ പട്ടികൾക്ക് പ്രതിരോധ കുത്തിവയ്പു നടത്തുന്നുണ്ട്.

1994 - 95	110
95 - 96	200
96 - 97	110

ഈ കുത്തിവയ്പ് നിർബന്ധിതവും സൗജന്യവും ആക്കേണ്ടതാണ്. കുത്തി വയ്പിക്കാത്ത ഒരു നായയെപോലും പഞ്ചായത്തിൽ വളർത്താൻ അനുവദിക്കരുത്.

വളർത്തു മൃഗങ്ങളുടേയും പക്ഷികളുടേയും വിതരണം

MLP programme

1994 - 95 :175 കോഴികളെ സൗജന്യനിരക്കിൽ (15 രൂപാ) കൊടുത്തു.

SCprogramme

1995 - 96 : 14 ആടുകളെ നവചൈതന്യാ കോളനിവാസികൾക്ക് സൗജന്യനിരക്കിൽ (1000 രൂപ) കൊടുത്തു.

തീറ്റപ്പുല്ല്.

ഭൂമിയുടെ ലഭ്യതകുറവുനിമിത്തവും ആവശ്യത്തിന് ജലസേചന സൗകര്യമില്ലാത്തതുകൊണ്ടും വൻ തോതിൽ ഒരു തീറ്റപ്പുല്ല് കൃഷിക്കു സാധ്യതയില്ല. എങ്കിലും ഓരോ കൃഷിക്കാരനും സ്വന്തം പുരയിടങ്ങളിൽ പരിമിതമായ തോതിൽ പുല്ല് കൃഷിചെയ്യുന്നതിനു വേണ്ട സാങ്കേതിക,സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കണം.

അതുപോലെ തന്നെ പപ്പായ(കപ്പളം) കൃഷി പ്രോത്സാഹിപ്പിച്ചാൽ കന്നുകാലികളുടെയും കോഴിയുടെയും തീറ്റ പ്രശ്നം ഒരളവുവരെ പരിഹരിക്കാം.

കാലിത്തീറ്റ.

ഇവയുടെ നിർമ്മാണം വൻ കമ്പനികളാണ് നടത്തുന്നത്. അതിന്റെ വിലനിയന്ത്രിക്കാൻ കഴിയുന്നില്ല. അതിനാൽ നമ്മുടെ നാട്ടിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ കൊണ്ടുതന്നെ കാലിത്തീറ്റ ഉത്പാദിപ്പിക്കുന്ന ഒരു ഫാക്ടറി മറ്റു പഞ്ചായത്തുകളുടെ സഹകരണത്തോടെ സ്ഥാപിക്കാൻ ശ്രമിക്കണം. ഇക്കാര്യത്തിൽ സ്വകാര്യവ്യക്തികളെയോ, വ്യവസായതാല്പര്യങ്ങൾ ഉള്ള യുവജനങ്ങളെയോ പ്രോത്സാഹിപ്പിക്കണം. അതിനവർക്ക് വേണ്ട സാങ്കേതിക/ സാമ്പത്തിക സൗകര്യങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

രോഗങ്ങളും പ്രതിവിധികളും

കന്നുകാലികൾക്കും പക്ഷികൾക്കും മറ്റും കണ്ടു വരാറുള്ള രോഗങ്ങളെപ്പറ്റി മുൻപ് പ്രതിപാദിച്ചിട്ടുണ്ടല്ലോ. ഒരേസമയം പരസ്പര ബന്ധമില്ലാതെയാണ് രണ്ടു സ്ഥാപനങ്ങൾ (പറത്താനം മൃഗാശുപത്രിയും കൂട്ടിക്കൽ ICDP സബ്ബ് സെൻററും) പ്രവർത്തിക്കുന്നത്. പക്ഷെ ഏകോപിച്ചുള്ള സമഗ്രമായ പ്രവർത്തനം ഇല്ലാത്തതു നിമിത്തം ഡോക്ടറുടെ സേവനം പറത്താനത്തു മാത്രമായും ഇൻസ്പെക്ടറുടെ പ്രവർത്തനം മറ്റു വാർഡുകളിലുമായി പരിമിതപ്പെടിരിക്കുന്നു. അതിനു പരിഹാരമായി താഴെപറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1) നിലവിലുള്ള കൂട്ടിക്കൽ സബ്ബ് സെൻററിന്റെ പ്രവർത്തനം പറത്താനം മൃഗാശുപത്രിയുടെ പ്രവർത്തന പരിധിയിൽ ആക്കണം. ഈ മൃഗാശുപത്രിയിലും സബ്ബ് സെൻററിലും ആവശ്യത്തിന് മരുന്നുംഉപകരണങ്ങളും ലഭ്യമാക്കണം.

ii) പറത്താനം മൃഗാശുപത്രിയോടു അനുബന്ധിച്ച് ഒരു ഇടുകൂട്(crate)സ്ഥാപിക്കുകയും അവിടെയും ബീജസങ്കലന പ്രക്രിയ ആരംഭിക്കുകയും വേണം.

iii) പറത്താനത്തെ ഡോക്ടറുടെ സേവനം ഈ പഞ്ചായത്തിലെ മറ്റുവാർഡുകളിൽ ലഭ്യമാകുന്നതിനുവേണ്ടി ആഴ്ചയിൽ 4 ദിവസമെങ്കിലും അദ്ദേഹം കൂട്ടിയ്ക്കൽ സബ്ബ് സെൻററിൽ പ്രവർത്തിക്കണം.

iv) മൃഗസംരക്ഷണ വകുപ്പിന് പഞ്ചായത്തു വകയോ/ വാടകയ്ക്കോ ഒരു വാഹനം ഏർപ്പെടുത്തി കൊടുക്കുകയും ആയതുപയോഗിച്ച് ഇളങ്കാട്-പ്ലാപ്പള്ളി ഭാഗങ്ങളിൽ സഞ്ചരിച്ച് മരുന്നും ചികിത്സയും ലഭ്യമാക്കണം.

v) പ്ലാപ്പള്ളി ഇളംകാട് പ്രദേശങ്ങളിൽ ഓരോ ക്രേറ്റു

കൾ ഉണ്ടാക്കുകയും L.I മാർ ആപ്രദേശങ്ങളിൽ പോയി കൃത്രിമ ബീജ സങ്കലന പ്രവർത്തനം നടത്തണം.

തൊഴുത്തുകൾ

ഏറ്റവും ചെലവുകുറഞ്ഞ രീതിയിൽ നിർമ്മിക്കാവുന്ന തൊഴുത്തുകളും അതോടനുബന്ധിച്ചു തന്നെ പ്രവർത്തിപ്പിക്കാവുന്ന ബയോ ഗ്യാസ് പ്ലാൻറുകളും രൂപ കല്പന ചെയ്യണം. അതിനുവേണ്ടി വിദഗ്ദന്മാരുടെ സേവനം ലഭ്യമാക്കണം.

വിപണനം

പാലിൻെറ വിപണനം ഉറപ്പാക്കുന്നതിനുവേണ്ടി തൊട്ടുചേർന്നുള്ള പഞ്ചായത്തുകളുമായി സഹകരിച്ച് ഒരു ശീതീകരണ പ്ലാൻറു ആരംഭിക്കുകയോ, മലനാട് ഡവലപ്പ്മെൻറു സൊസൈറ്റിപോലുള്ള സ്ഥാപനങ്ങളുടെ സഹായം തേടുകയോ ചെയ്യേണ്ടതാണ്.

കോഴിവളർത്തൽ

ഏറ്റവും കുറഞ്ഞ മുതൽ മുടക്കിൽ വീട്ടമ്മമാർക്ക് ചെയ്യാവുന്ന ഒരു വ്യവസായംഎന്ന നിലയ്ക്ക് ഇതിനു വ്യാപകമായ പ്രോത്സാഹനം നൽകേണ്ടതാണ്. അതുപോലെതന്നെ നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ചു വിതരണം (Eggar Nursery) ചെയ്യുന്നവർക്ക് വേണ്ട പ്രോത്സാഹനം നൽകണം. കോഴിത്തീറ്റ ഉണ്ടാക്കാൻ കഴിയുന്ന ഫാക്ടറി നടത്തുന്നവർക്ക് വേണ്ട പ്രോത്സാഹനങ്ങൾ നൽകണം.

ആടുവളർത്തൽ

ഗുണന ക്രമത്തിൽ (Multiplying) ലാഭം ഉണ്ടാക്കാവുന്ന ഒന്നാണ് ആടുവളർത്തൽ. നല്ലയിനം ആടുകളെ വളർത്തുന്നത് സർക്കാർ ശമ്പളത്തേക്കാൾ ആദായകരമായ ഒരു ഉദ്യമമാണ്. അതിനാൽ പരമാവധി സഹായസഹകരണങ്ങളും പ്രോത്സാഹനവും അർഹിക്കുന്നതാണ് ആടുവളർത്തൽ.

പന്നിവളർത്തൽ

ആടു വളർത്തൽ പോലെതന്നെ ആദായകരമാണ്. അതിനാൽ നല്ലയിനം ആടുകളേയും പന്നിക്കുഞ്ഞുങ്ങളേയും സൗജന്യ നിരക്കിൽ വിതരണം ചെയ്യാൻ നടപടികൾ എടുക്കേണ്ടതാണ്.

മൃഗങ്ങളെ വളർത്തൽ എന്നത് ഒരു വ്യവസായമോ കൃഷിയോ എന്നുമാത്രം കണക്കാക്കാതെ നമ്മുടെ ജീവിതത്തിൻെറ ഒരു ഭാഗമാക്കി മാറ്റണം. നമ്മുടെ കുഞ്ഞുങ്ങളെപ്പോലെ അവയെ നാം പരിരക്ഷിക്കുമ്പോൾ അവയിൽ നിന്നും നമുക്ക് നന്ദിസൂചകമായ പെരുമാറ്റങ്ങൾ ഉണ്ടാകും.

അതിനാൽ നമ്മുടെ പഞ്ചായത്തിലെ എല്ലാ വീടുകളിലും പശുവും ആടും പന്നിയും ഒക്കെ വളർത്തി നമ്മുടെ ജനതയുടെ സാമ്പത്തികാടിത്തറ വികസിക്കുകയും സർവ്വോപരി ഐശ്വര്യങ്ങൾ നേടുകയും ചെയ്യട്ടെ എന്ന് ആശംസിക്കുന്നു. ■



വനം- പരിസ്ഥിതി

"കാടേ - കാട് - മനുഷ്യനാദ്യം പിറന്ന വീടേ" ഈ വിടേ ഇന്നു നശിച്ചു നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. പരിസ്ഥിതിയെപ്പറ്റിയുള്ള നമ്മുടെ അറിവ് തുലോം പരിമിതമാണ്. പരിസ്ഥിതിയെ തെറ്റിദ്ധരിച്ച് "പരിതസ്ഥിതി"യെന്ന് വിശേഷിപ്പിക്കുന്നവരും ഉണ്ട്.

ദൈവത്തിന്റെ -പ്രകൃതിയുടെ- വരദാനമായിരുന്നു ഭൂമിയും അതിലെ വായുവും വെള്ളവും, വെളിച്ചവും, ശബ്ദവും. ഇവയുടെ സന്തുലിതാവസ്ഥയാണ് പരിസ്ഥിതി. ഈ പരിസ്ഥിതിയാണ് ഭൂമിയെ ആവാസ്യയോഗ്യമാക്കിയതും അതിന് എന്നെങ്കിലും തകിടം മറിച്ചിൽ ഉണ്ടായാൽ - പരിസ്ഥിതിക്ക് സാരമായ കോട്ടം തട്ടിയാൽ - ഒരുപക്ഷെ ഇന്നു കാണുന്ന ലോകമായിരിക്കില്ല പിന്നെ കാണുന്നത്. അതിനാൽ പരിസ്ഥിതി സംബന്ധമായ ബോധവൽക്കരണത്തിന് പരമപ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ സ്കൂളുകൾ, ലൈബ്രറികൾ - മത സ്ഥാപനങ്ങൾ തുടങ്ങിയ സാമൂഹിക - പ്രസ്ഥാനങ്ങളുടെയും പരിസ്ഥിതി വിദഗ്ദരുടെയും സേവനവും സഹകരണവും തേടേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം 409 ഹെക്ടർ വനഭൂമിയാണ്. വടക്കു കിഴക്കേ അതിർത്തിയിൽ ഉള്ളത്. ഈ പ്രദേശത്തെ മൂപ്പൻ മല എന്നപേരിൽ ആണ് അറിയപ്പെടുന്നത്. ഈ വനങ്ങളുടെ ഉടമസ്ഥാവകാശം കോട്ടയം ഫോറസ്റ്റു ഡിവിഷനിൽപ്പെട്ട എരുമേലി റയിഞ്ചിനാണ്. ഒരു കാലത്ത് സ്വകാര്യ മുതലാളിമാരുടെ കൈവശം ഇരുന്നതും 1971 -ലെ നിക്ഷിപ്ത വനഭൂമി നിയമംവഴി സർക്കാരിൽ നിക്ഷിപ്തമായതുമാണ്.

1971 -ൽ സർക്കാർ ഏറ്റെടുക്കുമ്പോൾ വളരെ നിബിഡമായ ഒരു വനപ്രദേശമായിരുന്നു. ഇവിടെ നിന്നാണ് കൂട്ടിക്കൽ പഞ്ചായത്തിലെ ഏക പുഴയായ പുല്ലഗയാറ്റിലേക്കുള്ള ജലസ്രോതസ്സുകളുടെ ഉത്ഭവം. ഈ വനത്തിൽ ഉണ്ടായിരുന്ന അനേകം മരങ്ങൾ 25 വർഷത്തിനോടകം വെട്ടി നശിപ്പിക്കപ്പെടുകയോ മുറിച്ചു മാറ്റപ്പെടുകയോ ചെയ്തിട്ടുണ്ട്. ഇന്ന് ഈ വനം നാശോന്മുഖമായ (degraded forest) വനം ആയിക്കൊണ്ടിരിക്കുകയാണ്. മരങ്ങൾ മുറിച്ചുമാറ്റുന്നതോടൊപ്പം എല്ലാ വേനൽക്കാലത്തും കാട്ടുകള്ളന്മാരും നായാട്ടുകാരും ചേർന്നു തീയിടുന്ന സ്ഥിതിയുണ്ട്. ഈ നശീകരണ പ്രവണത തുടർന്നാൽ അധികം താമസിയാതെ ഈ മലമ്പ്രദേശം ഒരു വെളിപ്രദേശമായി മാറുകയും ആകെയുള്ള ജലസ്രോതസ്സുകൾ വറ്റിപ്പോകാനും ഇടയുണ്ട്.

വനം വകുപ്പിന്റെ ഭരണം കേന്ദ്ര സംസ്ഥാനങ്ങളുടെ പരിധിയിൽ വരുന്നതാകയാൽ ഇക്കാര്യങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും വന സംരക്ഷണത്തിന് ഇന്ന് നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാകയാൽ കർശന നിയമങ്ങൾ ഉണ്ടാക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്യണം.

നിയമങ്ങൾ ഉണ്ടാക്കിയതുകൊണ്ടു മാത്രമായില്ല: അവ നടപ്പിലാക്കുന്നവർക്ക് അതിനുള്ള ഇച്ഛാശക്തിയും സമ്മതവും ആവശ്യമാണ്. "കാട്ടിലെ തടി; തേവരുടെ ആന" എന്ന നയം ജനങ്ങളും ഉദ്യോഗസ്ഥന്മാരും കൈവെടിഞ്ഞാലെ വന സംരക്ഷണം എന്ന ലക്ഷ്യം കൈവരിക്കാനവൂ. ഇക്കാര്യത്തിൽ ജനങ്ങൾക്കു വേണ്ട ബോധവൽക്കരണം നടത്താനും, വനനശീകരണത്തിന് ശ്രമിക്കുന്നവരെപ്പറ്റിയുള്ള വിവരങ്ങൾ കാലാകാലങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെയോ പഞ്ചായത്തിനെയോ അറിയിക്കാനും സംവിധാനമുണ്ടാകണം. അതുപോലെതന്നെ വനസംരക്ഷണ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്ന് അലംഭാവമുണ്ടായാൽ അവർക്കെതിരെ ഡിപ്പാർട്ട്മെന്റ് ശിക്ഷണ നടപടികൾക്കു പകരം ക്രിമിനൽ നടപടികൾ സ്വീകരിക്കണമെന്നുള്ള നിർദ്ദേശവും വയ്ക്കാവുന്നതാണ്.

മറ്റൊരു പ്രസക്ത സംഗതി നമ്മുടെ നീരുറവകളുടെ സംരക്ഷണം ആണ്. ഇക്കാര്യത്തിൽ വനം വകുപ്പിന് (സാമൂഹിക വനവൽക്കരണ പദ്ധതി) വളരെയേറെ സഹായം ചെയ്യാൻ കഴിയും. അതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

(1) സാമൂഹിക വനവൽക്കരണ പദ്ധതിയനുസരിച്ച് ജലസംഭരണ ശക്തി വർദ്ധിപ്പിക്കാനുതകുന്ന സസ്യാവരണങ്ങൾ സൗജന്യമായി പഞ്ചായത്തുകൾക്കു വിതരണം ചെയ്യേണ്ടതും പഞ്ചായത്ത് അതിന്റെ മേൽനോട്ടത്തിൽ അത്തരം കൃഷികളുടെ വ്യാപനത്തിൽ ശ്രദ്ധിക്കുകയും ചെയ്യുക.

(2) വനവൽക്കരണ പദ്ധതികൾക്ക് രൂപം കൊടുക്കുമ്പോൾ പഞ്ചായത്ത് സമിതികളുമായി ബന്ധപ്പെടുക. ഓരോ പ്രാദേശത്തിനും ഇണങ്ങിയ വൃക്ഷതൈകൾ തിരഞ്ഞെടുക്കുന്നതിൽ പഞ്ചായത്തിന്റെ അഭിപ്രായംകൂടി കണക്കിലെടുക്കുക.

(3) മൂപ്പൻമലയിലെ നാശോന്മുഖമായ വനത്തിൽ അടിയന്തിരമായി, വേഗം വളരുന്നതും എന്നാൽ ജലസ്രോതസ്സിന് ക്ഷതം പറ്റാത്തതുമായ മരങ്ങൾ വച്ചുപിടിപ്പിക്കുക.

(4) വനനശീകരണത്തെപ്പറ്റി റിപ്പോർട്ടു ചെയ്യുന്ന ആളുകളുടെ പേരുവിവരം ഗോപ്യമായി സൂക്ഷിക്കുകയും അവർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നല്കുകയും ചെയ്യുക.

(5) മൂപ്പൻമലയിലോ പരിസരത്തോ ഫോറസ്റ്റുദ്യോഗസ്ഥന്മാർക്ക് താമസിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക.

(6) വനത്തിലെ ഉല്പന്നങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത സാധനങ്ങൾ പഞ്ചായത്ത് കമ്മറ്റിയുടെ ശുപാർശ പ്രകാരം വിതരണം ചെയ്യുക.

അങ്ങനെ നമ്മുടെ നാട്ടിലെ വനങ്ങൾ നമ്മുടെ സ്വന്തം സ്വത്ത് എന്ന നിലയിൽ ജനങ്ങൾതന്നെ സംരക്ഷിക്കുന്ന ഒരവസ്ഥ സംജാതമാക്കാനും വനം വകുപ്പ് ജനങ്ങളുമായി വനസംരക്ഷണത്തിന്റെ കാര്യത്തിൽ ഒരു സൗഹൃദബന്ധം സ്ഥാപിക്കുകയും ചെയ്യുകവഴി പഞ്ചായത്തിനും പഞ്ചായത്തിലെ ജനങ്ങൾക്കും നന്മയുണ്ടാകുന്ന കാലം വിദൂരമല്ലെന്നു പ്രത്യാശിച്ചുകൊണ്ട് ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു.



പൊതുജനാരോഗ്യം

ആരോഗ്യമുള്ള ഒരു ജനതയാണ് ഒരു രാജ്യത്തിന്റെ സമ്പത്ത്. പ്രാചീനകാലത്ത് പാരമ്പര്യ ചികിത്സാരീതികളെ ആശ്രയിച്ചാണ് ഈ പഞ്ചായത്തിലെ ജനങ്ങൾ രോഗ പ്രതിരോധം നടത്തിയിരുന്നത്. കാലാന്തരത്തിൽ ആധുനിക ചികിത്സാരീതികൾ ഈ പ്രദേശത്തും നടപ്പിലായി. ഈ പഞ്ചായത്തിൽ രണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഒന്ന് കൂട്ടിയ്ക്കൽ ടൗണിൽ പ്രവർത്തിച്ചുവരുന്ന പി.എച്ച്.സി യും മറ്റൊന്ന് പറത്താനത്തുള്ള പി.എച്ച്.സി യുമാണ്. ഇളംകാട്ടിൽ ഒരു പി.എച്ച്.സി സബ്സെന്ററിന്റെ കെട്ടിടംപണി പൂർത്തിയായിട്ട് മൂന്നു വർഷങ്ങൾ പിന്നിട്ടിരിക്കുന്നു! ഇതുവരെ ഇതിന്റെ ഉത്ഘാടനം പോലും നടന്നിട്ടില്ല. ചികിത്സാ സൗകര്യം നന്നേ കുറവായിട്ടുള്ള ഈ പഞ്ചായത്തിൽ നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സ്ഥിരമായി ഡോക്ടർമാരോ സ്റ്റാഫോ ഇല്ലാത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നു. ഇപ്പോൾ പ്രവർത്തിച്ചുവരുന്ന പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഉദ്ഘാടനം പ്രതീക്ഷിച്ചു കഴിയുന്ന ഇളംകാട്ടിലെ പി.എച്ച്.സി സബ് സെന്റർ പ്രവർത്തനക്ഷമമാക്കി ജനങ്ങളെ സഹായിക്കേണ്ടതുമാണ്. ഈ പി.എച്ച്.സി കളിൽ ആവശ്യാനുസരമുള്ള മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം. ഇവിടെ സേവനമനുഷ്ഠിക്കാനെത്തുന്ന ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും താമസിക്കാനായി ക്വാർട്ടേഴ്സ് നിർമ്മിക്കണം. യാത്രാസൗകര്യങ്ങൾ വളരെ കുറവായ കാവാലി പ്ലാപ്പള്ളി ഭാഗത്തും ചാത്തൻപ്ലാപ്പള്ളിയിലും ഓരോ പി.എച്ച്.സി സബ്സെന്റർ സ്ഥാപിക്കണം. ഏന്തയാറ്റിൽ ഒരു ആയുർവേദാശുപത്രിയും ഇളംകാട്ടിൽ ഒരു ഹോമിയോ ഡിസ്പൻസറിയും സ്ഥാപിക്കണം.

കൂട്ടിയ്ക്കൽ ടൗണിൽ രണ്ടു പാരമ്പര്യ വൈദ്യന്മാരുടെ വൈദ്യശാലകളും സ്വകാര്യവ്യക്തികളുടെ രണ്ട് അലോപ്പതി ഡിസ്പൻസറികളും ഏന്തയാറ്റിൽ സ്വകാര്യമേഖലയിൽ രണ്ട് ആശുപത്രികളും രു ഡിസ്പൻസറിയും ഇളംകാട്ടിൽ ഒരു ഹോമിയോ ഡിസ്പൻസറിയും പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയൊന്നും ഈ പ്രദേശത്തെ ആളുകളുടെ ചികിത്സയ്ക്കു പര്യാപ്തമാകാത്തതുകൊണ്ട് മുണ്ടക്കയം, കാഞ്ഞിരപ്പള്ളി, പൊൻകുന്നം മുതലായ സ്ഥലങ്ങളിലുള്ള ആശുപത്രികളെ അഭയം പ്രാപിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ നിലവിലുള്ള പി.എച്ച്.സി കളെ എല്ലാവിധ ചികിത്സാ സൗകര്യങ്ങളോടുകൂടിയ ആശുപത്രികളായി രൂപാന്തരപ്പെടുത്തുകയും വേണം.

ആരോഗ്യസംരക്ഷണത്തിന് ശുചിത്വം അത്യന്താപേക്ഷിതമാണ്. ഇക്കാര്യത്തിൽ ഗ്രാമീണർ സ്വതേ അശ്രദ്ധരാണ്. വെളിമ്പ്രദേശങ്ങളിലെ മലമൂത്ര വിസർജ്ജനശീലം ഗുരുതരമായ പല പകർച്ചവ്യാധികൾക്കും കാരണമായിത്തീരുന്നു. ഇതു തടയാൻ കക്കൂസുകളില്ലാത്ത എല്ലാ വീട്ടുകാർക്കും കക്കൂസുകൾ നിർമ്മിച്ചുകൊടുക്കണം. പൊതു നിരത്തുകളും പൊതു സ്ഥലങ്ങളും മലിനമാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഈ പഞ്ചായത്തിലെ ടൗണുകളിൽ അനധികൃതമായി പ്രവർത്തിച്ചു വരുന്ന അറവുശാലകൾ പട്ടണപ്രദേശങ്ങളിൽ നിന്നും ഒരു കിലോമീറ്റർ അകലെ മാറ്റി സ്ഥാപിക്കുകയും അവയോടനുബന്ധിച്ച് അസ്ഥിക്കുഴികൾ നിർമ്മിച്ചു മൂടി സൂക്ഷിക്കുകയും വേണം. കൂട്ടിയ്ക്കൽ, ഏന്തയാർ, ഇളംകാട് എന്നീ ടൗണുകളിലെ മാലിന്യങ്ങൾ ഈ പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സായ പുല്ലകയാറ്റിൽ നിക്ഷേപിക്കുന്നതിനു പകരം പ്രത്യേകം നിർമ്മിക്കപ്പെടുന്ന വളക്കുഴികളിൽ സ്ഥാപിച്ച് അണുനാശിനികൾ തളിക്കേണ്ടതാണ്. പറത്താനം, കൂട്ടിയ്ക്കൽ, ഏന്തയാർ എന്നീ ടൗണുകളിൽ ആവശ്യാനുസരണം കക്കൂസുകളും മൂത്രപ്പുരകളും നിർമ്മിക്കണം. ഏന്തയാർ, പറത്താനം എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്ന റബ്ബർ ഫാക്ടറികളിൽനിന്നും പുറത്തുവിടുന്ന മലിനജലം ശുദ്ധീകരി

ക്കാനും അശുദ്ധമായി കൊണ്ടിരിക്കുന്ന അന്തരീക്ഷവായു ശുദ്ധീകരിക്കാനും നടപടികൾ സ്വീകരിക്കണം. പറത്താനം, കൂട്ടിയ്ക്കൽ, ഏന്തയാർ, ഇളംകാട് എന്നീ ടൗണുകളിൽ ഓടകൾ നിർമ്മിക്കുകയും കൊതുകു നശീകരണത്തിന് ആവശ്യമായ മരുന്നുകൾ യഥാസമയം തളിക്കുകയും വേണം. ഈ പഞ്ചായത്തിൽ പൊതു ശ്മശാനം ഇല്ലാത്തതുമൂലം ജനങ്ങൾ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ഇരു പരിഹരിക്കുന്നതിന് ഈ പഞ്ചായത്തിലെ ഒന്ന്, രണ്ട്, മൂന്ന് എന്നീ വാർഡിലെ ജനങ്ങൾക്കു പ്രയോജനപ്പെടത്തക്കവിധത്തിൽ കൂട്ടിയ്ക്കൽ ഒരു ശ്മശാനവും നാല്, അഞ്ച് എന്നീ വാർഡുകൾക്കുവേണ്ടി ഒരു ശ്മശാനവും ആറ്, ഏഴ്, എട്ട് വാർഡുകൾക്കുവേണ്ടി സൗകര്യപ്രദമായ സ്ഥലത്ത് മറ്റൊരു ശ്മശാനവും നിർമ്മിക്കേണ്ടതാണ്.

പഞ്ചായത്തിലുടനീളം അനാഥമായി അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്നു. നായ്ക്കളെ വളർത്തുന്നതിന് പഞ്ചായത്തു നിയന്ത്രണം ഏർപ്പെടുത്തുകയും അലഞ്ഞുതിരിഞ്ഞു നടക്കുന്നവയെ നശിപ്പിക്കുകയും ചെയ്താൽ മാരകമായ പേപ്പട്ടി വിഷബാധയെക്കുറിച്ച് ഭയപ്പെടേണ്ടി വരില്ല.

പഞ്ചായത്തിലെ ജനങ്ങൾക്കായി അവരവരുടെ വ്യക്തിനിഷ്ഠമായ ആരോഗ്യവിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഹെൽത്തു കാർഡുകൾ വിതരണം ചെയ്യേണ്ടതാണ്. ആരോഗ്യമുള്ള ഒരു ജനതയ്ക്കു മാത്രമേ സാമൂഹ്യ പുരോഗതിയിൽ ഗണ്യമായ പങ്കുവഹിക്കാൻ സാധിക്കുകയുള്ളൂ. നമ്മുടെ പഞ്ചായത്തിലെ പുരോഗതിയിലേയ്ക്കുള്ള ആദ്യനടപടിയെന്ന നിലയിൽ ഒരു പുതിയ ആരോഗ്യസംസ്കാരം പടുത്തുയർത്തേണ്ടതുണ്ട്.



വിദ്യാഭ്യാസം

കൃഷിയ്ക്കും കച്ചവടത്തിനും മറ്റുമായി ഒരു ശതാബ്ദം മുമ്പ് കോട്ടയം ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നും ഈ പഞ്ചായത്തു പ്രദേശങ്ങളിൽ കുടിയേറിപ്പാർത്തവർ വിദ്യാഭ്യാസത്തിനു കാര്യമായ പ്രാധാന്യം നൽകിയിരുന്നില്ല. ആദ്യകാലത്ത് ഈ പ്രദേശത്ത് വിദ്യാലയങ്ങളില്ലായിരുന്നു. കുടിപ്പള്ളിക്കൂടങ്ങളുടെ സഹായത്തോടെ പ്രാഥമിക വിദ്യാഭ്യാസം നിർവ്വഹിച്ചുപോന്നു.

ഈ പഞ്ചായത്തിൽ ഒമ്പതു വിദ്യാലയങ്ങൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. അതിൽ ആദ്യത്തേത് കൂട്ടിയ്ക്കൽ C.M.S L.P സ്കൂളാണ്. രണ്ടാമതായി പ്രവർത്തനമാരംഭിച്ചത് വെട്ടിയ്ക്കാനം K.C.M L.P.S ആണ്. ഈ എൽ.പി. സ്കൂൾ കാലാന്തരത്തിൽ യു.പി. സ്കൂളായി അപഗ്രേഡു ചെയ്യപ്പെട്ടു. സ്വാതന്ത്ര്യ പ്രാപ്തിയ്ക്കു തൊട്ടുമുമ്പായി ഒലയനാട് ശ്രീ ഗാന്ധി മെമ്മോറിയൽ എൽ.പി. സ്കൂൾ സ്ഥാപിതമായി. 1953 -ൽ വെട്ടിയ്ക്കാനത്തു പ്രവർത്തിച്ചു വന്നിരുന്ന യു.പി. സ്കൂൾ അപ്ഗ്രേഡു ചെയ്ത് കൂട്ടിയ്ക്കൽ സെൻറ് ജോർജ്സ് ഹൈസ്കൂളായിത്തീർന്നു. 1956 -ൽ ഈ സ്കൂൾ ഒരു കംപ്ലീറ്റ് ഹൈസ്കൂളായിത്തീർന്നു. ശ്രീ. കെ.വി. തോമസ് പൊട്ടംകുളം വക സീവ്യൂ എസ്റ്റേറ്റിൽ ഒരു എൽ.പി. സ്കൂൾ സ്ഥാപിതമായി. കാലാന്തരത്തിൽ ഈ സ്കൂൾ പറത്താനം സെൻറ് മേരീസ് ചർച്ച് ഏറ്റെടുക്കുകയും താമസിയാതെ ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂളാകുകയും ചെയ്തു. പട്ടിക ജാതിക്കാരും ഗിരിവർഗ്ഗക്കാരും തിങ്ങിപ്പാർത്തിരുന്ന ചാത്തൻപ്ലാപ്പള്ളിയിലും പ്ലാപ്പള്ളിയിലും ഗവർമെൻറുമേഖലയിൽ ഓരോ എൽ.പി. സ്കൂളുകൾ സ്ഥാപിതമായി 1982 ജൂണിൽ എട്ടാം സ്റ്റാൻേറർഡോടുകൂടി പ്രർത്തനമാരംഭിച്ച ജെ.ജെ. മർഫി മെമ്മോറിയൽ ഹൈസ്കൂളാണ് ഈ പഞ്ചായത്തിലെ രണ്ടാമത്തെ ഹൈസ്കൂൾ. 1984 -ൽ കൊടുങ്ങാം 7 -ാം വാർഡിൽ സ്ഥാപിതമായ ഒരു യു.പി. സ്കൂളാണ് ആർ. ശങ്കർ മെമ്മോറിയൽ യു.പി. സ്കൂൾ. ഇങ്ങനെ ഈ പഞ്ചായത്തിൽ ആകെ രണ്ട് ഹൈസ്കൂളുകളും മൂന്നു യു.പി. സ്കൂളുകളും നാല് എൽ.പി. സ്കൂളുകളുമുണ്ട്.

കൂട്ടിയ്ക്കൽ സെൻറ് ജോർജ് ഹൈസ്കൂൾ ഈ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്ത് നിസ്തുലമായ സേവനമാണ് അനുഷ്ഠിച്ചിട്ടുള്ളത്. കൂട്ടിയ്ക്കൽ പട്ടണത്തിലെ ബഹളങ്ങളിൽ നിന്നെല്ലാമൊഴിഞ്ഞ് പ്രകൃതി രമണീയമായ അന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്ന സെൻറ് ജോർജ് ഹൈസ്കൂൾ ഈ പഞ്ചായത്തിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഏകാവലംബമായിരുന്നു. പത്തും പന്ത്രണ്ടും കിലോമീറ്റർ അകലെ നിന്നുപോലും ഹൈസ്കൂൾ പഠനത്തിനായി വിദ്യാർത്ഥികൾ ഈ സ്കൂളിലെത്തിയിരുന്നു! കാലാന്തരത്തിൽ ഇവിടെ എത്തുന്ന വിദ്യാർത്ഥികൾക്കെല്ലാം പ്രവേശനം നല്കാൻ പറ്റാതെ അധികൃതർ നന്നേ വിഷമിച്ചു!.

മികച്ച അദ്ധ്യയനത്തിനും സ്തുത്യർഹമായ അച്ചടക്കത്തിനും പേരുകേട്ട ഈ വിദ്യാലയം വിദ്യാഭ്യാസരംഗത്ത് നിസ്തുലമായ സേവനമാണ് കാഴ്ചവച്ചിട്ടുള്ളത്! ആണ്ടുതോറും നൂറുകണക്കിന് വിദ്യാർത്ഥികളെ പ്രശസ്തമായ നിലയിൽ എസ്.എസ്.എൽ.സി പാസ്സാക്കി അയയ്ക്കാൻ ഈ സരസ്വതീക്ഷേത്രത്തിനു കഴിഞ്ഞു. ഇവിടെനിന്നും അദ്ധ്യയനം പൂർത്തിയാക്കി പുറത്തുപോയ നിരവധിപേർ ജീവിതത്തിൻെറ വിവിധ തുറകളിൽ ശ്രദ്ധേയമായ പദവികളിൽ എത്തുകയുണ്ടായി. മഹത്തായ സേവനംകൊണ്ട് ഈ വിദ്യാലയത്തെ ധന്യമാക്കിയ നിരവധി അദ്ധ്യാപകർ ചിരസ്മരണീയരായിരിക്കുന്നു! സംസ്ഥാന ഗവൺമെൻറിൻെറ അവർഡിനർഹരായ ശ്രീ ഈ.റ്റി. ജോസഫ് ബി.എ., ബി.റ്റി യും ശ്രീ വി.ജെ. സക്കറിയാ എം.എ., ബി.റ്റി യും അവരിൽ മുമ്പിൽ നിൽക്കുന്നു. വശ്യവചസ്സുകളും മഹാ പണ്ഡിതൻമാരും സേവനനിരതരുമായ നിരവധി അദ്ധ്യാപകർ ഈ വിദ്യാലയത്തെ കനിഞ്ഞനുഗ്രഹിച്ചിട്ടുണ്ട്. നിരവധി വർഷങ്ങളിൽ ഈ വിദ്യാലയം എസ്.എസ്.എൽ.സി പരീ

ക്ഷയ്ക്ക് ഉന്നതനിലവാരം പുലർത്തിയിട്ടുണ്ട്. പാഠ്യേതരരംഗത്തും ഈ വിദ്യാലയം ശ്രദ്ധേയമായ വിജയം കൈവരിച്ചിരുന്നു.

എന്നാൽ 1993 മുതലുള്ള എസ്.എസ്.എൽ.സി പരീക്ഷകളുടെ വിജയശതമാനം ക്രമാനുഗതമായി കുറഞ്ഞുവരുന്നതായി കാണുന്നു. 1993 ൽ 53.24 ശതമാനമായിരുന്ന റിസൾട്ട് 1996 ൽ 37.2 ശതമാനമായി കുറഞ്ഞിരിക്കുന്നു!

ഈ പഞ്ചായത്തിലെ രണ്ടാമത്തെ ഹൈസ്കൂൾ ജെ.ജെ. മർഫി മെമ്മോറിയൽ ഏന്തയാർ ആണ്. സുപ്രസിദ്ധമായ ഏന്തയാർ എസ്റ്റേറ്റിന്റെ സ്ഥാപകനും പ്ലാന്ററും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ തൽപ്പരനും ബ്രിട്ടീഷുകാരനുമായിരുന്ന ജെ. ജെ മർഫിയുടെ സ്മാരകമായി ഏന്തയാർ പട്ടണത്തിന്റെ ഹൃദയഭാഗത്തു 1982 -ൽ പ്രവർത്തനമാരംഭിച്ച ഒരു ഹൈസ്കൂളാണിത്. 1985 മാർച്ചിൽ ഈ ഹൈസ്കൂളിൽനിന്നും എസ്.എസ്.എൽ.സി വിദ്യാർത്ഥികൾ പുറത്തുവന്നു. ഈ വിദ്യാലയത്തിന്റെ ആരംഭത്തോടുകൂടി കൂട്ടിയ്ക്കൽ സെൻറ് ജോർജ്സ് ഹൈസ്കൂളിൽ അഡ്മിഷൻ സമയത്തുണ്ടായിരുന്ന തിരക്ക് ഒഴിവാക്കുന്നതിനും, ഏന്തയാർ, മുണ്ടപ്പള്ളി, ചാത്തൻ പ്ലാപ്പള്ളി, ഒലയനാട്, ഞർക്കാട്, കൂന്നാട്, കൊടുങ്ങാ, വല്ല്യേന്ത, മ്ലാക്കര, ഇളംകാട് എന്നീ പ്രദേശങ്ങളിലെ കുട്ടികൾക്ക് ഹൈസ്കൂൾ പഠനത്തിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനും സാധിച്ചു. പൊതുക്കാര്യ പ്രസക്തനും പ്ലാന്ററും വ്യവസായ പ്രമുഖനും ആയ ശ്രീ.മൈക്കിൾ എ. കള്ളിവയലിൽ അവറുകളുടെ മാനേജ്മെൻറിലാണ് ഈ സ്കൂൾ സ്ഥാപിതമായത്. എസ്.എസ്.എൽ.സി പരീക്ഷാവിജയത്തിൽ ആദ്യകാലത്തുണ്ടായിരുന്ന മികവ് കാലാന്തരത്തിൽ കുറഞ്ഞുവരുന്നതായി കാണുന്നു.

ഈ പഞ്ചായത്തിലെ ശ്രദ്ധേയമായ ഒരു യു.പി. സ്കൂളാണ് ഒളയനാട് ശ്രീ ഗാന്ധി മെമ്മോറിയൽ സ്വാതന്ത്ര്യ പ്രാപ്തിയ്ക്കു തൊട്ടു മുമ്പാരംഭിച്ച ഈ വിദ്യാലയം ഇരുളടഞ്ഞ ഈ ഗ്രാമപ്രദേശത്തെ പ്രഭാതപൂരിതമാക്കി! വിദ്യാഭ്യാസം ചെയ്യാൻ കുടിപ്പള്ളിക്കൂടങ്ങൾ മാത്രം ആശ്രയമായിരുന്ന കൊടുങ്ങാ, വല്ല്യേന്ത, മ്ലാക്കര, ഇളംകാട്, ഞർക്കാട്, കൂന്നാട്, ഒളയനാട്, എന്തയാർ, മുണ്ടപ്പള്ളി, ചാത്തൻ പ്ലാപ്പള്ളി എന്നീ വിശാലമായ പ്രദേശങ്ങളിലെ കൊച്ചുകുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകിയനുഗ്രഹിച്ചത് ഈ വിദ്യാലയമാണ്. ഈ വിദ്യാലയം സ്ഥാപിക്കുന്നതിനുവേണ്ടി ഇന്നാട്ടിലെ സാധാരണക്കാർക്കു നേതൃത്വം നൽകി അഹോരാത്രം കഷ്ടപ്പെട്ട ദിവംഗതനായ ശ്രീ. എം.എം നീലകണ്ഠപ്പിള്ളയെ അന്നത്തെ വിദ്യാർത്ഥികൾ സ്നേഹ ബഹുമാനങ്ങളോടനുസ്മരിക്കുന്നു. എൽ.പി. സ്കൂളായി ആരംഭിച്ച ഈ വിദ്യാലയം കാലാന്തരത്തിൽ യു.പി. സ്കൂളായി ഉയർത്തപ്പെട്ടു.

പറത്താനം ഒന്നാം വാർഡിൽ, സെൻറ് മേരീസ് ചർച്ചിന്റെ മാനേജ്മെൻറിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന സീവ്യൂ എസ്റ്റേറ്റു യു.പി. സ്കൂൾ ശ്രീ. കെ.വി. തോമസ് പൊട്ടംകുളം വക എസ്റ്റേറ്റു സ്കൂളായിരുന്നു. അത് ഒരു എൽ.പി. സ്കൂളായിരിക്കേ ഇന്നത്തെ മാനേജ്മെൻറ് ഏറ്റെടുക്കുകയും തുടർന്ന് അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂളാക്കുകയും ചെയ്തു. മുണ്ടക്കയം, കൂട്ടിയ്ക്കൽ, പൂഞ്ഞാർ തെക്കേക്കര, പാറത്തോട് എന്നീ പഞ്ചായത്തുകളിലെ വിദ്യാർത്ഥികൾക്ക് ഈ സ്കൂൾ പ്രയോജനപ്പെടുന്നു.

1984 -ൽ കൊടുങ്ങാ 7 -ാം വാർഡിൽ പ്രവർത്തനമാരംഭിച്ച യു.പി. സ്കൂളാണ് ആർ. ശങ്കർ മെമ്മോറിയൽ യു.പി. സ്കൂൾ. ഈ പഞ്ചായത്തിലെ ഏഴ്, എട്ട് വാർഡുകളിലെ പിഞ്ചുകുഞ്ഞുങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസാവശ്യത്തിനായി ഒരു എൽ.പി. സ്കൂൾ അനുവദിച്ചു കട്ടണമെന്ന അപേക്ഷയുമായി ഗവൺമെൻറിനെ സമീപിച്ച ഇന്നാട്ടുകാർക്ക് നിർഭ്യാഗ്യവശാൽ അനുവദിച്ചുകിട്ടിയത് ഒരു യു.പി. സ്കൂളാണ്. എൽ.പി. സ്കൂളില്ലാത്തതുമൂലം കൊടുങ്ങാ, വല്ല്യേന്ത, മേലേത്തടം, ഇളംകാട്, ഏഴേക്കർ, കൂന്നാട്, ഞർക്കാട് എന്നീ പ്രദേശങ്ങളിലെ കൊച്ചുകുട്ടികൾ ഒന്നാം ക്ലാസ്സിൽ പഠനമാരംഭിക്കാൻ അഞ്ചു കിലോമീറ്ററിലേറെ ദൂരെ മലകളും തോടുകളും താണ്ടി യാത്ര ചെയ്യേണ്ടിയിരിക്കുന്നു! ആയതിനാൽ ഈ യു.പി. സ്കൂളിനോടനുബന്ധിച്ച് ഒരു എൽ.പി. സ്കൂൾ അനുവദിക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ ആദ്യത്തെ എൽ.പി. സ്കൂൾ കൂട്ടിയ്ക്കൽ പൂച്ചക്കല്ലിൽ സ്ഥിതിചെയ്യുന്നു. സി.എം.എസ്. എൽ.പി. സ്കൂളാണ്. അതിനെത്തുടർന്ന് സെൻറ് ജോർജ്സ് പള്ളിക്കു സമീപം സ്ഥിതിചെയ്യുന്ന കെ.സി.എം. എൽ.പി. സ്കൂൾ സ്ഥാപിതമായി. ഈ സ്കൂൾ അപഗ്രേഡ് ചെയ്ത് വെട്ടിക്കാനം യു.പി. സ്കൂളായി. 1953 -ൽ ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്ത് കൂട്ടിയ്ക്കൽ സെൻറ് ജോർജ്സ് ഹൈസ്കൂളായിത്തീർന്നു.

പട്ടികജാതിക്കാരും ഗിരിവർഗ്ഗക്കാരും തിങ്ങിപ്പാർക്കുന്ന ചാത്തൻ പ്ലാപ്പള്ളിയിൽ ആദ്യമായി ഒരു ഗവൺമെൻറു മേഖലയിലുള്ള എൽ.പി.എസ്.

പ്രവത്തനമാരംഭിച്ചു. തുടർന്ന് നാലാം വാർഡ് പ്ലാപ്പള്ളിയിലും ഒരു ഗവൺമെൻറ് എൽ.പി. സ്കൂൾ സ്ഥാപിതമായി. ആദ്യകാലങ്ങളിൽ നല്ല നിലയിൽ പ്രവർത്തിച്ചു വന്നിരുന്നു ഈ വിദ്യാലയങ്ങളുടെ നിലനിൽപ്പുതന്നെ ഇന്ന് അപകടത്തിലായിരിക്കുന്നു! അദ്ധ്യയനനിലവാരം താഴ്ന്നു പോയതുമൂലം സ്കൂളിൽ എത്തുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞു. മാത്രമല്ല, മലമ്പ്രദേശത്തു സ്ഥിതിചെയ്യുന്ന ഈ സ്കൂളുകളിൽ നിയമനം കിട്ടിവരുന്ന അദ്ധ്യാപകർക്ക് സൗകര്യപ്രദമായ താമസസൗകര്യമില്ലാത്തതിനാലും യാത്രാസൗകര്യങ്ങൾ അപര്യാപ്തമായതിനാലും അവർ ജോലിയ്ക്കു ചേർന്നിട്ട് ലീവെടുത്തു പോകുന്നു. അദ്ധ്യാപകരുടെ അസാന്നിധ്യം അദ്ധ്യയന നിലവാരത്തെ തകർത്തു കളയുന്നു. ഫലപ്രദമായി പഠനം നടക്കാത്തതിനാൽ ഈ സ്കൂളുകളിലേയ്ക്ക് കുട്ടികളെ അയയ്ക്കാൻ രക്ഷിതാക്കൾ മടിക്കുന്നു. തൻമൂലം വിദ്യാർത്ഥികളില്ലാതെ സ്കൂൾ പൂട്ടേണ്ട അവസ്ഥയിലേയ്ക്കു നീങ്ങുന്നു. ചാത്തൻ പ്ലാപ്പള്ളി സ്കൂളിൽ ഒന്നുമുതൽ നാലുവരെയുള്ള ക്ലാസ്സുകളിലായി മൊത്തം 51 വിദ്യാർത്ഥികളാണ് ഇപ്പോഴുള്ളത്. പ്ലാപ്പള്ളി എൽ.പി.എസ്. -ൽ 31 ഉം.

പാരലൽ കോളേജുകൾ

പത്തു പതിനഞ്ചുകൊല്ലമായി ഏന്തയാറ്റിൽ ' 'യൂണിവേഴ്സൽ കോളേജ്'' എന്ന പേരിൽ ഒരു ടൂട്ടോറിയൽ കോളേജ് പ്രവർത്തിച്ചു വരുന്നുണ്ട്. കോളേജിൽ അഡ്മിഷൻ കിട്ടാതെ വരുന്ന എസ്.എൽ.സി. ക്കാർക്കും. എസ്.എസ്.എൽ.സി. പരീക്ഷയ്ക്കു തോറ്റു പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഈ വിദ്യാലയം ഒരനുഗ്രഹമാണ്. താരതമ്യേന ഭേദപ്പെട്ട വിജയശതമാനവും ഈ വിദ്യാലയം നിലനിർത്തിപ്പോരുന്നു.

കൂട്ടിയ്ക്കൽ കേന്ദ്രമാക്കി 'വിന്നർ', 'പയനിയർ' എന്ന രണ്ടു പാരലൽ കോളേജുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. സാധാരണക്കാരായ രക്ഷിതാക്കളുടെ കുട്ടികൾക്ക് ഈ വിദ്യാലയങ്ങൾ ആശ്വാസമരുളുന്നു.

അംഗൻവാടികൾ

സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിലുള്ള 19 അംഗൻവാടികൾ ഈ പഞ്ചായത്തിലുണ്ട്. മറ്റു സന്നദ്ധ സംഘടനകൾ നടത്തുന്ന അഞ്ച് ബാലവാടികളും ഈ പഞ്ചായത്തിലുണ്ട്. മിക്ക അംഗൻവാടികളിലും കക്കൂസ്, കളിക്കോപ്പുകൾ, ഉപകരണങ്ങൾ എന്നിവയില്ല. സ്വന്തമായി കെട്ടിടമില്ലാത്ത ആറാം വാർഡിലെ ഒറ്റമരം എന്ന സ്ഥലത്ത് ഒരു അംഗൻവാടി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. മ്ലാക്കര, മുണ്ടപ്പള്ളി എന്നീ സ്ഥലങ്ങളിൽ അംഗൻവാടികൾക്കുള്ള കെട്ടിടങ്ങൾ പണിപൂർത്തിയായിട്ടില്ല. ചാത്തൻ പ്ലാപള്ളി. കാവാലി എന്നീ സ്ഥലങ്ങളിലുള്ള അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല. അംഗൻവാടി നിർമ്മാണത്തിന് ഗവൺമെൻറ് നൽകുന്ന തുക ഒന്നര ലക്ഷമാക്കണമെന്ന് അഭിപ്രായമുണ്ട്.

പ്രശ്നങ്ങൾ

1) മിക്ക അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടങ്ങളോ, സ്ഥലമോ, കളികോപ്പുകളോ, ഫർണിച്ചറുകളോ ഇല്ല.
2) ഭൂരിഭാഗം സ്കൂളുകളിലേയും പഠനനിലവാരം ശരാശരിയിലും താഴെയാണ്.
3) ഇംഗ്ലീഷ് മീഡിയത്തിനോടുള്ള ആഭിമുഖ്യം ഇടത്തട്ടുകാർക്കിടയിൽ കൂടിവരുന്നു.
4) പല വിദ്യാലയങ്ങളുടെയും ഭൗതീക സൗകര്യങ്ങൾ അപര്യാപ്തമാണ്.
5) ഉന്നത വിദ്യാഭ്യാസ സൗകര്യം പഞ്ചായത്തിലില്ല.
6) ഏഴ്, എട്ട് വാർഡുകളിലെ കൊച്ചു വിദ്യാർത്ഥികൾക്ക് നാലും അഞ്ചും കിലോമീറ്റർ സഞ്ചരിച്ചാൽ മാത്രമേ പ്രൈമറി സ്കൂളിലെത്താനാവൂ.
7) അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് ആസൂത്രിതവും സാർവ്വത്രികവുമായ പരിപാടികൾ നടപ്പാക്കുന്നില്ല.
8) തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടുന്നതിന് ഒരു സംവിധാനവും ഈ പഞ്ചായത്തിലില്ല.
9) മിക്ക സ്കൂളുകളിലും കളിസ്ഥലമില്ലാത്തതിനാൽ കായിക വിദ്യാഭ്യാസത്തിനു പ്രോത്സാഹനം ലഭിക്കുന്നില്ല.
10) സംഗീതം, നൃത്തം, ചിത്രരചന തുടങ്ങി കലാവിദ്യാഭ്യാസത്തിനു മതിയായ സൗകര്യങ്ങളില്ല.
11) നാലും അഞ്ചും വാർഡുകളിലുള്ള ഗവൺമെൻറ് എൽ.പി. സ്കൂളുകളിൽ കുട്ടികളുടെ അഭാവം മൂലം സ്കൂളുകൾ പൂട്ടേണ്ട സാഹചര്യം സംജാതമായിരിക്കുന്നു.
12) കായിക വിദ്യാഭ്യാസ രംഗത്ത് മികച്ച പ്രകടനം കാഴ്ചവച്ചിരുന്ന സ്കൂൾ വളരെയേറെ പിന്നോക്കം പോയിരിക്കുന്നു.
13) ഈ പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളുകളിലും ആദ്യ കാലത്തുണ്ടായിരുന്ന എസ്.എസ്.എൽ.സി വിജയശതമാനം ക്രമാനുഗതമായി കുറഞ്ഞു വരുന്നു.

(ഒന്നുമുതൽ നാലുവരെ പട്ടിക നോക്കുക)

പട്ടിക - 1

കൂട്ടിയ്ക്കൽ പഞ്ചായത്തിലെ സ്കൂളുകൾ

വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ആകെ കുട്ടികൾ			S.C/ST/			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ					
								S.C/S.T			മറ്റുള്ളവർ			S.C/ST			മറ്റുള്ളവർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	St. Geroge's High School Koottickal	590	481	1071	134	98	232	44	7	51	90	86	176	5	2	7	7	4	11
2	J.J.M.M. High School Yendayar	256	223	479	27	29	56	7	1	8	29	13	42	-	-	-	1	1	2
3	Sea View Eastate U.P.S Parathanam	224	201	425	46	41	87	9	4	13	21	10	31	2	-	2	1	1	2
4	S.G.M. U.P. School Olayanadu	346	329	675	38	36	74	3	4	7	33	16	49	-	1	1	4	1	5
5	R.S.M. U.P. School Kodunga	83	74	157	5	4	9	2	1	3	13	4	17	-	-	-	1	-	1
6	K.C.M. L.P. Vettickanam	284	203	487	38	23	61	2	-	2	16	10	26	-	-	-	-	-	-
7	C.M.S. L.P.S. Koottickal	40	51	91	13	13	26	1		1	3	1	4						
8	Govt: L.P.S. Chanthenplappally	33	18	51	6	4	10	-	-	-	1	-	1	1	-	1	12	2	14
9	Govt: L.P.S. Plappally	21	13	34	7	2	9	-	-	-	-	-	-	1	-	-	-	-	-

പട്ടിക - 2

വിദ്യാലയങ്ങളിലെ സൗകര്യങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	സ്വന്തം കെട്ടിടം ഉണ്ടോ?	വിസ്തീർണ്ണം	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലബോറട്ടറി	ലൈബ്രറി	മൂത്രപ്പുര	കക്കൂസ്	പാചക മുറി	വൈദ്യുതി	കളിസ്ഥലം	കിണർ
1	St. Geroge's High School Koottickal	ഉണ്ട്	1472.85 Sq. Meter	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
2	J.J.M.M. High School Yendayar	ഉണ്ട്	3 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
3	Sea View Eastate U.P.S Parathanam	ഉണ്ട്	791.75	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
4	S.G.M. U.P. School Olayanadu	ഉണ്ട്	2 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ആൺകുട്ടികൾക്കില്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
5	R.S.M. U.P. School Kodunga	ഉണ്ട്	ഒന്നര ഏക്കർ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
6	K.C.M. L.P. Vettickanam	ഉണ്ട്	1 ഏക്കർ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
7	Govt: L.P.S. Chanthenplappally	ഉണ്ട്	50 സെൻറ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
8	C.M.S. L.P.S. Koottickal	ഉണ്ട്	25 സെൻറ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
9	Govt: L.P.S. Plappally	ഉണ്ട്	1ഏക്കർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല

പട്ടിക - 3

അദ്ധ്യാപകരെ സംബന്ധിക്കുന്ന വിവരം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	അദ്ധ്യാപകരുടെ എണ്ണം H.S.			അദ്ധ്യാപകരുടെ എണ്ണം U.P.			അദ്ധ്യാപകരുടെ എണ്ണം L.P.			മാനേജ്മെൻറ്
		പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ	
1	St. Geroge's High School Koottickal			44							
2	J.J.M.M. High School Yendayar			21							
3	Sea View Eastate U.P.S Parathanam						16				
4	S.G.M. U.P. School Olayanadu						25				
5	R.S.M. U.P. School Kodunga						8				
6	K.C.M. L.P. Vettickanam									12	
7	Govt: L.P.S. Chanthenplappally									3	
8	C.M.S. L.P.S. Koottickal									5	
9	Govt: L.P.S. Plappally									2	

പട്ടിക - 4

S.S.L.C വിജയശതമാനം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	1993-94						1994-95						1995-96					
		പരീക്ഷയ്ക്കിരുന്നവർ	ഡിസ്റ്റിംഗ്ഷൻ	ഫസ്റ്റ് ക്ലാസ്സ്	മറ്റുള്ളവർ	ആകെ വിജയിച്ചവർ	ശതമാനം	പരീക്ഷയ്ക്കിരുന്നവർ	ഡിസ്റ്റിംഗ്ഷൻ	ഫസ്റ്റ് ക്ലാസ്സ്	മറ്റുള്ളവർ	ആകെ വിജയിച്ചവർ	ശതമാനം	പരീക്ഷയ്ക്കിരുന്നവർ	ഡിസ്റ്റിംഗ്ഷൻ	ഫസ്റ്റ് ക്ലാസ്സ്	മറ്റുള്ളവർ	ആകെ വിജയിച്ചവർ	ശതമാനം
1.	St. Geroge's H.S. Kootickal		ലഭ്യമല്ല				53.7						44.2						37.2
2.	J.J.M.M. H.S. Yendayar						59						56						58

നിർദ്ദേശങ്ങൾ

1) അംഗൻവാടികൾക്കും ബാലവാടികൾക്കും വിദ്യാലയങ്ങൾക്കും സ്വന്തമായി കെട്ടിടങ്ങളും മറ്റു ഭൗതീക സാഹചര്യങ്ങളും ഒരുക്കുക.

2) വിദ്യാലയങ്ങളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് യഥാകാലം പുനഃപരിശീലനം ഏർപ്പെടുത്തുക. സ്കൂളുകളിലെ പി.റ്റി.എ മാതൃ സംഗമം എന്നിവയുടെ പ്രവർത്തനം സജീവമാക്കുക. ജനകീയ സമിതികൾ സ്കൂളുമായി നിരന്തരം ബന്ധം പുലർത്തുക. അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം കുറച്ച് വിദ്യാർത്ഥികളെ അദ്ധ്യാപകർക്ക് വ്യക്തിപരമായി ശ്രദ്ധിക്കാൻ അവസരം സൃഷ്ടിക്കുക. സ്കൂളുകളിലെ കുട്ടികളുടെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക. ഗവൺമെൻറ് സ്കൂളുകളിൽ യഥാസമയം സ്വദേശികളായ അധ്യാപകരെ നിയമിക്കുക. എല്ലാ സ്കൂളുകളിലും പാഠ്യേതര പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കലാകായിക അധ്യാപകരെ നിർബ്ബന്ധമായും നിയമിക്കുക.

3) ഉന്നത വിദ്യാഭ്യാസ സൗകര്യം ഉറപ്പുവരുത്തുന്നതിന് ഏന്തയാർ ജെ.ജെ. മർഫി മെമ്മോറിയൽ ഹൈസ്കൂൾ കേന്ദ്രമാക്കി ഒരു പ്ലസ്റ്റു അനുവദിക്കുക.

4) ഏഴ്, എട്ട് വാർഡുകളിലെ കൊച്ചുകുഞ്ഞുങ്ങളുടെ പ്രൈമറി വിദ്യാഭ്യാസത്തിനായ് ഏഴാം വാർഡിലെ ആർ. ശങ്കർ മെമ്മോറിയൽ യു.പി. സ്കൂളിനോടനുബന്ധിച്ച് ഉടൻതന്നെ ഒരു എൽ.പി. സ്കൂൾ അനുവദിക്കാൻ നടപടി സ്വീകരിക്കുക.

5) ജനവിദ്യാ കേന്ദ്രങ്ങളിലെ പ്രവർത്തനം സജീവമാക്കുക.

6) വായനാശീലം വർദ്ധിപ്പിക്കാൻ കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുക.

7) പഞ്ചായത്തിലെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഏകോപിപ്പിക്കുന്ന തരത്തിൽ സ്കൂൾ കോംപ്ലക്സ് സജീവമാക്കുക.

8) ഒരു എൽ.പി. സ്കൂളിന്റെ പരിധിയിൽ വരുന്ന അംഗൻവാടികളെ ആ സ്കൂളുമായി അഫിലിയേറ്റു ചെയ്യുക.

9) നേബറിങ്ങ് സ്കൂൾ സമ്പ്രദായം കർശനമായും നടപ്പാക്കുക.

10) അദ്ധ്യാപകേതര ജീവനക്കാരെ ആവശ്യമായ തോതിൽ നിയമിക്കുക.

□

കുടിവെള്ളം

കൂട്ടിയ്ക്കൽ പഞ്ചയാത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഗവർമെൻറു നേതൃത്വത്തിലുള്ള ജലവിതരണ സംവിധാനങ്ങളൊന്നും നിലവിലില്ല. ഭൂരിഭാഗം ആളുകളും സ്വാഭാവിക നീരുറവകളെ ആശ്രയിച്ച് ജലസംഭരണം നടത്തുന്നു. വളരെ അപൂർവ്വം ആളുകൾക്കേ സ്വന്തമായി കിണറുകൾ ഉള്ളൂ. പക്ഷേ അവയിൽ ബഹുഭൂരിപക്ഷവും വേനൽക്കാലത്തു വറ്റിവരണ്ടുപോകുന്നു ! ഈ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കണം.

ഈ പഞ്ചായത്ത് ഒന്നാം വാർഡ് പറത്താനം ടൗണിലുള്ള കുളം നാലു മീറ്ററെങ്കിലും ആഴം കൂട്ടിയാൽ പറത്താനം ടൗണിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം. ഉരുൾമൊട്ട കോളനി, പറത്താനം മന്ദിരംപടി, കൊട്ടിത്തോട്ടം, പുതുവൽകോളനി, പത്തേക്കർ കോളനി, നവ ചൈതന്യാ കോളനി, പോത്തൻ കോളനി (വെല്ലിറ്റ) എന്നിവിടങ്ങളിൽ കുഴൽക്കിണറുകൾ നിർമ്മിക്കണം. താളുങ്കൽ എസ്റ്റേറ്റിൽക്കൂടി ഒഴുകുന്ന താളുങ്കൽ തോട്ടിൽ പുതുക്കാട്ട് 24 ഏക്കർ ഭാഗത്ത് മൈനർ ഇറിഗേഷനുവേണ്ടി നിർമ്മിക്കാനുദ്ദേശിക്കുന്ന ചെക്കുഡാമിനു സമീപം പമ്പു ഹൗസ് സ്ഥാപിച്ച് പറത്താനത്ത് ഒരുൾ മൊട്ടഭാഗത്ത് ടാങ്കുകെട്ടി ജലം സംഭരിച്ച് പറത്താനം വടക്കേഭാഗത്ത് കുടിവെള്ളം എത്തിക്കാവുന്നതാണ്. കൂട്ടിയ്ക്കൽ പുല്ലകയാറ്റിൽ പണിതീർന്നുവരുന്ന ചെക്കുഡാമിനു സമീപം കിണറും പമ്പുഹൗസും സ്ഥാപിച്ച് പറത്താനം മുകളിൽ ടാങ്കുകെട്ടി അതിലേക്കു വെള്ളം പമ്പുചെയ്താൽ പറത്താനത്തും കൂട്ടിയ്ക്കൽ പഞ്ചായത്തിലെ രണ്ടും മൂന്നും വാർഡുകളിലും കുടിവെള്ളം എത്തിക്കാൻ കഴിയും. നിലവിലുള്ള എല്ലാ കിണറുകളും ആഴം കൂട്ടുകയും വേണം.

കൂട്ടിയ്ക്കൽ രണ്ടാം വാർഡിൽ ചെക്കുഡാം പണിതിരിക്കുന്നതിനാൽ വേനൽക്കാലത്ത് ആറ്റിൽ ഓലി കുഴിച്ച് വെള്ളമെടുക്കുന്നത് അസാദ്ധ്യമായിരിക്കുന്നു. ആയതിനാൽ ചെക്കുഡാമിനു സമീപം പമ്പുഹൗസ് നിർമ്മിച്ച് ഇരുന്നക്കുറ്റിയിൽ വെള്ളം എത്തിച്ച് ഈ പഞ്ചായത്തിന്റെ രണ്ട്, മൂന്ന് വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കണം. ഈ വാർഡിൽ നിലവിലുള്ള പഞ്ചായത്തു കിണറുകൾ ആഴംകൂട്ടിയും സ്വകാര്യവ്യക്തികൾക്കു കിണർ കുഴിക്കാൻ സഹായം നൽകിയും, വെള്ളം കിട്ടുന്ന സ്ഥലങ്ങളിൽ ആവശ്യാനുസരണം കുഴൽക്കിണറുകൾ സ്ഥാപിച്ചും ഈ വാർഡിലെ ജലക്ഷാമം പരിഹരിക്കണം.

മൂന്നാം വാർഡിൽ മീരാഖാന്റെ പുരയിടത്തിലുള്ള ടാങ്ക് അറ്റകുറ്റപ്പണികൾ നടത്തി രത്നപുരം ഭാഗത്ത് ഒരു ചെറിയ ടാങ്കുനിർമ്മിച്ച് അതിലേക്കു ജലം സംഭരിച്ചാൽ നാല്പതിൽപ്പരം കുടുംബങ്ങൾക്ക് കുടിവെള്ളം നല്കുവാൻ കഴിയും. കൂട്ടിയ്ക്കൽ സെൻറ് ജോർജ്ജ്സ് ഹൈസ്കൂളിനു സമീപം ഒരു കുഴൽക്കിണർ കുഴിക്കണം. കൂട്ടിയ്ക്കൽ പി.എച്ച്.സി യുടെ സ്ഥലത്തുള്ള കിണർ വൃത്തിയാക്കി വലയിട്ട് സൂക്ഷിച്ച് അതിൽനിന്നും ഹോസ്പിറ്റലിലെ രോഗികൾക്ക് കുടിവെള്ളം നല്കുവാൻ കഴിയും. വെട്ടിക്കാനം ടൗണിലും താളുങ്കൽ 12 ഭാഗത്തും അമ്പലംപടിക്കലും കുഴൽക്കിണറുകൾ സ്ഥാപിക്കണം. സ്വന്തമായി കിണറുകൾ ഉള്ളവർക്ക് അവ ആഴം കൂട്ടുന്നതിന് ധനസഹായം നല്കുകയും വേണം.

കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശമാണ് പ്ലാപ്പള്ളി നാലാം വാർഡ്. പ്ലാപ്പള്ളി ടോപ്പിൽ പൂതക്കുഴി ഔസേപ്പച്ചന്റെ പടിക്കൽ നിലവിലുള്ള ടാങ്ക് അറ്റകുറ്റപ്പണികൾ ചെയ്ത് പൈപ്പിട്ടാൽ ആറ് ഏക്കർ, മാന്തീണ്ടി എന്നിവിടങ്ങളിൽ കുടിവെള്ളമെത്തിക്കാം. മാത്തുമല, പുളിമാക്കൽ കോളനി, കാവാലി, പുതുക്കാട് എന്നീ ഭാഗങ്ങവിൽ കുഴൽക്കിണറുകൾ നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കണം. വെള്ളൂർമാലി പ്രദേശത്തു ടാങ്കു കെട്ടി കാവാലിടോപ്പ്, പ്ലാപ്പള്ളി

എന്നീ ഭാഗങ്ങളിൽ കുടിവെള്ളം എത്തിക്കണം. ഇലവും കുഴിയിൽ ടാങ്കുനിർമ്മിച്ച് പൈപ്പിട്ടാൽ കാവാലി താഴ്ഭാഗം, താളുങ്കൽ 12 എന്നിവിടങ്ങളിൽ മോട്ടോർ ഉപയോഗിക്കാതെ ജലവിതരണം നടത്താൻ സാധിക്കും. കൂടാതെ എസ്റ്റേറ്റിൽ കൈലാസ് ഭാഗത്തുള്ള വറ്റാത്ത നീരുറവയിൽ ടാങ്കുകെട്ടി പൈപ്പിട്ടാൽ ക്ഷേത്രഭാഗംവരെ മോട്ടോറിന്റെ സഹായം കൂടാതെ ജലവിതരണം നടത്താൻ കഴിയും. നിലവിലുള്ള കിണറുകൾക്ക് ആഴം കൂട്ടി ജലക്ഷാമം പരിഹരിക്കാൻ ശ്രമിക്കണം.

അഞ്ചാം വാർഡ് ചാത്തൻ പ്ലാപ്പള്ളിയിൽ പ്രകൃതിദത്തമായ നീരുറവകൾ ധാരാളമുണ്ട്. ഇവ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തിയാൽ ഇവിടത്തെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കാവുന്നതാണ്. കീപ്പള്ളിഭാഗത്തുള്ള നീരുറവയിൽ ഒരു ജലസംഭരണി നിർമ്മിച്ച് അതിൽനിന്നും 1500 മീറ്റർ പൈപ്പിട്ട് മുട്ടംതറ രാജന്റെ പുരയിടത്തിൽ ഒരു ടാങ്കു നിർമ്മിച്ച് അതിൽ ജലം സംഭരിച്ചാൽ- ഈ വാർഡിലുള്ള മഠംഭാഗങ്ങളിലും മറ്റും ജലവിതരണം നടത്തുവാൻ കഴിയും. മാരാങ്കുഴിഭാഗത്ത് ഒരു ടാങ്കു നിർമ്മിച്ച് ചാരാത്തുപറമ്പിലുള്ള നീരുറവയിൽനിന്നും 1500 മീറ്റർ പൈപ്പ് ഉപയോഗിച്ച് അതിലേക്കു ജലം സംഭരിച്ചാൽ മുണ്ടപള്ളിയിൽ ജലവിതരണം നടത്താം. അതമ്പനോലി, വള്ളക്കാട് എന്നീ സ്ഥലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കീപ്പള്ളി ചപ്പാത്തിനു മുകൾഭാഗത്തു നിർമ്മിക്കുന്ന കുളം പ്രയോജനപ്പെടും. അതമ്പനോലി ഭാഗത്ത് ഒരു ജലസംഭരണി നിർമ്മിച്ചാൽ മുത്തേരിപ്പറമ്പിൽ നിലവിലുള്ള വാട്ടർ ടാങ്കു ബലപ്പെടുത്തി അവിടെനിന്നും പൈപ്പുവഴി ജലം സംഭരിച്ചു വിതരണം നടത്താവുന്നതാണ്. കുന്തംപാറ വാട്ടർ ടാങ്കിലേക്ക് ജലം എത്തിക്കാൻ 1500 മീറ്റർ പൈപ്പും വള്ളക്കാട് വാട്ടർ ടാങ്കിലേക്ക് വെള്ളമെത്തിക്കാൻ 750 മീറ്റർ പൈപ്പും ആവശ്യമായിവരും. ചാത്തൻ പ്ലാപ്പള്ളി മുകൾ ഭാഗത്ത് ഇലഞ്ഞിമറ്റം വക്കച്ചന്റെ പുരയിടത്തിലെ ചതുപ്പിൽ ഒരു കുളം നിർമ്മിച്ചാൽ ഇവിടത്തെ ആളുകൾക്ക് കുടിവെള്ളം നല്കാനും ജലസേചനത്തിനും പ്രയോജനപ്പെടും. നിലവിലുള്ള കിണറുകൾക്ക് ആഴംകൂട്ടിയും സൗകര്യപ്രദമായ സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ സ്ഥാപിച്ചും ജലക്ഷാമം പരിഹരിക്കേണ്ടതാണ്.

ഏന്തയാർ ആറാം വാർഡിലെ ജലക്ഷാമം പരിഹരിക്കുന്നതിന് മാത്തുമലയിലും ഹൈദ്രോസ് മലയിലും നിലവിലുള്ള കുളങ്ങൾ ആഴംകൂട്ടി പൈപ്പിട്ട് ജലവിതരണം നടത്തണം. ഒളയനാട്ടുഭാഗത്ത് പുല്ലകയാറ്റിനു കരയ്ക്ക് കിണർ കുഴിച്ച് മോട്ടർ ഉപയോഗിച്ച് ജലം പമ്പുചെയ്ത് ഒളയനാട്ടു സ്കൂളിനും പരിസരവാസികൾക്കും മരുതിക്കാട്ടു ഭാഗത്തുള്ളവർക്കും കുടിവെള്ളം നല്കാവുന്നതാണ്. ചാത്തൻപ്ലാപ്പള്ളി ഭാഗത്ത് ലഭ്യമായ പ്രൃതിദത്ത നീർച്ചോലയിൽ ഒരു ജലസംഭരണി ഉണ്ടാക്കി പൈപ്പുവഴി ആറാം വാർഡ് മരുതിക്കാട്ടുഭാഗത്ത് ജലം എത്തിച്ച് വിതരണം നടത്താവുന്നതാണ്. ഏന്തയർ ടൗൺ, കുപ്പായിക്കുഴി, മരുതിക്കാട്, ഒറ്റമരം, ഒളയനാട്ടു സ്കൂളിനു മുൻവശം, ടെന്നീസ് കോളനി, ചെല്ലിയമ്മാൾ കോവിലിനും ജെ.ജെ.എം.എം. ഹൈസ്കൂളിനും പ്രയോജനപ്പെടത്തക്കവിധം സൗകര്യപ്രദമായ സ്ഥലത്തും, പോത്തൻ മലകോളനിയിലും വേളാങ്കണ്ണി പള്ളിക്കു മുൻവശത്തും കുഴൽക്കിണറുകൾ നിർമ്മിക്കണം. നിലവിലുള്ള എല്ലാ പഞ്ചായത്തു കിണറുകൾക്കും ആഴം കൂട്ടുകയും സ്വകാര്യ കിണറുകൾ താഴ്ത്താൻ ധനസഹായം നല്കുകയും വേണം.

കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന കൊടുങ്ങാ ഏഴാം വാർഡിൽ വേനൽക്കാലത്ത് കുടിവെള്ളം സംഭരിക്കുന്നതിന് ആളുകൾ ഊണും ഉറക്കവുമുപേക്ഷിച്ച് നീരുറവകൾക്കു സമീപം കാവലിരിക്കുന്നു! കുടിവെള്ളം സംഭരിക്കുവാൻ വളരെ ദൂരം യാത്ര ചെയ്യേണ്ടിവരുന്നവരും നിരവധിയാണ്. ഇവിടത്തെ ജലക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് ഈ വാർഡിന്റെ കിഴക്കേ മലമുകളിൽ കൊടിയ വേനൽക്കാലത്തുപോലും ജലം സുലഭമായി കിട്ടുന്ന കോട്ടത്താവളത്ത് ഒരു ചെക്ക്ഡാംകെട്ടി അവിടെ നിന്നും കുഴലിട്ട്, കൊടുങ്ങാ, വല്ല്യേന്ത, മ്ലാക്കര, ഇളംകാട് ടൗൺ, കൂന്നാട്, ഞർക്കാട്, ഒളയനാട് എന്നീ പ്രദേശങ്ങളിൽ ജലവിതരണം നടത്താൻ കഴിയും . മിച്ച ജലം ഏന്തയാർ പ്രദേശത്തു വിതരണം ചെയ്യാനും സാധിക്കും. കൂടാതെ മേലേത്തടത്തിൽ വല്ല്യപുരയ്ക്കൽ ഭാസ്ക്കരന്റെ സ്ഥലത്ത് നേരത്തേ ഈ പഞ്ചായത്തു നിർമ്മിച്ചിട്ടുള്ളതും ഇപ്പോൾ ഉപയോഗക്ഷമമല്ലാതായിത്തീർന്നിരിക്കുന്നതുമായ ടാങ്ക് അറ്റകുറ്റപ്പണികൾ തീർത്ത് അതിൽനിന്നും പൈപ്പിട്ടാൽ മോട്ടർ ഉപയോഗിക്കാതെതന്നെ താഴ്ന്നപ്രദേശമായ കൊടുങ്ങായുടെ ഭൂരിഭാഗം പ്രദേശത്തും കുടിവെള്ളം എത്തിക്കാവുന്നതാണ്. കൊടുങ്ങാ വാർഡിൽ വല്ല്യേന്ത മുകൾഭാഗത്തുള്ള തോണിയംകാട്ടിൽ ഒരു ചെക്കു ഡാം നിർമ്മിച്ച് വല്ല്യേന്തയിലുള്ള ട്രൈബൽ കോളനിക്കുകൂടി പ്രയോജനപ്പെടത്തക്കരീതിയിൽ പൈപ്പിട്ട് വല്ല്യേന്ത, കൊടുങ്ങാ എന്നിവിടങ്ങളിലുള്ള നിരവധി വീട്ടുകാർക്ക് കുടിവെള്ളം നല്കാവുന്നതാണ്. നിലവിലുള്ള പഞ്ചായത്ത് കിണറുകൾക്ക്

ആഴംകൂട്ടിയും ഇളംകാട് ബസ്റ്റാൻഡിൽ പഞ്ചായത്തു വകസ്ഥലത്ത് ഒരു കിണർ നിർമ്മിച്ചും, കൊടുങ്ങാ ആർ.എസ്.എം. യു.പി. സ്കൂളിന്റെ പടി, കൊടുങ്ങാ ക്ഷേത്രം പടി, ഞർക്കാട് മുകൾഭാഗത്ത് രണ്ട്, ഏഴേക്കർ ഭാഗത്ത് ഒന്ന്, പന്ത്രണ്ടേക്കർ ഭാഗത്ത് ഒന്ന്, കുന്നാട്ട് റോഡരികിൽ ഒന്ന് എന്നീക്രമത്തിൽ കുഴൽക്കിണറുകൾ നിർമ്മിക്കേണ്ടതാണ്. ഞർക്കാട് ചിറയാത്തു പുരയിടത്തിൽ ഒരു കുളം കുഴിച്ച് പൈപ്പിട്ട് വെള്ളം അഞ്ചു മുറിക്കൽ എത്തിച്ച് കുടിവെള്ളം നല്കേണ്ടതാണ്.

ഇളംകാട് എട്ടാം വാർഡിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് മ്ലാക്കര മലയുടെ മുകളിലുള്ള സ്വഭാവിക നീർച്ചാലിൽ ചെക്കുഡാം കെട്ടി കുഴലിട്ട് മ്ലാക്കര മാത്തുമല ഭാഗങ്ങളിൽ ജലവിതരണം നടത്താവുന്നതാണ്. ഇതുപോലെതന്നെ മ്ലാക്കര ശിവപാർവ്വതീ ക്ഷേത്രത്തിനു മുകളിലായി നിലവിലുള്ള നിർച്ചാലിൽ ടാങ്കു നിർമ്മിച്ച് പൈപ്പിട്ടാൽ മോട്ടർ വയ്ക്കാതെതന്നെ മ്ലാക്കരയിലും സമീപപ്രദേശങ്ങളിലുമുള്ള ജനങ്ങൾക്ക് കുടിവെള്ളം നല്കാവുന്നതാണ്. കൂടാതെ മൂപ്പൻമല ടോപ്പിൽ നിലവിലുള്ള ടാങ്കിനു മുകളിലായി ഒരു കുളം നിർമ്മിച്ച് നിലവിലുള്ള ടാങ്കിലേക്കു പൈപ്പിട്ട് ജലം സഭരിച്ചാൽ ഇളംകാട്ടിലെ ജലക്ഷാമം ശാശ്വതമായി പരിഹരിക്കാൻ കഴിയും. മുപ്പത്തൊൻപതു മുകൾ ഭാഗത്ത് ഇപ്പോൾ ജലം സുലഭമായുള്ള നീർച്ചാലിൽ ഒരു ചെക്കുഡാം നിർമ്മിച്ച് അതിനു സമീപം താഴെ ഭാഗത്തു നിലവിലുള്ള ടാങ്കിലേക്ക് കുഴലിട്ടാൽ ധാരാളം ജലം സംഭരിച്ച് വിതരണം ചെയ്യാൻ കഴിയും. ഇളംകാട് ടൗണിലും പി.എച്ച്.സി സബ് സെൻററിലും ജലവിതരണം നടത്താൻ ഈ പദ്ധതി സഹായിക്കും. വല്ല്യേന്തയിൽ ട്രാൻസ്ഫോർമർ ഇരിക്കുന്ന ഭാഗത്തും തകടിയേൽ കടയ്ക്കു സമീപവും പുളിഞ്ചോടുഭാഗത്തും, പുലിയള്ളിൽ പടിയ്ക്കലും. ഇളംകാട് ടോപ്പു ബസ്റ്റാൻഡിലും, അംഗൻവാടി പടിക്കലും കുഴൽക്കിണറുകൾ സ്ഥാപിക്കണം. മ്ലാക്കര മടുക്കക്കുഴി ജംഗ്ഷനിൽ പാലത്തിനു സമീപം ഒരു കുഴൽക്കിണർ നിർമ്മിക്കണം. ഇളംകാട് 39 -ലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സത്വരനടപടികൾ സ്വീകരിക്കണം. മ്ലാക്കരയിൽ നിലവിലുള്ള പഞ്ചായത്തു കിണർ ആഴം കൂട്ടുകയും അംഗൻവാടി പടിയ്ക്കൽ ഒരു കുഴൽക്കിണർ നിർമ്മിക്കുകയും വേണം.

■

സാംസ്ക്കാരികരംഗം

ഇത്യുന്നതങ്ങളായ മലകളെക്കൊണ്ട് ബാഹ്യലോകത്തുനിന്നും വേർതിരിക്കപ്പെട്ട പ്രദേശമാണ് ഈ പഞ്ചായത്ത്. ഈ പ്രദേശത്തുകാർക്കു ബാഹ്യലോകവുമായി ബന്ധപ്പെടാനുള്ള ഏകമാർഗം ഇളംകാട് മുണ്ടക്കയം റോഡാണ്. നാനാജാതി മതസ്ഥരായ ജനങ്ങൾ സമഭാവനയോടും സാഹോദര്യത്തോടുംകൂടി കഴിഞ്ഞുപോകുന്ന ഒരു സംസ്ക്കാരമാണ് ഇവിടെ നിലനില്ക്കുന്നത്. ഇവിടെയുള്ള ക്രിസ്ത്യൻ ദേവാലയങ്ങളും ഹൈന്ദവ ദേവാലയങ്ങളും, മുസ്ലിം ദേവാലയങ്ങളും മതസൗഹാർദ്ദത്തിന്റെ പ്രതീകമായി നിലകൊള്ളുന്നു. കുടിയേറ്റക്കാരായ ഇന്നാട്ടുകാർക്ക് കാര്യമായ സാംസ്ക്കാരിക പൈതൃകം അവകാശപ്പെടാനില്ല. കൃഷിക്കാരും തോട്ടം തൊഴിലാളികളുമുൾപ്പെട്ട ഇന്നാട്ടിലെ ജനങ്ങൾ കലാ സാംസ്ക്കാരിക രംഗങ്ങളിൽ കാര്യമായ ആഭിമുഖ്യം പ്രദർശിപ്പിച്ചിരുന്നില്ല. കാലാന്തരത്തിൽ ഈ പഞ്ചായത്തിൽ ഏതാനും സ്ഥലങ്ങളിൽ കലാസാംസ്ക്കാരിക സംഘടനകൾ മിന്നിമറയുകയുണ്ടായി. കൂട്ടിയ്ക്കൽ തരംഗിണി ആർട്ട്സ് ആൻഡ് സ്പോർട്ട്സ്, പറത്താനം ആർട്ട്സ് ക്ലബ്ബ്, ഏന്തയാർ ബി.ഐ.സി. ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ്ബ് ഉദയാ ലൈബ്രറി താളുങ്കൽ എന്നിവ ഇവയിൽ ചിലതാണ്.

പറത്താനം, കൂട്ടിയ്ക്കൽ, ഏന്തയാർ, കൊടുങ്ങാ എന്നീ പ്രദേശങ്ങളിൽ നാല് പബ്ലിക്ക് ലൈബ്രറികളും പഞ്ചായത്തിന്റെ ആഭൂമുഖ്യത്തിൽ ഒരു സാംസ്ക്കാരിക നിലയവും പ്രവർത്തിച്ചുവരുന്നു. 1990-91 കാലഘട്ടത്തിൽ നടന്ന സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനങ്ങളിൽ ഈ പഞ്ചായത്തും സജീവമായി പങ്കെടുത്തു. കായികരംഗത്ത് കൂട്ടിയ്ക്കൽ സെൻറ് ജോർജ്ജസ് സ്കൂളിലെ കുട്ടികൾ മികവ് പ്രകടിപ്പിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

1) സാംസ്ക്കാരിക മൂല്ല്യശോഷണം ഒരു നല്ല അളവിൽ അനുഭവപ്പെടുന്നുണ്ട്.
2) കലാസാംസ്ക്കാരിക രംഗത്ത് പ്രവർത്തിച്ചിരുന്ന സംഘടനകൾ പ്രവർത്തനരഹിതമായി.
3) ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങളുടെ ആധിക്യം കലാസാസ്ക്കാരിക കായിക പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.
4) കള്ളവാറ്റും മദ്യപാനശീലവും സാംസ്ക്കാരിക മലിനീകരണത്തിന് കാരണമായിട്ടുണ്ട്.
5) യുവാക്കളിലും പ്രത്യേകിച്ച് സ്ത്രീകളിലും വായനാശീലം വളരെ കുറവാണ്.
6) കലാകായിക പരിശീലനത്തിനുള്ള യാതൊരു സംവിധാനവും ഈ പഞ്ചായത്തിലില്ല.

നിർദ്ദേശങ്ങൾ

1) കലാസമിതികളുടേയും മറ്റും പ്രവർത്തനം സജീവമാക്കാൻ ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യുക.
2) കലാസമിതികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പഞ്ചായത്തു തല ഏകോപനസമിതി രൂപീകരിക്കുക. ഈ സമിതിയുടെ ആഭിമുഖ്യത്തിൽ സെമിനാറുകൾ, സിമ്പോസിയങ്ങൾ, കലാപരിപാടികൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുക.
3) കലാസാംസ്ക്കാരിക കായിക സംഘങ്ങളുടെപ്രവർത്തനത്തെ പോഷിപ്പിക്കൻ സാമ്പത്തിക സഹായം നല്കുക.
4) വായനശാലകൾ സൗകര്യപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും പുസ്തക വിതരണം ചെയ്യുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തുക.
5) വർത്തമാനപ്പത്രങ്ങളും മറ്റാനുകാലിക പ്രസിദ്ധീകരണങ്ങളും എല്ലാ വായനശാലകളിലും ലഭ്യമാക്കുക.
6) വായനശാലകളും ലൈബ്രററികളും ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുക.
7) ലഹരിയുടെ ഉപയോഗം കുറച്ചുകൊണ്ടു വരുന്നതിനുള്ള ബോധവത്ക്കരണം സാംസ്ക്കാരിക സംഘടനകളുടെ സഹായത്തോടെ സംഘടിപ്പിക്കുക.
8) കലാഭ്യാസനത്തിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുക.

വനിതാക്ഷേമം

സ്ത്രീയെ അമ്മയായും ദേവിയായും പ്രകൃതിയായും ആരാധിച്ച് അവർക്ക് മഹത്സ്ഥാനങ്ങൾ നല്കിയ ഒരു സമൂഹത്തിന്റെ പിൻതുടർച്ചക്കാരാണു നാം. അവരുടെ മഹത്വത്തെപ്പറ്റി, ത്യാഗത്തെപ്പറ്റി, ക്ഷമാശിലത്തെപ്പറ്റി ഒരുപാടു കഥകൾ നമ്മുടെ പുരാണങ്ങളിൽ കാണാം. ലോകത്തിന്റെ തന്നെ ഗതിമാറ്റിയ പല സംഭവ പരമ്പരകളുടെ പിന്നിലെ ശക്തി സ്ത്രീയാണെന്നു ചരിത്രം രേഖപ്പെടുത്തുന്നു! സമൂഹത്തിൽ പൊതുവേ സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങളും കഷ്ടപ്പാടുകളും ഈ ഗ്രാമത്തിനും ബാധകമാണ്. പുരുഷനോടൊപ്പം തോളോടുതോൾ ചേർന്ന് പാടത്തും പറമ്പിലും സന്ധ്യവരെ ജോലി ചെയ്തു വീട്ടിലെത്തിയാലും സ്ത്രീകൾക്ക് അടുക്കളയിൽ പാതിരാവരെ ജോലിയാണ്. സ്ത്രീ അനുഷ്ഠിക്കുന്ന ഇരട്ട ജോലിക്ക് മതിയായ പരിഗണന ലഭിക്കുന്നില്ല.

തൊഴിൽ തേടി സ്വന്തം കാലിൽനിൽക്കുവാൻ പ്രാപ്തരായാൽ മാത്രമേ സ്ത്രീകൾക്കു സമൂഹത്തിൽ നിവർന്നു നില്ക്കാൻ സാധിക്കയുള്ളൂ. എന്നാൽ തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പ്രാതിനിധ്യം കുറഞ്ഞിരിക്കുന്നു. തൊഴിൽ സുരക്ഷിതത്വം കുറഞ്ഞ മേഖലയിലാണ് ഇവർ തൊഴിൽ അനുഷ്ഠിക്കുന്നത്. ഇവിടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പ് വരുത്തുകയാണു വേണ്ടത്.

ഗ്രാമസഭയിൽനിന്നും വന്ന നിർദ്ദേശങ്ങൾ:-

വനിതകൾക്കു തൊഴിൽ ലഭിക്കുന്നതിനു വേണ്ടി കോഴിവളർത്തൽ, തീപ്പെട്ടി നിർമ്മാണം, സോപ്പു നിർമ്മാണം, ആടുവളർത്തൽ, പന്നിവളർത്തൽ, മെഴുകുതിരി നിർമ്മാണം എന്നീ ചെറുകിട കുടിൽ വ്യവസായങ്ങളാരംഭിക്കാൻ പരിശീലനവും സാമ്പത്തിക സഹായവും നല്കുക. വനിതാ സംഘങ്ങൾ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുക. വനിതാ സഹകരണസംഘങ്ങൾ രൂപീകരിച്ചു അവർക്ക് പ്രവർത്തനമണ്ഡലങ്ങൾ സൃഷ്ടിക്കുക. തയ്യൽ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിച്ച് പരിശീലനം ലഭിക്കുന്നവർക്ക് റഡിമെയിഡ് ഡ്രസ്സുകൾ ഉല്പാദിപ്പിക്കാനും വിതരണം നല്കാനും സാമ്പത്തിക സഹായം നല്കണം.

പരിഹാര നിർദ്ദേശങ്ങൾ:-

1) ഓരോ വാർഡിലും മഹിളാ സമാജത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക. പരമാവധി സ്ത്രീകളെ ഇതിൽ അംഗങ്ങളാക്കുകയും ഇതിന്റെ ഗുണഫലങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കുകയും ചെയ്യുക.

2) മഹിളാസമാജത്തിന്റെ കീഴിൽ തൊഴിൽ പരിശീലനവും പിന്നീട് കൂട്ടായ തൊഴിൽ ശാലകളും സ്ഥാപിക്കുക.

3) സർക്കാർ നല്കുന്ന ആനുകൂല്യങ്ങൾ മഹിളാസമാജം മുഖാന്തിരം ജനങ്ങളിൽ എത്തിക്കുക.

4) പോഷകാഹാരം, മരുന്ന് മുതലായവ മഹിളാസമാജം മുഖാന്തിരം നല്കുക.

ദാരിദ്ര്യ നിർമ്മാർജനം

ആ സൂത്രണത്തിന്റെ പ്രധാന വെല്ലുവിളികൾ തൊഴിലില്ലായ്മയും ദാരിദ്ര്യവുമാണ്. വർദ്ധിച്ച തോതിലുള്ള തൊഴിലില്ലായ്മയും ശേഷിക്കൊത്ത് തൊഴിലിന്റെ ദൗർലഭ്യവും ഒരു വലിയ വിഭാഗം ജനതയെ ദാരിദ്ര്യത്തിലേയ്ക്കു നയിക്കുന്നു. ദാരിദ്ര്യ നിർമ്മാർജനത്തിന് എല്ലാവർക്കും തൊഴിൽ, ഭക്ഷണം, കുടിവെള്ളം, ആരോഗ്യം എന്നിവ ഉറപ്പാക്കേണ്ടിയിരിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുക. പാവപ്പെട്ടവർക്കു നേരിട്ടു പ്രയോജനം കിട്ടുന്ന സ്ഥായിയായ സാമൂഹ്യ ആസ്തികൾ നിർമ്മിക്കുക, നാട്ടിൻപുറത്തെ പൊതുവായ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് ജവഹർ റോസ്ഗർയോജന തുടങ്ങിയ തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. ഉല്പാദനവർദ്ധന ഉണ്ടായെങ്കിലും അതിന്റെ പ്രയോജനം പാവപ്പെട്ടവനു കിട്ടിയിട്ടില്ല. പട്ടികജാതിയിൽ ഒരു ചെറിയ ശതമാനം ഒഴിച്ച് എല്ലാവരും ദാരിദ്ര്യരേഖക്കു താഴെയാണ്. പട്ടികവർഗ്ഗക്കാർ ഇപ്പോഴും ദാരിദ്ര്യരേഖക്കു താഴെത്തന്നെ. ഇവരുടെ ക്രയശേഷി വർദ്ധിപ്പിക്കുന്ന ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും ഇവർക്കു മാത്രം പ്രയോജനം കിട്ടുന്നതുമായ പദ്ധതികൾക്കാണ് രൂപം കൊടുക്കേണ്ടത്. പ്രധാനപ്പെട്ട ദാരിദ്ര്യ നിർമ്മാർജന സമീപനങ്ങൾ ചുവടേചേർക്കുന്നു:-

1) വരുമാനം നല്കുന്ന സ്വയംതൊഴിൽ പദ്ധതികൾ നടപ്പിലാക്കുക.

2) ഗ്രൂപ്പടിസ്ഥാനത്തിലുള്ള വരുമാനദായക പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക.

3) തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം നടപ്പിലാക്കുക.

4) കൂടുതൽ തൊഴിൽ അവസരങ്ങൾ നല്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുക.

5) പാവപ്പെട്ടവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക.

ദാരിദ്ര്യനിർമ്മാർജനത്തിന് സ്വയം തൊഴിൽ പദ്ധതികൾ ഒരു നല്ല അളവുവരെ പ്രയോജനപ്പെടും. ഈ പഞ്ചായത്തിൽ 1333 കുടുംബങ്ങൾ ദാരിദ്ര്യരേഖക്കു താഴെയുള്ളവരാണ്. ഇവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊടുത്താൽ ഇവിടത്തെ ദാരിദ്ര്യം ഉച്ചാടനം ചെയ്യാൻ കഴിയും. സ്ത്രീകളുടെ വരുമാനശേഷി വർദ്ധിപ്പിക്കുകയാണെങ്കിൽ കുടുംബത്തിന്റെ മൊത്തം ജീവിതനിലവാരം, പ്രത്യേകിച്ച് കുട്ടികളുടെ ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കും. പരമ്പരാഗത കൈത്തൊഴിലിൽ ഏർപ്പെടുന്നവരേയും സ്വയംതൊഴിൽ ചെയ്യുന്നവരേയും ഇടനിലക്കാരിൽനിന്നും മോചിപ്പിക്കുന്നതിനായി അവരുടെ ഉല്പന്നങ്ങൾ നേരിട്ടു വിറ്റഴിക്കാനുള്ള വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

വ്യവസായം

കഴിഞ്ഞ പഞ്ചവത്സര പദ്ധതികളിലെല്ലാം കാർഷിക മേഖലയ്ക്കു തികഞ്ഞ പ്രാധാന്യവും പ്രോത്സാഹനവും നൽകിയിരുന്നു. എന്നിരുന്നാലും ഇതിനു സമാനമായി വ്യാവസായിക മേഖലയ്ക്കു പ്രാതിനിധ്യവും പരിഗണനയും നൽകുവാൻ സാധിച്ചിരുന്നില്ല. ഇതു നമ്മുടെ വ്യാവസായിക പിന്നോക്കാവസ്ഥയ്ക്കും നിലവിലുള്ള തൊഴിലില്ലായ്മയ്ക്കും പ്രധാന കാരണമായിത്തീർന്നു. നമ്മുടെ രാജ്യത്തിന്റെ പുരോഗതിയിലും സമ്പത്ത് ഘടനയിലും വ്യാവസായിക മേഖലയുടെ പങ്ക് തികച്ചും പ്രാധാന്യമുള്ളതാണ്.

നിലവിലുള്ള ചെറുകിട വ്യവസായങ്ങളുടെ ഏറിയപങ്കും ഇന്നും വ്യക്തിഗത ഉടമസ്ഥതയിൽ തുടർന്നുവരുന്നതിനാൽ സാങ്കേതിക പരിജ്ഞാനമുള്ളതൊഴിൽരഹിതർക്കും അഭ്യസ്തവിദ്യർക്കും ഈ മേഖലയിൽ എത്തിച്ചേരുവാനുള്ള സാദ്ധ്യതയും വിരളമായിരുന്നു. ഈ അവസ്ഥാവിശേഷം ചെറുകിട വ്യവസായങ്ങൾ പഞ്ചായത്തുതലം മുതൽ സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന രീതിയിലേയ്ക്കു വഴിതെളിക്കുകയും അതിനുവേണ്ടിയുള്ള ശ്രമങ്ങൾക്കു ഏറിയ പ്രാധാന്യം നൽകുകയും ചെയ്യുന്നു.

കൂട്ടിക്കൽ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വ്യാവസായികമായി ഇന്നും പിന്നോക്കം നിൽക്കുകയാണ്. ഏന്തയാറ്റിലുള്ള ഒരു *ക്രീപ്പ് ഫാക്ടറിയും , താളുങ്കൽ ഉള്ള റബ്ബർ ഫാക്ടറിയും പറത്താനത്തുള്ള റബ്ബർ പാൽ ശേഖരണ കേന്ദ്രവുമല്ലാതെ നിലവിൽ ഒരു വ്യവസായസ്ഥാപനവുമില്ല. ഇത് വ്യാവസായിക മേഖലയുടെ വളർച്ചയ്ക്കു തടസ്സം സൃഷ്ടിച്ചു.

● അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം

വ്യാവസായിക പുരോഗതിയിലെ പ്രധാന ഘടകമായ ഗതാഗതം, അസംസ്കൃത സാധനങ്ങളുടെ ലഭ്യത,-മൂലധനത്തിന്റെ ലഭ്യത, വൈദ്യുതിയുടെ ലഭ്യത, ജലം എന്നിവയുടെ കാര്യത്തിൽ വളരെയേറെ പരിമിതികളുള്ള ഈ ഗ്രാമപഞ്ചായത്തിൽ ചെറുകിട വ്യവസായങ്ങൾക്കുള്ള സാദ്ധ്യത വിരളമായിരുന്നു. വിദ്യുച്ഛക്തിയല്ലാതെ മറ്റു ഊർജ്ജ ശ്രോതസ്സൊന്നുമില്ലാത്ത ഈ പഞ്ചായത്തിൽ ഗാർഹിക ഉപയോഗ വൈദ്യുതിയുടെ തോത് ഇന്നും പരിമിതമാണ്.

● വ്യാവസായിക കാലാവസ്ഥ

റബ്ബർ പ്രധാന കൃഷിയാക്കി അതിനു തികഞ്ഞ പ്രാധാന്യം നൽകിക്കൊണ്ടു തുടർന്നു പോരുന്ന ഒരു രീതിയാണ് ഇവിടെ ഇന്നു നിലനിൽക്കുന്നത്. ഈ അവസ്ഥാവിശേഷം തുടർന്നു പോരുന്നതിനാലും, ഇതിലുള്ള അജ്ഞതയും, സാങ്കേതിക പരിജ്ഞാനം സിദ്ധിച്ചിട്ടുള്ളവരുടെ അഭാവവും. മുതൽ മുടക്കുവാനുള്ള വിമുഖതയും വ്യാവസായിക പുരോഗതിയ്ക്ക് ഇന്നും തടസ്സം നിൽക്കുകയാണ്. കാർഷികവൃത്തി വിട്ടു പുറം നടുകളിൽ പോകുവാനോ മറ്റു വ്യാവസായിക സംരംഭങ്ങളിലേർപ്പെടുവാനോ ഇന്നാട്ടിലെ ആരുംതന്നെ മുതിരാതിരുന്നത് അവരുടെ അജ്ഞതയിലുപരി അതിനുള്ള സാഹചര്യക്കുറവായിരുന്നു. അതു അവരെകാർഷിക മേഖലയിൽ തന്നെ പിടിച്ചുനിർത്തുവാനേ ഉതകിയുള്ളു. ഇതിലുമുപരിയായി സാമ്പത്തീകമായി മെച്ചപ്പെട്ട നിലവാരത്തിൽ കഴിഞ്ഞിരുന്നവരാരും തന്നെ അവരുടെ ശ്രദ്ധയും സമ്പത്തും വ്യാവസായികമേഖലയിലേയ്ക്കു തിരിച്ചുവിട്ടിരുന്നുമില്ല. ഈ ഗ്രാമപഞ്ചയാത്തിൽ നിലവിലുണ്ടായിരുന്ന സമ്പന്നരിൽ പ്രമുഖരായ പൊട്ടംകുളം വക തേയിലത്തോട്ടങ്ങളിലേയും, കള്ളിവയലിൽ ഉടമസ്ഥതയിൽ ജെ.ജെ. മർഫി അവർകളിൽനിന്നും കിട്ടിയ തേയിലത്തോട്ടങ്ങളിലേയും, റബ്ബർ തോട്ടങ്ങളിലേയും, അസ്കാ ട്രസ്റ്റ് ഉടമ മൂർത്തിസ്വാമി അവർകളുടെ റബ്ബർ തോട്ടങ്ങളിലേയും കാലങ്ങളായി ജോലി ചെയ്തിരുന്ന തൊഴിലാളികൾക്കെല്ലാം എസ്റ്റേറ്റുകൾ നിർത്തൽ ചെയ്ത സാഹചര്യത്തിൽ ആനുകൂല്യമായി പണം നൽകുന്നതിനുപകരം വസ്തു നൽകിയ

സാഹചര്യം ഉണ്ടായതിനാൽ വ്യാവസായിക മേഖലയുടെ പുരോഗതി കണ്ടറിഞ്ഞ ഒരു തലമുറ വീണ്ടും തികഞ്ഞ കർഷകനായി മാറുകയാണുണ്ടായത്. ഇത് മറ്റു ഏതൊരു മേഖലയിലേയ്ക്കും ശ്രദ്ധ ചെലുത്തുവാനുള്ള സാഹചര്യം സാധാരണക്കാരന് എന്നന്നേക്കുമായി ഇല്ലാതാക്കുകയാണുണ്ടായത്.

ഇന്നു വ്യവസായ മേഖലയിൽ അനുഭവപ്പെടുന്ന പ്രതികൂല സാഹചര്യങ്ങൾ പുതിയ വ്യാവസായിക മേഖലകളിലേയ്ക്കു തിരിച്ചു ചെല്ലുവാനുള്ള താല്പര്യം ഇല്ലാതാക്കുകയാണുണ്ടായിട്ടുള്ളത്. വ്യവസായ മേഖലയിലെ വ്യത്യസ്തങ്ങളായ തൊഴിൽ സാഹചര്യങ്ങളും, പ്രശ്നങ്ങളും പുതിയ സംരംഭങ്ങൾ തുടങ്ങുവാനുള്ള ആത്മധൈര്യം ചോർത്തിക്കളയുകയാണുണ്ടായത്. തുടർച്ചയായുള്ള ബോധവൽക്കരണത്തിലൂടെയും, വ്യവസായ പുരോഗതിക്കുതകുന്ന തരത്തിലുള്ള പഠന പര്യടനങ്ങളിലൂടേയും മാത്രമേ നല്ല വ്യവസായങ്ങൾ തുടങ്ങുവാനുള്ള ആത്മധൈര്യം വീണ്ടെടുക്കുവാൻ കഴിയുകയുള്ളു.

● മൂലധനം

പുതിയതായി ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്കാവശ്യമായി വരുന്ന തുക സ്വകാര്യ സംരംഭകരിൽനിന്നും ഒറ്റക്കും, കൂട്ടായും സ്വരൂപിക്കാൻ കഴിയുന്നതാണ്. ഇതിലുമുപരിയായി ഗ്രാമീണ ബാങ്കുകളിൽ നിന്നും സ്റ്റേറ്റു ബാങ്കിൽനിന്നും സംരംഭകർക്കാവശ്യമായി വരുന്ന തുക വ്യവസായത്തിനായി ലഭിക്കുന്നതുമാണ്.

● സ്ഥല സൗകര്യങ്ങൾ

അടുത്ത കാലങ്ങളിലുണ്ടായ ഭൂമിയുടെ വിലയിലെ വർദ്ധനവ് സംരംഭകർക്കു സൗകര്യപ്രദമായ സ്ഥലത്ത് വ്യവസായം തുടങ്ങുന്നതിനായി ഭൂമി വാങ്ങുവാൻ വലിയ തടസ്സം സൃഷ്ടിച്ചിരിക്കുകയാണ്. വ്യവസായത്തോടുള്ള താല്പര്യം കുറയ്ക്കുവാൻ ഇത് ഇടയാക്കിയിട്ടുണ്ട്.

● വിദഗ്ദ തൊഴിലാളികളുടെ അഭാവം

നിർമ്മാണത്തൊഴിലാളികളെ ഒഴിച്ചുനിർത്തിയാൽ പ്രായോഗിക പരിജ്ഞാനം ഉള്ളവരോ, വിദഗ്ദ തൊഴിലാളികളോ വ്യാവസായിക മേഖലയിൽ ഇന്നു ലഭ്യമല്ല. സാങ്കേതിക പരിജ്ഞാനം നൽകുവാനുതകുന്ന തരത്തിലുള്ള സ്ഥാപനങ്ങളോ, വ്യവസായ സ്ഥാപനങ്ങളോ ഈ ഗ്രാമ പഞ്ചായത്തിൽ നിലവിലില്ലാ എന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. ഇതിനുതകുന്ന മാർഗ്ഗനിർദ്ദേശങ്ങളും സംവിധാനങ്ങളും പുതിയ സംരംഭകർക്കായി ആരംഭിക്കേണ്ടത് അനിവാര്യമാണ്. ഇതിനായി വ്യാവസായിക പരിശീലനകേന്ദ്രം (I.T.C) or (I.T.I) ആരംഭിക്കേണ്ടതാണ്.

● അസംസ്കൃത വസ്തുക്കളുടെ ലഭ്യത

ഈ ഗ്രാമ പഞ്ചായത്തിൽ കൂടുതലായി ലഭ്യമുള്ളത് റബ്ബറും, റബ്ബർ തടിയും, മുള, ഈറ്റ, മോങ്കി, ചൂരൽ എന്നിവയാണ്. ഇവയുടെ ലഭ്യത കണക്കിലെടുത്തുകൊണ്ടു ഉചിതമായ വ്യവസായങ്ങൾ തുടങ്ങുവാൻ നമുക്കു കഴിയുന്നതാണ്.

മേൽ പ്രസ്താവിച്ച പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള ഒരു വ്യവസായ സംവിധാനമാണ് ഇന്ന് നമുക്കു കരണീയമായിട്ടുള്ളത്. ഇവിടെ ലഭ്യമായിട്ടുള്ള വിഭവങ്ങളുടെ അടിസ്ഥാനത്തിൽ നിന്നുകൊണ്ടുള്ള വ്യവസായങ്ങൾ വിജയകരമായി നമുക്കു നടത്തുവാൻ കഴിയുന്നതാണ്. വിൻകിട വ്യവസായം തുടങ്ങുന്നതിനായി നമുക്കു സാദ്ധ്യമല്ലെങ്കിലും സൗകര്യപ്രദമായിട്ടുള്ള അയൽ ഗ്രാമ പഞ്ചായത്തുകളിലും വിജയകരമായി വ്യവസായസംരംഭങ്ങൾ സഹകരണാടസ്ഥാനങ്ങളിൽ നടത്തുവാൻ പറ്റിയ സാഹചര്യം ഇന്നു നിലനിൽക്കുകയാണ്.

● ചെറുകിട വ്യവസായ യൂണിറ്റുകൾ

വ്യാവസായിക മേഖലയിൽ ഏറെ പിന്നോക്കം നിൽക്കുന്ന കൂട്ടിക്കൽ ഗ്രമ പഞ്ചായത്ത് തികച്ചും കാർഷികാധിഷ്ഠിത മേഖലയാണ്. വ്യവസായിക മേഖലയ്ക്കു ആവശ്യമായ സംരംഭകരുടെയും മൂലധനത്തിന്റെയും അഭാവത്താലും ഗതാഗത മാർഗ്ഗങ്ങളുടെ കുറവിനാലും വഴിമുട്ടി നിൽക്കുന്ന വ്യാവസായ മേഖലയുടെ ഉയിർത്തെഴുന്നേല്പിനുതകുന്ന സമീപനമാണ് നമുക്കു കരണീയമായിട്ടുള്ളത്. ഇതിനായി ഒരു ചെറുകിട വ്യാവസായിക യൂണിറ്റിന്റെ വിഭാവനത്തിലൂടെ എല്ലാ തുറകളിലും നമുക്കു പുരോഗതി കൈവരിക്കുവാൻ കഴിയുന്നതാണ്.

റബ്ബർ മരങ്ങളാൽ നിറഞ്ഞുനിൽക്കുന്ന കൃഷിയിടങ്ങൾ ഈ നാടിന്റെ എടുത്തു പറയാവുന്ന പ്രത്യേകതകളിലൊന്നാണ്. വിപുലമായ രീതിയിൽ ഇൻഡ്യയിലാദ്യമായി റബ്ബർ കൃഷി ചെയ്തിരുന്ന നാട് എന്ന നിലവിലുള്ള പ്രശംസ വർണ്ണനാതീതമാണ്. റബ്ബർ അധിഷ്ടിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ ഏറെയുള്ള ഈ നാട്ടിൽനിന്നും വർഷംതോറും

കോട്ടയം, പെരുമ്പാവൂർ എന്നീ വിദൂര വിപണികളിലാണ് മുറിച്ചു മാറ്റപ്പെടുന്ന റബ്ബർ തടികൾ വിറ്റഴിക്കപ്പെടുന്നത്. ഇതുമൂലം ന്യായമായ വില കർഷകന് ലഭിക്കുവാനുള്ള അവസരം നിഷേധിക്കപ്പെടുകയാണ്. ആധുനീകരീതിയിൽ റബ്ബർ തടി സംസ്ക്കരിച്ചെടുക്കുന്നതിനും അപ്രകാരം പ്ലൈവുഡ് നിർമ്മാണത്തിനും, ഫർണിച്ചറിനും, പായ്ക്കിംഗ് കേസ്സ് നിർമ്മാണത്തിനും ഉതകുന്നതരത്തിലുള്ള വ്യവസായ ശൃംഖല നാടിന്റെ പുരോഗതിക്കും അതിലുപരി സാമ്പത്തീക നേട്ടത്തിനും ഇട നൽകുന്നു. ഇതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടുകൂടി ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും തൊഴിൽ സാദ്ധ്യത ഉറപ്പാക്കുകയും ചെയ്യാവുന്നതാണ്. ഇതിനായ് പ്രധാനപ്പെട്ട ഏന്തയാർ, കൂട്ടിക്കൽ എന്നീ പ്രദേശങ്ങൾ എല്ലാം കൊണ്ടും അനുയോജ്യമാണ്.

ടയറുകളുടെ റീട്രേഡിങ്ങിനാവശ്യമായ റബ്ബർ കോമ്പൗണ്ട് നിർമ്മിക്കുന്ന ഒരു യൂണിറ്റും ഈ പഞ്ചായത്തിൽ ആരംഭിക്കുവുന്നതാണ്. ഇതിന് യോജിച്ച സ്ഥലസൗകര്യങ്ങളും, ഗതാഗത സൗകര്യങ്ങളും ഉള്ള സാഹചര്യത്തിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി വിജയകരമായി ആരംഭിക്കുവാൻ കഴിയുന്നതാണ്.

● ചെറുകിട കുടിൽ വ്യവസായങ്ങൾ

റബ്ബർ പാൽ, ഒട്ടുപാൽ, ഗണമേന്മ കുറഞ്ഞ ഷീറ്റുകൾ എന്നിവ ഉപയോഗിച്ച് വിവിധ ചെറുകിട കുടിൽ വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്. റബ്ബർ ബാൻഡ്, റബ്ബർ ത്രെഡ്, കൈയ്യുറകൾ, സർജിക്കൽ ഗ്ലൗസുകൾ, റബ്ബർ സ്പോഞ്ച്, ബെഡ്, തലയിണ എന്നിവയും, റബ്ബർ ചെരുപ്പുകൾക്കാവശ്യമായ സോൾ, ബെൽറ്റ് എന്നിവ നിർമ്മിക്കുന്ന വ്യവസായങ്ങൾക്കും മികച്ച സാദ്ധ്യതയാണുള്ളത്. ആയതിനുവേണ്ട എല്ലാവിധ സാങ്കേതിക സഹായവും കുറഞ്ഞ നിരക്കിലുള്ള വായ്പയും ലഭ്യമാക്കേണ്ടതാണ്. പദ്ധതികളുടെ തികഞ്ഞ പ്രോത്സാഹനത്തിനും പ്രസ്ഥാനത്തിന്റെ നിലനില്പിനുമായി അർഹമായ സബ്സിഡിയും ലഭ്യമാക്കേണ്ടതാണ്. സഹകരണാടിസ്ഥാനത്തിലാരംഭിക്കുന്ന ഇത്തരം പ്രസ്ഥാനങ്ങളിലൂടെ മാത്രമേ തൊഴിലില്ലായ്മ ഇല്ലാതാക്കുവാൻ കഴിയുകയുള്ളു.

വല്യേന്ത, മേലേത്തടം, ഇളംകാട്, മൂപ്പൻമല എന്നീ പ്രദേശങ്ങളിൽ സുലഭമായിട്ടുള്ള ഈറ്റ, മുള, മോങ്കി എന്നിവ ഉപയോഗിച്ച് നിർമ്മിക്കുവാൻ കഴിയുന്ന കുട്ട, മുറം, പനമ്പ്, കൂട എന്നിവ നിർമ്മിച്ചു വില്ക്കുന്നതിനുതകുന്ന തരത്തിലുള്ള സംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുകയും ഈ തൊഴിലിൽ പ്രാവിണ്യമുള്ളവർക്കു വിദഗ്ദ പരിശീലനം ലഭ്യമാക്കുകയും സുലഭമായി കിട്ടുന്ന ചൂരൽ ഉപയോഗിച്ച് വിവിധ തരത്തിലുള്ള ഗൃഹോപയോഗ വസ്തുക്കൾ നിർമ്മിക്കുന്നതിനാവശ്യമായ കുറഞ്ഞ പലിശനിരക്കിലുള്ള വായ്പയും വിവിധ സർക്കാർ ഏജൻസികളുടെ സബ്സിഡിയും ലഭ്യമാക്കി പദ്ധതി പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിനായുള്ള വ്യവസായ ശൃംഖല, വല്യേന്ത, ഇളംകാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ആരംഭിക്കേണ്ടതുമാണ്.

കുടിൽ വ്യവസായത്തിലെ അടുത്ത പ്രധാന ഇനമായിട്ടുള്ള ജാം, സിറപ്പ് എന്നിവയുടെ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുകയും, അതുവഴി കൈതച്ചക്ക, മാമ്പഴം, കപ്പങ്ങാ (ഓമക്കാ) എന്നിവയുടെ ഉപയോഗം കാര്യക്ഷമമാക്കുകയും അതുവഴി ന്യായവില ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്. ഇതിന്റെ കാര്യക്ഷമമായ പുരോഗതിക്കായി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാവുന്നതാണ്. ഇതുവഴി നാം പാഴാക്കിക്കളയുന്ന വിഭവം സ്വാദിഷ്ടമായ ഭക്ഷണ പദാർത്ഥമായി മാറ്റുവാനും കഴിയുന്നതാണ്.

ഇതിനും പുറമേ ഗുണമേന്മയേറിയ കാലിത്തീറ്റ നിർമ്മാണത്തിന് തികച്ചും അനുയോജ്യമായ ചക്ക, ചക്കക്കുരു എന്നിവ ഉപയോഗിച്ച് പോഷക സമൃദ്ധമായ നല്ലയിനം കാലിത്തീറ്റ നിർമ്മിക്കാവുന്നതാണ്. ഇതിനായി ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മാണയൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായി വരുന്ന കുറഞ്ഞ പലിശനിരക്കിലുള്ള വായ്പാ സൗകര്യം മെച്ചപ്പെടുത്തുകയും വിവിധ ഏജൻസികളുടെ സബ്സിഡികൾ ലഭ്യമാക്കുകയും വേണം.

യുവതീയുവാക്കളുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു വിപുലമായ പദ്ധതിയാണ് ''റെഡി മെയ്ഡ് വസ്ത്ര നിർമ്മാണം'' വളരെയേറെ വിജയസാദ്ധ്യതയും വിപണന ശൃംഖലയുമുള്ള ഈ വ്യവസായം മുഖേന യുവതീയുവാക്കളുടെ തൊഴിൽ സാദ്ധ്യത ഉറപ്പാക്കുവാനും സർവ്വോപരി സാമ്പത്തികനേട്ടം കൈവരിക്കാനും കഴിയുന്നതാണ്. സഹകരണാടിസ്ഥാനത്തിൽ യുവാക്കൾക്കും യുവതികൾക്കുമായി ഓരോ യൂണിറ്റുകൾ ഇതിനായി ആരംഭിക്കാവുന്നതാണ്. സ്ത്രീകളുടെ വസ്ത്ര നിർമ്മാണ യൂണിറ്റ് മുഖേന ചുരിദാർ, നൈറ്റി, മിഡി, ടോപ്പ്, പാവാട, ബ്രേസിയേഴ്സ് എന്നീ ഇനങ്ങളു

ടെ ഒരു നിർമ്മാണ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ വിപുലമായി നടത്തുവാൻ കഴിയും.

പുരുഷന്മാരുടെ വസ്ത്രനിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനംവഴി, ഷർട്ടുകൾ, പാൻസുകൾ എന്നിവ വിപുലമായ തോതിൽ നിർമ്മിച്ച് കമ്മീഷൻ വ്യവസ്ഥയിൽ വപണനം നടത്താൻ കഴിയും.

വൈദഗ്ദ്യ പോഷണം

ഓരോ വ്യക്തിയുടേയും തികഞ്ഞ അഭിരുചിക്കനുയോജ്യമായ തരത്തിലുള്ള തൊഴിലുകളിലേർപ്പെടുന്നതിന് ആവശ്യമായ സാങ്കേതിക പരിശീലനം ലഭ്യമാക്കുന്നതിനുതകുന്ന തരത്തിലുള്ള പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തു തലത്തിൽ ആരംഭിക്കുകയും അതുവഴി പരിശീലനം സിദ്ധിച്ച ഒരു തലമുറയെ വാർത്തെടുക്കുവാൻ കഴിയുന്നതും ആണ്. തന്മൂലം തൊഴിലില്ലായ്മയ്ക്കു ശാശ്വതപരിഹാരം കാണുവാനും ഗ്രാമീണരുടെ പരമ്പരാഗത തൊഴിൽ നിലനിർത്തുവാനും അതിന്റെ പവിത്രത കാത്തുസൂക്ഷിക്കുവാനും കഴിയുന്നതാണ്.

ചില പ്രത്യേക തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന വിഭാഗങ്ങളെ അവരുടെ ജാതിപേർ ചേർത്തു സംബോധന ചെയ്യുന്നതുമൂലം അവരിലുളവാകുന്ന അപകർഷതാബോധം ആ തൊഴിലിനോടുപോലും നീതി പുലർത്താൻ പറ്റാത്ത സാഹചര്യത്തിൽ മറ്റു തൊഴിലുകളിലേർപ്പെടാൻ വിദ്യാസമ്പന്നനു പോലും പ്രേരണയുണ്ടാകുകയും തന്മൂലം കുലത്തൊഴിലുകൾ അന്യംനിന്നു പോകുന്ന സ്ഥിതിവിശേഷം ഇവിടെ സംജാതമാകുകയും ചെയ്യുന്നു.

നിലവിലുള്ള എല്ലാ തൊഴിലുകൾക്കും തികഞ്ഞ മാന്യതയും സമൂഹത്തിന്റെ അംഗീകാരവും ഉണ്ടെന്ന്ബോദ്ധ്യപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിൽ പാരമ്പര്യ തൊഴിലുകളെ ആധുനീകരിക്കുകയും കൂടുതൽ ആകർഷകമാക്കുകയും ചെയ്യുന്നതിന് യോജിച്ച തരത്തിൽ പരിശീലന കേന്ദ്രങ്ങളാരംഭിക്കുകയും അതിനു പ്രോത്സാഹനം നൽകുകയും ചെയ്യേണ്ടതാണ്.

തൊഴിൽ വ്യവസായ സേനയുടെ രൂപീകരണം

പഞ്ചായത്തു തലത്തിൽ സാങ്കേതിക ജ്ഞാനമുള്ള വിവിധ മേഖലകളിലെ തൊഴിലാളികളെ (വിദഗ്ദരെ) സഹകരണാടിസ്ഥാനത്തിൽ സംയോജിപ്പിച്ചു കൊണ്ടുള്ള പരിശീലന പരിപാടികൾ ഊർജിതപ്പെടുത്തുന്നതിനും, കഴിവും അഭിരുചിയും ഉള്ളവരെ കണ്ടെത്തുന്നതിനും സാങ്കേതിക വിദഗ്ദരുടെ മേൽനോട്ടത്തിൽ വ്യവസായസേനയെ രൂപപ്പെടുത്തിയെടുക്കണം.

കർമ്മനിരതമായ വ്യവസായസേനയുടെ രൂപീകരണത്തോടുകൂടി നമ്മുടെ പഞ്ചായത്തിൽ പുതിയ പുതിയ വ്യവസായങ്ങളുടെ മുന്നേറ്റം തന്നെയുണ്ടാകും. ഇതു നമ്മുടെ നാടിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കു വഴിതെളിക്കുമെന്നതിന് സംശയമില്ല.

ഊർജ്ജം

ഊർജ്ജാസൂത്രണം എന്നു കേൾക്കുമ്പോൾ വൈദ്യുതി ഉല്പാദനവും വിതരണവും എന്നുള്ളതാണ് പൊതുവേ നാം ധരിച്ചിട്ടുള്ളത്. എന്നാൽ വിറക്, ചാണക വരളി, ചപ്പുചവറുകൾ, ജൈവ ദ്രവ്യങ്ങൾ, ജൈവവാതകം, പാചകവാതകം, പെട്രോൾ, മണ്ണെണ്ണ എന്നിങ്ങനെ വിവിധ ഊർജ്ജസ്രോതസ്സുകൾ ഇന്നു നാം ഉപയോഗപ്പെടുത്തുന്നുണ്ട്. മണ്ണെണ്ണയിലേയ്ക്കും പാചക ഗ്യാസിലേയ്ക്കുമുള്ള തീവ്രമായ പ്രയാണത്തിൽ നമുക്കു ഇന്നും സുലഭമായിട്ടുള്ള വിറക്, ജൈവവാതകം (ബയോ ഗ്യാസ്) എന്നിവയെ മറന്നു കൊണ്ടു പ്രവർത്തിക്കുന്നുവെങ്കിലും വിറകിന് ഊർജ്ജ സ്രോതസ്സിൽ പരമപ്രധാനമായ സ്ഥാനമാണുള്ളത്. വൈദ്യുതിയുടെ ലഭ്യത ഇപ്പോൾ 40% വീടുൾക്കു മാത്രമേയുള്ളൂ.

ഗ്രാമങ്ങളിൽ ലഭ്യമായിട്ടുള്ള ജൈവസമ്പത്ത് ഫലപ്രദമായി ഉപയോഗിക്കുന്നതിനുമുള്ള പദ്ധതികളാണ് ഇന്നു നമുക്കാവശ്യം.

ഗ്രാമങ്ങളിൽ ലഭ്യമായിരിക്കുന്ന ഊർജ്ജസ്രോതസ്സുകൾ ഫലപ്രദമായി ഉപയോഗിക്കുകയാണെങ്കിൽ അതുപയോഗിച്ചു ജലം പമ്പു ചെയ്യുന്നതിനും കൃഷിക്കു ജലസേചനം നടത്തുന്നതിനും ജൈവവളം നിർമ്മിച്ചു വിതരണം ചെയ്യുന്നതിനും ഗാർഹിക വൈദ്യുതി ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. ഇക്കാര്യത്തിൽ ചൈന നടത്തിയിട്ടുള്ള ശ്രമങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. ഒരു ലക്ഷത്തോളം ചെറുകിട ജല വൈദ്യുത പദ്ധതികൾ കോടിക്കണക്കിനു ദക്ഷത ഏറിയ അടുപ്പുകൾ, ദശലക്ഷക്കണക്കിനുള്ള ബയോഗ്യാസ് പ്ലാൻറുകൾ എന്നിവയാണ് അവരുടെ നേട്ടങ്ങൾ. ഇന്ത്യയിലും ഇത്തരത്തിലുള്ള പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കർണ്ണാടകത്തിലെ പുരി, ആന്ധ്രയിലെ സിർഗുളി, കേരളത്തിലെ കല്യാശ്ശേരി, മീൻവല്ലം എന്നിവിടങ്ങളിൽ നടക്കുന്ന ശ്രമങ്ങൾ ഇക്കാര്യത്തിലുള്ള ശ്രദ്ധേയമായ പരീക്ഷണങ്ങളാണ്.

നമ്മുടെ പഞ്ചായത്തിൽ ഉടനീളം ഇത്തരത്തിലുള്ള കാൽവെയ്പുകൾ നടത്തുന്നതിന് വിപുലമായ സൗകര്യങ്ങളും വൻപിച്ച സാദ്ധ്യതകളും ഉണ്ട്.

നാം പാഴാക്കിക്കളയുന്ന ചപ്പുചവറുകൾ ചാണകം, മറ്റു ജൈവവസ്തുക്കൾ എന്നിവ ജനജീവിതനലവാരം ഉയർത്തുന്നതിനുപകരിക്കുന്ന തരത്തിൽ ഫലപ്രദമായ ഊർജ്ജ സ്രോതസ്സുകളായി മാറ്റുന്നതിനു കഴിയും. തദ്ദേശസ്വയംഭരണ സ്ഥാനപങ്ങൾക്കു ഇവിടേയും നേതൃത്വം കൊടുത്തു പ്രവർത്തിക്കാവുന്നതാണ്.

പുകയില്ലാത്ത അടുപ്പുകൾ

ഈ പഞ്ചായത്തിൽ മിക്ക വീടുകളിലും വിറകാണ് നാം കത്തിക്കുന്നത്. അടുക്കളയിൽ ഇന്നു വീട്ടമ്മമാരനുഭവിക്കുന്ന യാതനയും ദുരിതങ്ങളും എത്രയോ ഭീകരമാണ്. നമ്മുടെ പരമ്പരാഗത വിറകടുപ്പുകൾക്ക് മറ്റു സ്ഥലങ്ങളിലേതുപോലെ രണ്ടു ദോഷഫലങ്ങൾ ഉണ്ട്. ഒന്നാമതായി അടുപ്പിൽനിന്നും ഇയരുന്ന പുക വീട്ടമ്മയുടെ ആരോഗ്യത്തേയും സൗന്ദര്യത്തേയും ഹനിക്കുന്നു. കുഞ്ഞുങ്ങളുടെ ആരോഗ്യത്തിന് ഇതു ഹാനികരമാണ്. രണ്ടാമതായി ഇത്തരം അടുപ്പുകളുടെ ദക്ഷത കുറവാണ്. വിറകിൽ അടങ്ങിയിരിക്കുന്ന ഊർജ്ജം എട്ടിലൊന്നുപോലും പാത്രത്തിൽ പിടിക്കുന്നില്ല. വിറക് പാവപ്പെട്ടവരുടെ ഇന്ധനമാണ് എന്നുള്ളതാണ് ധാരണ. എങ്കിലും വിറക് വിലകൊടുത്തു വാങ്ങുന്ന ഒരു കുടുംബം പാചക ആവശ്യത്തിന് ചിലവാക്കുന്നതുക, ഗ്യാസ് വാങ്ങുന്നതിനേക്കാൾ എത്രയോ കൂടുതലാണ്. ബയോഗ്യാസ് അടുപ്പുകളും, പുകയില്ലാത്ത മെച്ചപ്പെട്ട അടുപ്പുകളും പ്രചരിപ്പിക്കുന്നതിന്റെ ആവശ്യകത നമ്മുടെ പഞ്ചായത്തിൽ വളരെ വലുതാണ്. വിറക് പ്രധാന ഇന്ധനമായി ഉപയോഗിക്കുന്ന എല്ലാ വീടുകളിലും മെച്ചപ്പെട്ട അടുപ്പുകൾ സ്ഥാപിക്കുക എന്നതായിരിക്കണം നമ്മുടെ പ്രധാപ്പെട്ട ലക്ഷ്യം.

നമ്മുടെ പഞ്ചായത്തിൽ മെച്ചപ്പെട്ട വിറക് അടുപ്പുകൾ സ്ഥാപിക്കുന്നതിന് വൈദഗ്ദ്യമുള്ളവർ വേണ്ടത്ര ഇല്ല. ആയതിനാൽ ഇക്കാര്യത്തിൽ അനർട്ടിന്റെ സേവനം ഫലപ്രദമായി ഉപയോഗിക്കാം. അതുപോലെതന്നെ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ സേവനവും നമ്മൾക്ക് ഫലപ്രദമായി ഉപയോഗിക്കാം. പരിഷത്തു അടുപ്പുകൾ സ്ഥാപിക്കുന്നതിന് വൈദഗ്ദ്യം സിദ്ധിച്ച ചുരുക്കം ചില ആളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവ എല്ലാ വീടുകളിലും ലഭ്യമാക്കുന്നതിന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ശ്രമം ഉണ്ടാകണം.

നമ്മുടെ പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും ഇന്ന് വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതി എത്തിയിട്ടുള്ള വീടുകളിലാകട്ടെ വെളിച്ചത്തെക്കാൾ കൂടുതൽ ചൂടാണു നല്കുക. ട്യൂബ് ലൈറ്റുകൾക്ക് കൂടുതൽ പ്രകാശക്ഷമത ഉണ്ടെങ്കിലും വോൾട്ടേജു ക്ഷാമം നിമിത്തം ഇവ ഫലപ്രദങ്ങളല്ല. ഈ കുറവുകളുമൊക്കെ പരിഹരിക്കുന്നതിനുള്ള ഉപകരണമാണ് ''കോം പാക്റ്റ് ഫ്ളൂറസെൻറ് ലാംബ്.'' താരതമ്യേന വിലക്കൂടുതലെങ്കിലും ഇത്തരം ബൾബുകൾ വൈദ്യുതി ലാഭിക്കുന്നതിന് വളരെ പ്രാധാന്യമുള്ളതാണ്. ഇത്തരം ബൾബുകൾ വീടുകളിൽ ഉപയോഗിക്കുന്നതിന് സബ്സിഡി ലഭ്യമാക്കുന്നതിന് പഞ്ചായത്തിന് പരിപാടികൾ ആവിഷ്ക്കരിക്കാം. ഉടനെ വൈദ്യുതി എത്താൻ സാധ്യത കുറവായ ഈ പഞ്ചായത്തിന്റെ പ്രദേശങ്ങളിൽ ലാഭകരമായി വൈദ്യുതി എത്തിക്കുവാൻ ഉള്ള മാർഗ്ഗം സൂര്യ വിളക്കുകളാണ്. ഈ പഞ്ചായത്തിന്റെ ഒറ്റപ്പെട്ട ഉൾനാടൻ പ്രദേശങ്ങളിലും വൈദ്യുതി ലൈനുകൾ വലിക്കുന്നതിനു ബുദ്ധിമുട്ടുള്ള മല മടക്കുകളിലും മലഞ്ചെരുവുകളിലും സൗരോർജ്ജ വിളക്കുകൾക്ക് മുൻഗണന കൊടുക്കാം.

ഊർജ്ജ സ്രോതസ്സുകൾ

മലയോര മേഖലയായ നമ്മുടെ പഞ്ചായത്തിൽ ചെറുവെള്ളച്ചാട്ടങ്ങളും കുത്തിയൊഴുകുന്ന മലംഞ്ചോലകളുമുണ്ട്. ഈ വെള്ളച്ചാട്ടത്തെ ഉപയോഗിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് രൂപംകൊടുക്കാൻ കഴിയും, ഇളംകാട് ടോപ്പ്, മ്ലാക്കര മുകൾഭാഗം വല്ല്യേന്ത, കൊടുങ്ങാ, മുണ്ടപ്പള്ളി, ചാത്തം പ്ലാപ്പള്ളി എന്നീ സ്ഥലങ്ങളിൽ ചെറിയ ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിന് സാധ്യതയുണ്ട്. ഈക്കാര്യത്തിൽ ഊർജ്ജിതമായ ശ്രമങ്ങൾക്ക് തുടക്കം കുറിക്കണം.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സ്

കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഈ പഞ്ചായത്തിനുള്ള സാധ്യത വളരെ വിപുലമാണ്. കോലാഹലമേട്, മൂപ്പൻ മല, പത്രോസ്സു മല, മേലേത്തടം, പറത്താനം, മുളകോര, വെള്ളൂർ മാലി മല എന്നിവിടങ്ങളിൽ കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സാധിക്കുന്നതാണ്. ഇക്കാര്യത്തിൽ അനർട്ടിന്റെ സേവനം ഫലപ്രദമായി ഉപയോഗിക്കാം.

സാമൂഹ്യ വനവൽക്കരണം

കാർഷികാവശ്യങ്ങൾക്കായി ഭൂമിയുടെ ഉപയോഗം വർദ്ധിച്ച സാഹചര്യത്തിൽ നിലവിലുണ്ടായിരുന്ന വനഭൂമിയുടെ വിസ്തൃതി അനുദിനം കുറയുകയാണുണ്ടായത്. ഇത് നമ്മുടെ കാലാവസ്ഥയിലും ഗണ്യമായ മാറ്റം വരുത്തിയിട്ടുണ്ട്. അണക്കെട്ടുകളുള്ള പദ്ധതി പ്രദേശങ്ങളിൽ പോലും ഇതുമൂലം ആവശ്യത്തിനു മഴ ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ അനധികൃത വനനശീകരണം പാടേ ഒഴിവാക്കേണ്ടതാണ്. കൂടാതെ വിറകിന്റെ ആവശ്യം മുൻനിർത്തിക്കൊണ്ട് ഒരു സമൂഹ്യ വനവൽക്കരണ പരിപാടി ഈ പഞ്ചായത്തിൽ നപ്പിലാക്കാവുന്നതാണ്. തികച്ചും കൃഷിക്കനുയോജ്യമല്ലാത്ത കോലാഹലമേട്, മൂപ്പൻമല എന്നീ പ്രദേശങ്ങളിൽ ഇതു നടപ്പിലാക്കാവുന്നതാണ്. ഇതിനും പറമേ പുറമ്പോക്കു ഭൂമിയിലും തോടിന്റെ ഇരു കരകളിലും, പ്ലാവ്, മരുതി, ആഞ്ഞിലി, തേക്ക് എന്നീ ഇനങ്ങളിൽപ്പെട്ട മരങ്ങൾ വച്ചുപിടിപ്പിക്കാവുന്നതാണ്.

ഊർജ്ജം പാഴാക്കൽ

നാം ഉല്പാദിപ്പിക്കുന്ന വൈദ്യുതിയിൽ ഒരു ഭാഗം ഇന്ന് പല കാരണങ്ങളാൽ പാഴായിപ്പോകുന്നുണ്ട്. നിരുത്തരവാദപരമായ വൈദ്യുതിയുടെ ഉപയോഗമാണ് ഇതിൽ പ്രധാനം. ഗാർഹിക മേഖലയിലും മറ്റു വ്യാവസായിക മേഖലകളിലും ഇതു പ്രകടമാണ്. വഴിവിളക്കുകളുടെ ഉപയോഗത്തിലും തികഞ്ഞ കാര്യക്ഷമത അനിവാര്യമാണ്. ഇതിലേയ്ക്കായി ഒരു ബോധവൽക്കരണ പരിപാടി ആവിഷ്ക്കരിക്കേണ്ടതാണ്.

ഐ.എച്ച്.ഡി.പി. കോളനികളിലും മറ്റു പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിലും വൈദ്യുതി ലഭ്യമാക്കണം. 1 -ാം വർഡിലുള്ള പോത്തൻ കോളനി, 2 -ാം വാർഡിൽ ചപ്പാത്ത് ഭാഗത്തുള്ള നാലു സെൻറ് കോളനി, തേമ്പുഴ ഭാഗത്തുള്ള കോളനി. താളുങ്കൽ 12 ഭാഗം, താളുങ്കൽ അമ്പലം ഭാഗം, കാവാലി മുകൾഭാഗം, പ്ലാപ്പള്ളി മുകൾഭാഗം, മാന്തീണ്ടി കോളനി, ആറേക്കർ കോളനി, അതമ്പനോലി, ആര്യങ്കാനം, വള്ളക്കാട്, ടെന്നീസ്, കപ്പിലാംമൂട് കോളനി, പോത്തൻ മല കോളനി, മരു

തിക്കാട്, ഞർക്കാട്, കൂന്നാട്, കൊടുങ്ങാ മുകൾഭാഗം, വല്യേന്ത, മ്ലാക്കര, ഇളംകാട് 39 ഭാഗം, മൂപ്പൻ മല ഭാഗം എന്നീ സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കണം.

വഴിവിളക്കുകൾ

പഞ്ചായത്തു കമ്മറ്റിയുടേയും വിദഗ്ദസമിതിയുടേയും നിർദ്ദേശപ്രകാരം താഴെപ്പറയുന്ന പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

1 -ാം വാർഡിൽ ഐ.എച്ച്.ഡി.പി. കോളനികളിലും, പോത്തൻ കോളനിയിലും. ചപ്പാത്ത് ഭാഗത്തുള്ള നാലു സെൻറ് കോളനിയിലും, കൂട്ടിക്കൽ - പറത്താനം, നടപ്പാത ഭാഗത്തും, കൂട്ടിക്കൽ - ഇരുന്നക്കുറ്റി നടപ്പാത ഭാഗത്തും വഴിവിളക്കുകൾ സ്ഥാപിക്കണം. 3 -ാം വാർഡിൽ വെട്ടിക്കാനം മുതൽ തേമ്പുഴവരെയും, താളുങ്കൽ കുപ്പുണ്ണിപ്പടി മുതൽ അമ്പലം വരെയും, താളുങ്കൽ മുതൽ 12 ഭാഗം വരെയും, താളുങ്കൽ മുതൽ കാവാലി പള്ളിവരേയും. പ്ലാപ്പള്ളി വായനശാല ഭാഗത്തും, 5 -ാം വാർഡിൽ പോത്തൻമല, മുണ്ടപ്പള്ളി ഭാഗത്തും, ചാത്തൻ പ്ലാപ്പള്ളി കടഭാഗത്തും, സ്കൂൾ ഭാഗത്തും, 6 -ാം വാർഡിൽ തേമ്പുഴ ഈസ്റ്റ് മുതൽ കുപ്പായക്കുഴി വരെയും, വേളാങ്കണ്ണി പള്ളിമുതൽ ഒറ്റമരം വരെയും, 7 -ാം വാർഡിൽ ഒറ്റമരം മുതൽ ഇളംകാട് പാലംവരെയും, കൊടുങ്ങാ റോഡിൽ സ്കൂൾ ഭാഗത്തും, സ്കൂൾ ഭാഗം മുതൽ കൊടുങ്ങാ ക്ഷേത്രം വരെയും, ഇളംകാട് പാലം മുതൽ മ്ലാക്കര കവലവരെയും, ഇളംകാട് പുതിയകത്ത് സെയ്ദിൻെറ സ്ഥലം മുതൽ ഇളംകാട് ടോപ്പ അംഗനവാടി വരെയും വല്യേന്ത കവലമുതൽ പുളിഞ്ചുവട് ഭാഗം വരെയും വഴിവിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

സോഡിയം വേപ്പർ ലാംബ്

പറത്താനം കുളത്തോടു ചേർന്നുള്ള കവലയിലും, ടൗൺഭാഗം, പള്ളിക്കവലയിലും, കൂട്ടിക്കൽ ചപ്പാത്ത് ഭാഗത്തും, മുസ്ലിം പള്ളിക്കു സമീപവും, ഔട്ട് പോസ്റ്റ് ഭാഗത്തും കൂട്ടിക്കൽ കുരിശുപള്ളി കവലയിലും പി.എച്ച്. സെൻറർ ഭാഗത്തും പഞ്ചായത്തു ആഫീസിനു സമീപവും, താളുങ്കൽ അമ്പലം ഭാഗത്തും, പ്ലാപ്പള്ളി വായനശാല ഭാഗത്തും, മുണ്ടപ്പള്ളി കടഭാഗത്തും, ചാത്തൻ പ്ലാപ്പള്ളി സ്കൂൾ ഭാഗത്തും ഏന്തയാർ ടെന്നീസ് ഭാഗത്തും, അമ്പലം ഭാഗത്തും വേളാംകണ്ണി പള്ളി ഭാഗത്തും, ഇളംകാട് ബസ്റ്റാൻറിലും കൊടുങ്ങാ ക്ഷേത്ര ഭാഗത്തും, കൂന്നാട് കവലയിലും വല്യേന്ത കവലിയിലും വല്യേന്ത ബസ്റ്റാൻഡ് ഭാഗത്തും ഇളംകാട് ക്ഷേത്രഭാഗത്തും സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കേണ്ടതാണ്.

ഗതാഗതം

ഒരു ഗ്രാമത്തിന്റെ നാനാമുഖ വികസനത്തിൽ ഗതാഗതത്തിന് നിർണ്ണായകമായ പ്രാധാന്യമാണുള്ളത്. കൃഷിയും വ്യവസായവും ഒരു ദേശീയ ജനജീവിതത്തിന്റെ ശരീരവും അസ്ഥികളുമാണെങ്കിൽ, ഗതാഗതം അതിന്റെ രക്തവാഹിനിക്കുഴലുകളാണ്. എല്ലാ തരത്തിലുള്ള പുരോഗതിയുടേയും അടിസ്ഥാന ശിലയാണ് റോഡുകളും മറ്റു ഗതാഗത ഉപാധികളും.

നമ്മുടെ പഞ്ചായത്തിൽ റോഡു ഗതാഗതമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഈ പഞ്ചായത്തിൽക്കൂടി കടന്നുപോകുന്ന ഏറ്റവും പ്രധാനപ്പെട്ട പാത മുണ്ടക്കയം - തേമ്പുഴ - ഇളംകാട് റോഡാണ്. രണ്ടാമത്തെ പ്രധാന പാതയായ പൂഞ്ഞാർ - ചോലത്തടം - പറത്താനം - മുണ്ടക്കയം റോഡിന്റെ ഏകദേശം 3 കിലോമീറ്റർ ദൂരം ഈ പഞ്ചായത്തിലൂടെ കടുന്നുപോകുന്നു. ഇവ രണ്ടും പി.ഡബ്ല്യു.ഡി. അധീനതയിലുള്ളവയാണ്.

ഏന്തയാർ - ഞർക്കാട് - കൈപ്പള്ളി - ഇടമല - പൂഞ്ഞാർ റോഡ്

ഈ പ്രധാന റോഡിന്റെ ഒരു കിലോമീറ്ററോളം വെള്ളപ്പൊക്ക ദുരിതാശ്വാസ സ്കീമിലും, തൊഴിൽ ഉറപ്പ് പദ്ധതിയിലും ഉൾപ്പെടുത്തി ടാറിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. ഈ റോഡ് മുഴുവനായും 8 മീറ്റർ വീതിയിൽ പണി തീർക്കുന്നതിന് സ്ഥലം സറണ്ടർ ചെയ്തിട്ടുള്ളതാണ്. ഉദ്ദേശം 3 കിലോമീറ്റർ ദൂരത്തിൽ, 8 മീറ്റർ വീതിയിൽ ഇതിന്റെ മണ്ണു പണികൾ തീർത്തിട്ടുള്ളതാണ്. പൂർത്തീകരിക്കുവാനുള്ള ബാക്കിഭാഗം വീതി കൂട്ടി പൂർണ്ണമായും ടാറിംഗ് നടത്തിയാൽ കൂട്ടിക്കൽ പഞ്ചായത്തിനെ നിയോജകമണ്ഡലത്തിന്റെ ആസ്ഥാനമായ - വളരെ ചരിത്ര പാരമ്പര്യമുള്ള പൂഞ്ഞാറുമായി ബന്ധിപ്പിക്കാവുന്നതാണ്. ഇതിലുമുപരിയായി, കൂട്ടിക്കൽ, ഏന്തയാർ, ഇളം കാട് നിവാസികൾക്ക് കുറഞ്ഞ ദൂരയാത്രയിൽ പൂഞ്ഞാർ എത്തിച്ചേരുവാൻ കഴിയും, നിലവിലുള്ള ഗതാഗതസൗകരം കണക്കിലെടുത്താൽ മുണ്ടക്കയം, പാറത്തോട്, കാഞ്ഞിരപ്പള്ളി, തിടനാട്, ഈരാറ്റുപേട്ട വഴി പൂഞ്ഞാറിലെത്താൻ വളരെയേറെ ദൂരം യാത്ര ചെയ്യേണ്ടിവരുന്നു. വളരെ പ്രധാനപ്പെട്ട വ്യാപാരകേന്ദ്രമായ ഈരാറ്റുപേട്ടയിൽ നിത്യോപയോഗ സാധനങ്ങളും മറ്റുള്ളവയും വളരെ കുറഞ്ഞ വിലയ്ക്ക് ലഭ്യമാണ്. കൂട്ടിക്കൽ, ഏന്തയാർ. ഇളംകാട് എന്നീമേഖലകളിൽ മേൽത്തരം സാധനങ്ങളുടെ വ്യാപാരംപ്രഫുല്ലമാക്കുന്നതിനും ഇതു സഹായിക്കും. മേൽപ്രസ്താവിച്ച് പ്രാധാന്യത്തിന്റെ വെളിച്ചത്തിൽ ഈ റോഡ് അടിയന്തിരമായി വികസിപ്പിക്കുന്നതിനുള്ള നടപടികളുണ്ടാകേണ്ടതാണ്. ഈ റോഡ് ഏറ്റെടുക്കുന്നതിന് വേണ്ടതായ നടപടികൾ ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ ഇനി വേണ്ടിവരുന്നത് പി.ഡബ്ല്യു.ഡി. വിഭാഗം ഏറ്റെടുത്തുകൊണ്ടുള്ള പ്രഖ്യാപനവും തുടർ നടപടികളുമാണ്.

ഇളംകാട് - ഇളംകാട് ടോപ്പ് മൂപ്പൻമല റോഡ്

ഇത് മറ്റൊരു പ്രധാനപ്പെട്ടതും, നിലവിൽ ബസ്സ് സർവ്വീസ് ഉള്ളതുമായ റോഡാണ്. ഈ റോഡിന്റെ ഒന്നേമുക്കാൽ കിലോമീറ്റർ ദൂരം. 8 മീറ്റർ വീതിയിൽ വെട്ടുന്നതിന് സറണ്ടർ ലഭിച്ചിട്ടുള്ളതാണ്. ഇ.എ.എസ്. സ്കീമിൽ ഉൾപ്പെടുത്തി 250 മീറ്റർ നീളം ഇപ്പോൾ ടാറിംഗ് പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ റോഡിന്റെ ബാക്കിയുള്ള ഒന്നര കിലോമീറ്റർ ദൂരം ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തിയോ പി.ഡബ്ല്യു.ഡി. ഏറ്റെടുത്തുകൊണ്ടോ ഇളംകാട് ടോപ്പ്വരെ ടാറിംഗ് പൂർത്തീകരിക്കേണ്ടതാണ്. ഇതുമൂലം ഇളംകാട് ടോപ്പുവരെയുള്ള ഗതാഗതസൗകര്യം മെച്ചപ്പെടുത്താവുന്നതാണ്.

ഇളംകാട് ടോപ്പ് അമ്പലം ഭാഗം മുതൽ മൂപ്പൻമല വരെ 8 മീറ്റർ വീതിയിൽ റോഡു നിർമ്മിക്കുന്നതിന് സാദ്ധ്യത വളരെ കുറവാണ്. ആകയാൽ ഇത്രയും ഭാഗം മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ടാറിംഗ് പൂർത്തീകരിക്കേണ്ടതാണ്.

ഇളംകാട് - വല്യേന്ത - മേലേത്തടം - വഴിക്കടവ് റോഡ്

കൂട്ടിക്കൽ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ റോഡിന്റെ പ്രാധാന്യം വളരെ വലുതാണ്. വല്യേന്തവരെയുള്ള 3 കിലോമീറ്ററോളം ദൂരം പട്ടികവർഗ്ഗ വകസന പദ്ധതിയിൽ ഉൾപ്പെടുത്തി ടാറിംഗ് പൂർത്തീകരിച്ചിട്ടുള്ളതാണ്. ബാക്കി മേലേത്തടം വരെയുള്ള 3 കിലോമീറ്ററോളം ദൂരം പൊതുജന പങ്കാളിത്തത്തോടുകൂടി മണ്ണു പണി തീർത്തിരിക്കയാണ്. നൂറു കണക്കിന് ആളുകളുടെ അനേക ദിവസത്തെ കഠിനാധ്വാനത്തിന്റെ ഫലമായിട്ടാണ് ഈ റോഡു നിർമ്മിക്കുവാൻ സാധിച്ചത്. മേലേത്തടം മുതൽ വഴിക്കടവു വരെയുള്ള 3 കിലോമീറ്ററോളം റോഡ് വീതികൂട്ടി നിർമ്മിച്ചാൽ - ഇളംകാടു മുതൽ മേലേത്തടം വഴി, വഴിക്കടവ് - വാഗമൺ - ഏലപ്പാറ എന്നിവിടങ്ങളിലേയ്ക്കു യാത്രസൗകര്യം നിലവിലുള്ള മുണ്ടക്കയം - കൂട്ടിക്കാനം വഴിയേക്കാൾ തികച്ചും ദൈർഘ്യം കുറഞ്ഞതും ലാഭകരവുമാണ്. ഈ റോഡിന്റെ പൂർത്തീകരണം ഇളംകാടുമുതൽ വഴിക്കടവുവരെയുള്ള മലമ്പ്രദേശങ്ങളുടെ വികസനത്തിന് വഴിയൊരുക്കും. പുളിമൂട് മുതൽ വഴിക്കടവ് വരെയുള്ള ആറ് കിലോമീറ്ററോളം ദൂരം പട്ടികവർഗ്ഗ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ടാറിംങ്ങ് പണി പൂർത്തികരിക്കാവുന്നതാണ്.

കൂട്ടിക്കൽ - മാത്തുമല - പ്ലാപ്പള്ളി ജംഗ്ഷൻ - ചാത്തൻപ്ലാപ്പള്ളി - കൂന്തൻപാറ റോഡ്

കൂട്ടിക്കൽ മുതൽ ഈ റോഡന്റെ ഒന്നര കിലോമീറ്റർ ദൂരം നാലു റീച്ചുകളിലായി ടാർ ചെയ്തിട്ടുണ്ട്. തുടർന്നു പ്ലാപ്പള്ളി ജംഗ്ഷൻ വരെയുള്ള രണ്ടര കിലോമീറ്റർ റോഡ് 8 മീറ്റർ വീതിയിൽ മണ്ണുപണി പൂർത്തിയാക്കിയിട്ടുള്ളതാണ്. പ്ലാപ്പള്ളി ജംഗ്ഷൻ മുതൽ കൂന്തൻ പാറ വരെയുള്ള റോഡിൽ ഏറ്റവും കയറ്റം കൂടിയ ഭാഗത്ത് അര കിലോമീറ്റർ ദൂരം റോഡ് ടാറിംങ്ങ് നടത്തിയിട്ടുണ്ട്.

കൂന്തൻ പാറയിൽനിന്നും പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽപ്പെട്ട 3 കിലോമീറ്റർ ദൂരം പുതിയ റോഡു നിർമ്മിച്ചാൽ പൂഞ്ഞാർ - കൈപ്പള്ളി റോഡുമായി കൂട്ടിക്കൽ കൂന്തൻപാറ റോഡ് ബന്ധിപ്പിക്കാവുന്നതാണ്. ഇത് പൂഞ്ഞാർ, ഈരാറ്റുപേട്ട തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കുള്ള യാത്രാദൂരം പകുതി കണ്ട് കുറയ്ക്കുന്നതാണ്. ഈ റോഡ് പട്ടികവർഗ്ഗ വിഭാഗക്കാർ താമസിക്കുന്ന ചാത്തൻപ്ലാപ്പള്ളി വഴി കടന്നുപോകുന്നതിനാൽ പട്ടികവർഗ്ഗ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പണി പൂർത്തീകരിക്കാവുന്നതാണ്.

പ്ലാപ്പള്ളി - കാവാലി - അണുങ്ങുംപടി - ചോലത്തടം റോഡ്

ഈ റോഡിന്റെ വികസനം അവഗണിക്കപ്പെട്ടതുകൊണ്ട് ആയിരക്കണക്കിന് മലയോര കർഷകരുടെ പുരോഗതി സ്വപ്നം കാണാൻപോലും കഴിഞ്ഞിരുന്നില്ല. ഈ റോഡിന്റെ പ്ലാപ്പള്ളി അംഗൻവാടി വരെയുള്ള ഭാഗം ഒരു റോഡെന്നു പറയാവുന്നതരത്തിൽ വെട്ടിത്തുറന്നിട്ടുണ്ട്. അംഗൻവാടി മുതൽ ചോലത്തടം വരെ നിലവിൽ മൂന്നടിപ്പാത മാത്രമേയുള്ളു. ഇതിന്റെ ചോലത്തടം വരെയുള്ള ദൂരം 8 മീറ്റർ വീതിയിൽ പണി തീർക്കുന്നതിനായി സറണ്ടർ ലഭിച്ചിട്ടുമുള്ളതാണ്. കാവാലി, പ്ലാപ്പള്ളി നിവാസികളുടെ ചിരകാലസ്വപ്നമായ ഈ റോഡിന്റെ വികസനം കൊണ്ടു മാത്രമേ, നൂറ്റാണ്ടുകളായി മലമേടുകളിലും, മലമടക്കുകളിലും കുടിയേറി പ്പാർത്ത് കൃഷി ഉപജീവന മാർഗ്ഗമാക്കിയ, മണ്ണിൽ കനകം വിളയിക്കുന്ന കർഷകരുടേയും, കർഷകത്തൊഴിലാളികളുടേയും പുരോഗതി സാദ്ധ്യമാകുകയുള്ളു. പി.ഡബ്ല്യു.ഡി. വകുപ്പ് ഏറ്റെടുക്കുകവഴി മാത്രമേ ഈ റോഡിന്റെ വികസനം സാദ്ധ്യമാകുകയുള്ളു.

കൂട്ടിക്കൽ - ആനക്കുഴി - പൂഞ്ഞാർ റോഡ്

ഗ്രാമപഞ്ചായത്ത് ആസ്ഥാനമായ കൂട്ടിക്കലും, നിയോജകമണ്ഡല ആസ്ഥാനമായ പൂഞ്ഞാറും തമ്മിൽ ബന്ധിപ്പിക്കുന്ന ദൈർഘ്യം കുറഞ്ഞതും മർമ്മപ്രധാനമായതുമായ ഒരു റോഡാണിത്. ഈ റോഡിന്റെ പൂർത്തീകരണത്തോടുകൂടി മാത്രമേ കൂട്ടിക്കലിന്റെ വികസനം സാദ്ധ്യമാകുകയുള്ളു. ഇത് കൈലാസ് റബ്ബർ എസ്റ്റേറ്റിലൂടെയും, ഇരുന്നക്കുറ്റി എസ്റ്റേറ്റിലൂടെയുമാണ്. കൂട്ടിക്കലെത്തിച്ചേരുന്നത്. ഈ റോഡു പൂർത്തീകരിച്ച് ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതാണ്.

കൂട്ടിക്കൽ - കൊടുങ്ങാ - അടിവാരം - പൂഞ്ഞാർ റോഡ്

ഈ റോഡിന്റെ കൂട്ടിക്കൽ മുതൽ ഇളംകാട് ബസ്റ്റാൻറ് വരെയുള്ള ഭാഗം റോഡ് പി.ഡബ്ല്യു.ഡി. അധീനതയിലുള്ളതും നിലവിൽ വിപുലമായ ബസ്സ് സർവ്വീസ് ഉള്ളതുമാണ്.

ഇളംകാട് ബസ്റ്റാൻറ് മുതൽ ഈ റോഡ് പ്രസിദ്ധമായ കൊടുങ്ങാ ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്ര

സമീപത്തുകൂടി മലമടക്കുകൾ പിന്നിട്ട് അടിവാര ത്തെത്തിച്ചേരുന്നു. ഈ റോഡിന്റെ പൂർത്തീകരണ ത്തോടുകൂടി, ഏന്തയാർ, ഇളംകാട് മുക്കുളം എന്നീ പ്രധാന കരകളിലുള്ള ജനങ്ങളുടെ യാത്രാക്ലേശം പരി ഹരിക്കപ്പെടുകയും അതോടൊപ്പം നാടിന്റെ വി കസനവും സാദ്ധ്യമാകുന്നതുമാണ്.

പ്ലാപ്പള്ളി - മാന്തീണ്ടി - ഈന്തുംപള്ളി - പൂഞ്ഞാർ റോഡ്

പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളായ പ്ലാ പ്പള്ളി, മാന്തീണ്ടി പ്രദേശങ്ങളിലുള്ളവർക്കു ഈന്തും പള്ളി കൂടി നിയോജകമണ്ഡല ആസ്ഥാനമായ പൂ ഞ്ഞാറിലെത്തുന്നതിനുള്ള ഏക വഴിയാണ്. ഈ റോ ഡിന്റെ പൂർത്തീകരണം ഈ കരകളുടെ സമഗ്രവി കസനത്തിനുതകുന്നതാണ്.

ഏറ്റുമാനൂർ - പൂഞ്ഞാർ എൻ. എച്ച്. (ദേശീ യപാത)

ഏറ്റുമാനൂർ - പാലാ - ഈരാറ്റുപേട്ട വഴി പൂഞ്ഞാർവരെ അനുവദിച്ചു പണി നടന്നുകൊണ്ടിരി ക്കുന്ന നിർദ്ദിഷ്ഠ ദേശീയപാത പൂഞ്ഞാർ നിന്നും ചോ ലത്തടം - പറത്താനം വഴി മുണ്ടക്കയത്തേയ്ക്കു നീട്ടി പൂർത്തീകരിക്കുവാൻ സാധിക്കുന്ന പക്ഷം കിഴക്കൻ മേഖലകളിലേയ്ക്കുള്ള യാത്രാസൗകര്യം ഇപ്പോഴുള്ളതി നേക്കാൾ മെച്ചപ്പെടുത്തുകയും അതോടൊപ്പം ദീർഘദൂ ര ബസ്സ് സർവ്വീസുകളുടെ ആവിർഭാവത്തിനു വഴിതെളി ക്കുകയും ചെയ്യുന്നതാണ്. ഇത് മെഡിക്കൽ കോളേജി ലേയ്ക്കും, ഇ.എസ്.ഐ. (ഐ.സി.എച്ച്) യിലേയ്ക്കും, യൂണിവേഴ്സറ്റിയിലേയ്ക്കും എത്തിച്ചേരുന്നതിനും നി ലവിലുള്ള റോഡ് മാർഗ്ഗത്തേക്കാൾ ലാഭകരവുമാണ്.

നിലവിലുള്ള റോഡുകൾ ടാർ ചെയ്യുവാൻ നിർദ്ദേശിക്കപ്പെട്ടവ

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്
1	6, 7	ഏന്തയാർ - ഞർക്കാട് - കൈപ്പള്ളി - ഇടമല - പൂഞ്ഞാർ റോഡ്.
2	8	ഇളംകാട് - ഇളംകാട് ടോപ്പ് - മൂപ്പൻമല റോഡ്.
3	3, 4, 5, 6	കൂട്ടിക്കൽ - മാത്തുമല - പ്ലാപ്പള്ളി - ചാത്തൻ പ്ലാപ്പള്ളി കുന്തമ്പാറ റോഡ്.
4	7	ഇളംകാട് - കൊടുങ്ങാ - അടിവാരം റോഡ്.
5	7, 8	വല്യേന്ത - മേലേത്തടം - വഴിക്കടവ് റോഡ്
6	3, 4	കൂട്ടിക്കൽ - കാവാലി - അണുങ്ങംപടി - ചോലത്തടം.
7	2, 1	കൂട്ടിക്കൽ - ഇരുന്നക്കുറ്റി - നവചൈതന്യ - പുതുവൽ
		കോളനിവഴി , കീക്കറിക്കാട്ട് കവല.
8	6	ഏന്തയാർ - മാത്തുമല റോഡ്.
9	6	ഏന്തയാർ - മുണ്ടപ്പള്ളി - കുന്തൻപാറ റോഡ്.
10	8	ഇളംകാട് - മ്ലാക്കര റോഡ്
11	1	പത്താനം - ഉരുളുമൊട്ട റോഡ്
12	1	പറത്താനം - വേലനിലം റോഡ്
13	3	മാത്തുമല - കുപ്പുണ്ണിപ്പടി (ഗാന്ധിനഗർ)
		താളുങ്കൽ അമ്പലം റോഡ്
14	6	ഏന്തയാർ - മരുതിക്കാട് റോഡ്

15	7	ഏഴേക്കർ - ഞർക്കാട് - കളത്വാ റോഡ്
16	7	ഏഴേക്കർ - കൂന്നാട് റോഡ്
17	6	ഏന്തയാർ - വള്ളക്കാട് റോഡ്
18	6	തേമ്പുഴ ഈസ്റ്റ് - ആശ്രമം റോഡ്
19	3	താളുങ്കൽ അമ്പലം - അറുമുഖം പടിവഴി മാത്തൂമല

മുൻഗണനാക്രമത്തിൽ നിലവിലുള്ള റോഡുകൾ വീതി കൂട്ടി ടാർ ചെയ്യുവാൻ ഗ്രമസഭകൾ ആവശ്യപ്പെട്ടവ.

ക്രമ നമ്പർ	നിർദ്ദേശിക്കപ്പെട്ട റോഡുകൾ
1	ഏന്തയാർ - ഞർക്കാട് - കൈപ്പള്ളി - ഇടമല - പൂഞ്ഞാർ റോഡ്
2	ഇളംകാട് - ഇളംകാട് ടോപ്പ് റോഡ്
3	ഏന്തയാർ - മാത്തൂമല - പ്ലാപ്പള്ളി കവല - ചാത്തൻ
	പ്ലാപ്പള്ളി - കൂന്തൻ പാറ റോഡ്
4	ഇളംകാട് കൊടുങ്ങാ - അടിവാരം റോഡ്
5	കൂട്ടിക്കൽ - മാത്തൂമല റോഡ്
6	കൂട്ടിക്കൽ - ഇരുന്നക്കുറ്റി - നവ ചൈതന്യ - പുതുവൽ കോളനി - കീക്കരിക്കാട്ടു കവല
	വഴിപറത്താനം
7	വല്യേന്ത - മേലേത്തടം - വഴിക്കടവ് റോഡ്
8	ഇളംകാട് - മ്ലാക്കര റോഡ്
9	മാത്തുമല - പ്ലാപ്പള്ളി - കാവാലി - ചോലത്തടം
10	കൂട്ടിക്കൽ - താളുങ്കൽ - കാവാലി റോഡ്
11	കൂട്ടിക്കൽ ചപ്പാത്ത് - നാല് സെൻറ് കോളനിറോഡ് വീതികൂട്ടി ടാർ ചെയ്യണം.
12	കൂട്ടിക്കൽ - ഇരുന്നക്കുറ്റി - ഒടിച്ചുകുത്തി - പറത്താനം റോഡ്
13	ഏന്തയാർ - മുണ്ടപ്പള്ളി - കൂന്തൻപാറ റോഡ്
14	ഏഴേക്കർ - ഞർക്കാട് - കളത്വാ റോഡ്
15	പറത്താനം - ഉരുളുമൊട്ട കോളനി റോഡ്
16	ഇളംകാട് - 39 - റോഡ്
17	ഏന്തയാർ - വള്ളക്കാട് - വഴി മുണ്ടപ്പള്ളി
18	ഏഴേക്കർ - കൂന്നാട് - കൊടുങ്ങാ റോഡ്
19	മാത്തുമല - കുപ്പുണ്ണിപ്പടി (ഗാന്ധിനഗർ) റോഡ്

20	കാവാലി - ഇടപ്ലാപ്പള്ളി റോഡ്
21	ഏന്തയാർ - മരുതിക്കാട് - കളത്വാ റോഡ്
22	കൊടുങ്ങാക്ഷേത്രം - തോണ്ടാങ്കുളരി റോഡ്
23	പറത്താനം - വേലനിലം റോഡ്
24	ഇളംകാട് - മൂപ്പൻമല റോഡ്
25	മാത്തുമല - സംഗമംപടി റോഡ്
26	അതമ്പനോലി - ആര്യങ്കാനം റോഡ്
27	കൊടുങ്ങാക്ഷേത്രം - വല്യേന്ത ക്ഷേത്രം വഴി - വഴിക്കടവു റോഡുമായി ബന്ധിപ്പിക്കുക.
28	പറത്താനം - പത്തേക്കർ - കോളനിറോഡ്
29	താളുങ്കൽ - പുളിമാക്കൽ റോഡ്
30	ആനക്കുഴി - താളുങ്കൽ വഴികൂട്ടിക്കൽ
31	മാത്തുമല - ഹൈദ്രോസ് കവലവഴി - പോത്തന്മല റോഡ്
32	മൂപ്പൻമല - മൂപ്പൻമല ടോപ്പ് റോഡ്
33	കൊടുങ്ങാ - ചൊറുതമല റോഡ്
34	പറത്താനം - പുളിക്കൽ കോളനി റോഡ്
35	താളുങ്കൽ - കൊടുവത്ത് റോഡ്
36	പ്ലാപ്പള്ളി - മാന്തീണ്ടി ജംഗ്ഷൻ - പ്ലാപ്പള്ളി സ്കൂൾ റോഡ്

ഗ്രാമസഭകളിൽനിന്നും നിർദ്ദേശിക്കപ്പെട്ട മറ്റു റോഡുകൾ

ക്രമ നമ്പർ	വർഡ് നമ്പർ	നിർദ്ദേശിക്കപ്പെട്ട മറ്റു റോഡുകൾ
1	1	കീക്കറിക്കാട്ടു പടിക്കൽ നിന്നും രാജൻ എസ്റ്റേറ്റിലേയ്ക്കുള്ള റോഡ്
2	3	കുരിശുപള്ളിക്കവലമുതൽ ചിന്നക്കാള പടിവഴി കോൺവെൻറ് അതിർത്തിവരെ.
3	4	പത്തേക്കറിൽനിന്നും ആറേക്കർ കോളനിയിലേയ്ക്കുള്ള റോഡ്
4	5	അതമ്പനോലിയിൽനിന്നും ഗോദാനി ഭാഗത്തേക്കുവ്ള റോഡ്
5	6	പോത്തന്മല - ചാത്തൻപ്ലാപ്പള്ളി റോഡ്
6	6	മാത്തുമല - പോത്തന്മല റോഡ്
7	6	മാത്തുമല - സിമിത്തേരിഭാഗം റോഡ്
8	7	കൊടുങ്ങാ - 4 ഏക്കർ - വല്യേന്ത റോഡ്
9	6	ഏന്തയാർ - വള്ളക്കാട് റോഡ്

നടപ്പാലങ്ങൾ

ക്രമ നമ്പർ	വാർഡ് നമ്പർ	നടപ്പാലങ്ങൾ
1	1	പോത്തൻ കോളനിയിൽ നിന്നും ഇരുനക്കുറ്റി എസ്റ്റേറ്റിലേക്കു തോടിനു കുറുകെയുള്ള നടപ്പാലം.
2	4	കൊടുവത്ത എസ്റ്റേറ്റിൽനിന്നും 6 ഏക്കർ കോളനിയിലേയക്കു തോടിനു കുറുകെ നടപ്പാലം
3	4	പ്ലാപ്പള്ളിയിൽനിന്നും തോടിനു കുറുകെ സ്കൂൾ ഭാഗത്തേക്കു നടപ്പാലം
4	7	ഏഴേക്കർ ഭാഗത്ത് ഞർക്കാട് റോഡിൽ എം.ഐ. പാപ്പന്റെ വീടുഭാഗത്ത് നടപ്പാലം
5	7	ഞർക്കാട് - വെട്ടുകല്ലേൽപടി നടപ്പാലം
6	7	കൊടുങ്ങാ - മംഗലത്ത്പടി നടപ്പാലം
7	7	കൊടുങ്ങാ - വെട്ടിക്കൽ പടി നടപ്പാലം
8	8	വല്യേന്ത - പുതുപ്പറമ്പിൽ പടി നടപ്പാലം
9	7	മേലേത്തടം - വള്ളിയാം തടത്തിൽപടി
10	8	ഇളംകാട് സ്റ്റാൻറിൽനിന്നും അയിത്തമറ്റം പുരയിടത്തിൽക്കൂടി ഇളംകാട് ടോപ്പിലേയ്ക്കു പോകുന്ന ഭാഗത്ത് തോടിനു കുറുകേ (നിലവിലുള്ള തൂക്കുപാലത്തിനു മുകളിലായി നടപ്പാലം)
11	8	മ്ലാക്കര റോഡിൽ എം.ഐ. കുഞ്ഞുകുട്ടിയുടെ പുരയിടത്തിലായി തോടിനു കുറുകെ നടപ്പാലം
12	8	മുക്കുളം സ്കൂളിലേയ്ക്കു പോകുന്ന 16 ഏക്കർ ഭാഗത്ത് തോടിനു കുറുകേ നടപ്പാലം
13	6	മുണ്ടപ്പള്ളി തോട്ടിൽ പണിക്കവിട്ടിൽ പടിക്കൽ തോടിനു കുറുകെ നടപ്പാലം.

പാലങ്ങൾ

ക്രമ നമ്പർ	വാർഡ് നമ്പർ	പാലങ്ങൾ
1	6	തേമ്പുഴ - വെള്ളിക്ക് തൂക്കുപാലത്തിനു പകരമായി ഗതാഗതയോഗ്യമായ പാലം
2	6	ഏന്തയാർ റബ്ബർ ഫാക്ടറി പടിക്കൽ നിലവിലുള്ള റോഡിന്റെ വളവു നിവർത്ത് നേരേ ഇളംകാട്ടിലേയ്ക്കുള്ള റോഡിൽ പാലം നിർമ്മിക്കുക.
3	7	ഇളംകാട് സ്റ്റാൻറിൽനിന്നും മുക്കുളത്തിനുള്ള തൂക്കുപാലത്തിനു പകരമായി ഗതാഗത യോഗ്യമായ പാലം നിർമ്മിക്കുക
4	8	മ്ലാക്കര റോഡിൽ മുണ്ടൻ പറമ്പ് ഭാഗത്ത് പാലം നിർമ്മിക്കുക
5	6	ഏന്തയാർ മുണ്ടപ്പള്ളി റോഡിൽ അട്ടിയാത്തടം തോട്ടിൽ പാലം നിർമ്മിക്കണം

നിലവിലുള്ള എല്ലാ റോഡുകൾക്കും കലുങ്കുകളും ഓടകളും റോഡിന്റെ സുരക്ഷിതത്വത്തിനായി നിർമ്മിക്കേണ്ടതാണ്.

പാർപ്പിടം

മുൻ കാലങ്ങളിൽ കൂട്ടുകുടുംബ രീതിയിൽ അധിവസിച്ചിരുന്ന ബഹുഭൂരിപക്ഷം കുടുംബങ്ങൾക്കും താമസം എന്നുള്ളത് ഒരു വലിയ പ്രശ്നമായിരുന്നില്ല. വേർപെട്ടുള്ള കുടുംബ ജീവിത രീതിയുടെ ആവിർഭാവത്തോടുകൂടി വീടുകളുടെ എണ്ണത്തിലുള്ള വർദ്ധന നിർണ്ണായാതിതമായി ഉർന്നു. ഈ രീതി ഇന്ന് ഓരോ ചെറിയ കുടുംബത്തിനും ഒരു വീട് എന്ന നിലയിൽ എത്തി നിൽക്കുകയാണ്. ഇതോടുകൂടി തരിശായിക്കിടന്ന പ്രദേശങ്ങൾ പോലും ജനവാസയോഗ്യമാകുകയും കൃഷിക്കനുയോജ്യമാക്കുകയും ചെയ്തു. നമ്മുടെ നാട്ടിൽ സുലഭമായി ലഭിച്ചിരുന്ന ഓലയും, കരിങ്കല്ലും ഉപയോഗിച്ചുള്ള വീടുകളായിരുന്നു അധികവും. മൺകട്ടകൾ (ഇഷ്ടിക) ഉപയോഗച്ചുള്ള ചുവരുകളും,ചാണകം മെഴുകിയ തറയുമായിരുന്നു അധികവും. ഇത് നമ്മുടെ ശുചിത്വബോധം വിളിച്ചറിയിച്ചിരുന്നു.

സമ്പത്തിന്റെ വളർച്ചയോടുകൂടി സുരക്ഷിതത്വം കണക്കിലെടുത്തുകൊണ്ട് മെച്ചപ്പെട്ട നിലവാരമുള്ള വീട് നിർമ്മിക്കുക എന്ന രീതി നിലവിൽ വന്നു.ഇതോടുകൂടി ഓലമേയുന്ന രിതിക്കു പകരം ഓടു മേയുന്നതും.ചുവരുകൾക്ക് ചുടുകട്ടകളും, കോൺക്രീറ്റ് മേൽക്കൂരയും നിലവിലായി.

തൊഴിലില്ലായ്മ വർദ്ധിച്ചതോടുകൂടി തൊഴിൽ തേടി ഗൾഫ് നാടുകളിലേയ്ക്കുള്ള പ്രവാഹമായി. ഇവരുടെ സമ്പത്തു നേടിയുള്ള തിരിച്ചു വരവോടുകൂടി എല്ലാ സൗകര്യങ്ങളുമുള്ള ചിലവേറിയ വീടു നിർമ്മിക്കുകയും അവ മോടി പിടിപ്പിക്കുകയും ചെയ്യുന്ന രീതി നിലവിൽ വന്നു. ഇന്ന് ഭവന നിർമ്മാണത്തിൽ മത്സരം തന്നെ നിലനിൽക്കുകയാണ്. പ്രധാന ടൗണുകളേയും, കേന്ദ്രങ്ങളേയും സംബന്ധിച്ചിടത്തോളം കെട്ടിടങ്ങളുടെ രൂപഭംഗി അനുപേക്ഷണീയമാണ്. ഇടത്തരക്കാരുടേയും താഴ്ന്ന വരുമാനക്കാരുടേയും സാമ്പത്തിക സ്ഥിതി കണക്കിലെടുത്താൽ 75% ആളുകൾക്കും എല്ലാ സൗകര്യങ്ങളുമുള്ള വീട് നിർമ്മിക്കുക എന്നത് ഇന്ന് അസാദ്ധ്യമായിത്തീർന്നിരിക്കയാണ്.

ഈ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 4014 വീടുകളിൽ 358-ഓളം വീടുകൾ കടകളും മറ്റു പൊതു സ്ഥാപനങ്ങളുമായി നിലനില്ക്കുകയാണ്. ഇതിൽ 1% ഇരു നിലക്കെട്ടിടങ്ങളും,20%മെച്ചപ്പെട്ട ഒരു നിലക്കെട്ടിടങ്ങളുമാണം. ബാക്കിയുള്ള 1668 വീടുകൾ ഇടത്തരം കർഷകരുടേയും സാധാരണക്കാരുടേതുമാണ്. ഇതിൽ ഭൂരിഭാഗവും ഓടിട്ടവയും സാമാന്യംമെച്ചപ്പെടവയുമാണ്.

ഈ പഞ്ചായത്തിൽ 1412 വീടുകൾ ഇപ്പോൾ പുതുക്കിപ്പണിയേണ്ടവയും അറ്റകുറ്റപ്പണികൾ നടത്തേണ്ടവയുമാണ്. നമ്മുടെ പഞ്ചായത്തിലെ 8 വാർഡുകളിലായി അധിവസിക്കുന്ന 1355 കുടുംബങ്ങൾ ഇന്ന് വീടിന് ആവശ്യമായിട്ടുള്ളവരാണ്. ഇതിൽ ചെറിയ കുടുംബങ്ങളായി തറവാടുകളിൽ താമസിക്കുന്നവരും ഉൾപ്പെടുന്നു. ഇതിൽ 901 പേർ വിവിധ പദ്ധതികളിലായി വീടു ലഭിക്കുന്നതിനായി പേരു രജിസ്റ്റർ ചെയ്തിട്ടുള്ളവരാണ്. വിവിധ പദ്ധതികളിലായി 69 വീടുകൾ അനുവദിച്ചിട്ടുള്ളതിൽ 66 എണ്ണത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. ഇതിൽ 40 ഓളം വീടുകളുടെ പണി പൂർത്തികരിക്കുവാൻ കഴിഞ്ഞു. സാമ്പത്തിക ബുദ്ധിമുട്ടുമൂലം ബാക്കിയുള്ളവയുടെ പണി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 13 വീടുകൾ മാത്രമാണ് പൂർത്തികരിക്കുവാൻ കഴിഞ്ഞത്. I.R.D.P സർവ്വേപ്രകാരം 832 കുടുംബങ്ങൾക്കും വീടുകൾ ആവശ്യമായിട്ടുള്ളവരാണ്. ഇതിൽ 348 ഓളം കുടുംബക്കാർ ഇനിയും വീടിന് അപേക്ഷ നൽകേണ്ടവരാണ്.

ദാരിദ്ര രേഖയ്ക്കു താഴെ നിൽക്കുന്ന ഏതാണ്ട് 957-ഓളം കുടുംബങ്ങൾക്ക് പ്രാഥമിക ആവശ്യമായ കക്കൂസ് നിർമ്മിക്കുന്നതിനായി I.R.D.P പദ്ധതി പ്രകാരം അപേക്ഷ നൽകിയിട്ടുള്ളവരാണ്. ഇതിൽ 35-ഓളം കക്കൂസുകൾ അനുവദിച്ചുകൊടുക്കുകയും

പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 922 ഓളം കുടുംബങ്ങൾക്കു ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി കക്കൂസുകൾ നിർമ്മിച്ചുകൊടുക്കേണ്ടതായിട്ടുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ പല പദ്ധതികളിലായി 341 വീടുകൾക്കു സാമ്പത്തിക സഹായം സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. പട്ടിക ജാതി, പട്ടിക വർഗ്ഗത്തിൽപ്പെട്ട 174 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പട്ടികജാതി,പട്ടിക വർഗ്ഗക്കാർക്കും മറ്റു വിഭാഗങ്ങൾക്കും വീടുകൾ ലഭ്യമാക്കേണ്ടതുണ്ട്.

രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി

ഈ ഭവന നിർമ്മാണ പദ്ധതി പ്രകാരം ഗുണഭോക്താവിന് നൽകുന്ന പരമാവധി തുക 26,400 രൂപയാണ്. പുതിയ പദ്ധതി പ്രകാരം മൈത്രിഭവന് നൽകുന്ന പരമാവധി തുക 30,000 രൂപയാണ്. കെട്ടിടനിർമ്മാണ സാമഗ്രികളുടെ ഉയർന്നവിലയും വർദ്ധിച്ച നിർമ്മാണച്ചിലവും കണക്കിലെടുക്കുമ്പോൾ ഈ തുകതികച്ചും ഭവനനിർമ്മാണത്തിന് അപര്യാപ്തമാണ്. ഇതിന് ശാശ്വതമായ പരിഹാരം ഭവന നിർമ്മാണത്തിനുള്ള തുക 45,000 രൂപയെങ്കിലുമാക്കി ഉയർത്തുകയും, സബ്സിഡി നിരക്ക് 20,000 രൂപയുമാക്കി വർദ്ധിപ്പിക്കേണ്ടതുമാണ്. ബാക്കിയുള്ള 25,000 രൂപ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കേണ്ടതുമാണ്.

പരിഹാരമാർഗ്ഗങ്ങൾ

1. താലൂക്ക് തലത്തലുള്ള ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.
2. വായ്പ ലഭ്യമാക്കുന്നതിലെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുകയും കാലതാമസം ഒഴിവാക്കുകയും ചെയ്യുക.
3. ഭവന നിർമ്മാണ വായ്പാ നിരക്ക് ഉയർത്തുകയും സബ്സിഡി വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.
4. 4ലക്ഷം രൂപയിൽ കൂടുതൽ സംഖ്യം ചെലവഴിച്ച് ഭവന നിർമ്മാണം നടത്തുന്നവർക്ക് പ്രത്യേകം നികുതി ചുമത്തുകയും ആ തുക വീടില്ലാത്തവർക്കുള്ള പാർപ്പിട പദ്ധതികൾക്കായി വിനിയോഗിക്കുകയും ചെയ്യേണ്ടതാണ്. ഇതിനുള്ള നിയമനിർമ്മാണം അനിവാര്യമാണ്.
5. രാഷ്ട്രീയ/സാംസ്ക്കാരിക സംഘടനകൾ, മറ്റു സന്നദ്ധ സംഘടനകൾ എന്നിവയുടെ തികഞ്ഞ സഹകരണം ഈ മേഖലയിൽ നേടിയെടുക്കണം.
6. ഈ ഗ്രാമപഞ്ചായത്തിലെ ഭൂരഹിതരായ മുഴുവൻ കർഷകത്തൊഴിലാളികൾക്കും സൗജന്യമായി വീടു നിർമ്മിച്ചു നൽകണം.

■

പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം

കൃഷി മുഖ്യതൊഴിലാക്കിയ കേരള ചരിത്രത്തിൽ അടിസ്ഥാന വർഗ്ഗക്കാരായ ഈ വിഭാഗങ്ങളുടെ സ്ഥാനം പ്രശംസനീയമാണ്. മണ്ണിൽ പണിയെടുക്കുന്ന കർഷകനായും, കർഷകത്തൊഴിലാളിയായും ഈ വിഭാഗത്തിന്റെ സിംഹഭാഗവും ഇന്നും നിലനിൽക്കുകയാണ്. നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ കാര്യത്തിൽ പട്ടിക ജാതി- പട്ടികവർഗ്ഗക്കാരുടെ നിലവാരം ഒരു തരത്തിൽ മെച്ചപ്പെട്ടതെന്നു പറയാം. അന്തിയുറങ്ങുവാൻ ഒരു സെൻറു ഭൂമിപോലും ഇല്ലാത്തവർ ഇല്ലെന്നു തന്നെ പറയാം. വിദ്യാഭ്യാസത്തിലും ജീവിത നിലവാരത്തിലും സാമാന്യം മെച്ചപ്പെട്ട നിലവാരമാണുള്ളത്. കൃഷി ചെയ്യുവാൻ സ്വന്തമായുള്ള ഭൂമിയുടെ കുറവ്, കോളനിയിലുള്ള താമസം എന്നിവ ഒരു പരിധിവരെഉയർച്ചയുടെ തോത് കുറയ്ക്കുകയാണ് ചെയ്തുവന്നത്. പൊതുവേ പറഞ്ഞാൽ എല്ലാക്കാര്യങ്ങളേക്കുറിച്ചുമുള്ള അറിവില്ലായ്മ അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും തേടിയെടുക്കുന്നതിന് തടസ്സമായി ഭവിച്ചിരുന്നു. കഴിഞ്ഞ പഞ്ചവത്സര പദ്ധതികളിലൂടെ ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനും ക്ഷേമ പ്രവർത്തനങ്ങൾക്കുമായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുകയും തന്മൂലം ഒരു സമൂല പുരോഗതി കൈവരിക്കുവാനും നമുക്കു കഴിഞ്ഞിട്ടുണ്ട്.

പട്ടിക ജാതി പട്ടിക വർഗ്ഗ സങ്കേതങ്ങൾ

1 തീവ്രസങ്കേത വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടിക ജാതി കോളനികൾ.

ക്രമനമ്പർ	വാർഡ്	സങ്കേതത്തിന്റെ പേര്	കുടുംബങ്ങളുടെ എണ്ണം
1	1	പറത്താനം പുതുവൽ	37
2	1	ഉരുളുമൊട്ട	29
3	1	പറത്താനം സീ വ്യൂ കോളനി	55
4	1	നവചൈതന്യ കോളനി	24

11 തീവ്ര സങ്കേത വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ - പട്ടിക വർഗ്ഗ കോളനികൾ

ക്രമ നമ്പർ	വാർഡ്	സങ്കേതത്തിന്റെ പേര്	കുടുംബങ്ങളുടെ എണ്ണം
1	7,8	വല്ലേന്ത കോളനി	40

അംഗീകാരം ലഭിക്കേണ്ടുന്ന പട്ടികജാതി കോളനികൾ

ക്രമ നമ്പർ	വാർഡ്	കോളനിയുടെ പേര്	കുടുംബങ്ങളുടെ എണ്ണം
1	iv	ആറേക്കർ കോളനി	30
2	iv	മാന്തീണ്ടി കോളനി	24
3	iv	കല്ലുമുണ്ട കോളനി	16
4	vi	ടെന്നീസ് കപ്പിലാംമൂട്	27
5	vii	ഞർക്കാട് കോളനി	20

6	viii	മ്ലാക്ക്ര കോളനി	17
7	viii	ഇളംകാട് കോളനി	16
8	v, vi	ചാത്തൻ പ്ലാപ്പള്ളി, മുണ്ടപ്പള്ളി മരുതിക്കാട്, എന്നീ കരകളിൽ ഒറ്റപ്പെട്ടു കിടക്കുന്ന പട്ടികജാതി	18

വൈദ്യുതികരിച്ച വീടുകൾ -പട്ടിക വർഗ്ഗകോളനികൾ

ക്രമനമ്പർ	വാർഡ്	കോളനിയുടെ പേര്	വൈദ്യുതികരിച്ച വീട്
I	I	പറത്താനം	2
2	iv	പ്ലാപ്പള്ളി	9
3	v	ചാത്തൻ പ്ലാപ്പള്ളി	13
4	vi	ഏന്തയാർ	4

അംഗീകാരം ലഭിക്കേണ്ടുന്ന പട്ടികവർഗ്ഗ കോളനികൾ

ക്രമ നമ്പർ	വാർഡ്	കോളനിയുടെ പേര്	കുടുംബങ്ങളുടെ എണ്ണം
1	I	പറത്താനം കോളനി	10
2	V	ചാത്തൻ പ്ലാപ്പള്ളി	16
3	IV	പ്ലാപ്പള്ളി	7
4	VII	ഞർക്കാട്	7

അഭിമുഖികരിക്കുന്ന പ്രശ്നങ്ങൾ

1. എല്ലാവർക്കും സ്വന്തമായി മെച്ചപ്പെട്ട ഭവനമില്ല.
2. അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം തൃപ്തികരമായ നിലയിൽ ലഭ്യമല്ല.
3. ശുചിത്വ പരിപാലനം സാദ്ധ്യമാക്കുന്നതിന് എല്ലാവർക്കും കക്കൂസ് നിർമ്മാണം സാദ്ധ്യമായിട്ടില്ല.
4. വൈദ്യുതി എത്തിക്കുവുന്ന മേഖലകളിലുള്ളവർക്കുപോലും വൈദ്യുതി ലഭ്യമായിട്ടില്ല.
5. പല പദ്ധതികളിലായി നിർമ്മിച്ചുകൊടുത്ത വീടുകൾ ഇനിയും പൂർത്തികരിക്കുവാൻ കഴിഞ്ഞിട്ടില്ല.
6. കൈവശഭൂമിക്കു പലതിന് പട്ടയം ഇല്ലാത്തതിനാൽ വസ്തു ഈടിന്മേൽ യാതൊരുവിധ ഉല്പാദന പരമായ വായ്പയും ലഭ്യമാകുന്നില്ല.
7. മിക്ക കോളനികളിലേയ്ക്കുമുള്ള റോഡു ഗതാഗതം തൃപ്തികരമല്ല.
8. വിദ്യാഭ്യാസ പുരോഗതി ലക്ഷ്യം കൈവരിച്ചിട്ടില്ല.
9. ആരോഗ്യം പരിപാലനത്തിനുതകുന്ന രീതിയിൽ ഈ വിഭാഗങ്ങൾക്കു വൈദ്യസഹായങ്ങളും ക്ഷേമപ്രവർത്തനങ്ങളും തൃപ്തികരമായ നിലയിൽ ലഭ്യമല്ല.
10. എല്ലാറ്റിനുമുപരിയായി പൊതുവായ ഒരു ശ്മശാനം നിലവിലില്ല.
11. തികച്ചും നിർദ്ധനരായ കുടംബങ്ങളിലെ പെൺമക്കളുടെ വിവാഹത്തിനായി ധനസഹായ സംവിധാനമില്ല
12. വ്യാപാര വിപണന രംഗങ്ങളിലെ ഈ വിഭാഗങ്ങളുടെ മേലുള്ള ചൂഷണം ഇന്നും നിലനില്ക്കുന്നു.

നിർദ്ദേശങ്ങൾ

1. പൂർത്തികരിക്കുവാൻ കഴിയാത്ത വീടുകൾക്കും ജീർണ്ണിതാവസ്ഥയിലുള്ള വീടുകളുടെ പൂർത്തികരണത്തിനും ധനസഹായം ലഭ്യമാക്കുക.

2. വീടുകൾ വൈദ്യുതികരിക്കുക.

3. ശുദ്ധജലം (കുടിവെള്ളം) എത്തിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുക.

4. പ്രാധാന്യമേറിയ പല തൊഴിലുകൾക്കും ഉതകത്തക്ക നിലയിൽ പരിശീലന കേന്ദ്രം ആരംഭിക്കുക.

5. കാർഷിക ഉപാധികളായ വിത്ത്,വളം കാർഷികോപകരണങ്ങൾ എന്നിവ അർഹതയനുസരിച്ചു സൗജന്യമായി നൽകുക.

6. സാമ്പത്തിക നിലവാരം കണക്കിലെടുത്ത് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുക.

7. നിർദ്ധന കുടുംബങ്ങളിലെ പെൺ മക്കളുടെ വിവാഹത്തിനായി, സഹായനിധി ഏർപ്പെടുത്തുക.

8. പട്ടിക ജാതി-പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങളുടേയും കൃഷിഭൂമിയുടെ സംരക്ഷണത്തിനുതകുന്ന രീതിയിൽ മണ്ണുസംരക്ഷണ പ്രവർത്തനം നടത്തുക.

■

സഹകരണം.

പുരാതന കാലം മുതലേ മനുഷ്യ ജീവിതത്തിൽ പരസ്പര ബന്ധത്തോടുകൂടിയ ജീവിതരീതിക്കു ഊന്നൽ നൽകിയിരുന്നു. സ്വന്തം പ്രയത്നത്തിലൂടെ ചെയ്തുതീർക്കുവാൻ സാധിക്കാത്ത ഏതൊന്നിനും ലഭിച്ചിരുന്ന സഹായം തിരികെ നൽകിയിരുന്നത്. കായിക അദ്ധ്വാനത്തിലൂടെയായിരുന്നു. ഈ രീതിയിലൂടെ കൃഷിപ്പണികൾ സമയാസമയങ്ങളിൽ ചെയ്തു തീർക്കുവാൻ അന്ന് സാധിച്ചിരുന്നു.

കാർഷിക വൃത്തിയിലൂടെ പുരോഗമനം സാദ്ധ്യമാക്കിയെങ്കിലും തങ്ങളുടെ ഉല്പന്നങ്ങളുടെ വിപണനത്തിലും ഉപഭോഗ സാധനങ്ങളുടെ വ്യാപാരത്തിലും കർഷകർ ചൂഷണത്തിനു വിധേയരായിരുന്നു. ഇടനിലക്കച്ചവടക്കാരുടെ സമീപനവും ഇതിൽ നിന്നും ഒട്ടും വ്യത്യസ്ഥമായിരുന്നില്ല. ഇത് ഉല്പാദകനും, ഉപഭോക്താവിനും ഒരു പോലെ ബദ്ധിമുട്ടുണ്ടാക്കിയിരുന്നു.

കാർഷികവൃത്തിയിലൂടെയും കൂട്ടായ പ്രയത്നത്തിലൂടെയും മുന്നേറിയ തലമുറ, തങ്ങളുടെ പ്രതിസന്ധികളെക്കുറിച്ചു ആഴത്തിൽ ചിന്തിക്കുവാനും അതിനുള്ള പരിഹാരമാർഗ്ഗങ്ങൾതേടുവനും തുടങ്ങി.

സ്വതന്ത്രലബ്ദിക്കുശേഷം പുതിയ ഭരണസംവിധാനങ്ങൾ നിലവിൽ വന്നുവെങ്കിലും ജന ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഒരു സമൂല പുരോഗതി ഉണ്ടാക്കുവാൻ സമയമെടുത്തു.

1960 കാലഘട്ടത്തോടുകൂടി സാമൂഹ്യമാറ്റങ്ങളുടേയും,ജനാധിപത്യഭരണ സംവിധാനങ്ങളുടേയും അടിസ്ഥാനത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഘടനയേയും പ്രവർത്തന രീതികളേയും നിർണ്ണയിച്ചിരുന്ന നിയമങ്ങളിൽ ഒട്ടേറെ മാറ്റങ്ങൾ നിലവിൽ വന്നു. ചൂഷണവും പരസ്പര മാത്സര്യവും വളർന്നതനുസരിച്ചു ഉല്പാദകർ സ്വയംസംഘടിച്ചു. മോചനം നേടുവാൻ ഈ സംഘടിത ശ്രമം സഹായിക്കുകയും കമ്പോളത്തിലെ വ്യാപാരകളിൽ നിന്നും കൊള്ളപ്പലിശക്കാരിൽ നിന്നും രക്ഷപെടുവാനുള്ള പ്രലോഭനം ശക്തമായി. ഇത് പിൽക്കാലങ്ങളഇൽ സഹകരണ മേഖലയുടെ വ്യാപ്തിക്കും വളർച്ചക്കും ശക്തി നൽകുകയാണുണ്ടായത്.

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച ഒരു പ്രത്യേകതയായിരുന്നു. വേലനിലം ആസ്ഥാനമാക്കി ഒരു വിവിധോദ്ദേശ സഹകരണസംഘം നിലവിൽ വന്നു. പിൽക്കാലത്ത് ഇത് കൂട്ടിയ്ക്കൽ സർവ്വീസ് സഹകരണ സംഘമായി രൂപം പ്രാപിച്ചു. സ്വന്തമായി സ്ഥലവും സംഘത്തിന് കെട്ടിടയും ഉണ്ടാക്കുകയും പ്രവർത്തനം മെച്ചപ്പെട്ടു വരികയും ചെയ്തു. ഒരു ധനകാര്യ സ്ഥാപനത്തിനുണ്ടായിരിക്കേണ്ട വിശുദ്ധിയും,സൽപേരും, സുതാര്യതയും നിലനിറുത്തുന്നതിൽ സംഘം പരാജ.യപ്പെട്ടു. ഇതോടെ സംഘത്തിന്റെ പ്രർത്തനം മന്ദീഭവിച്ചു.

ഈ പ്രതിസന്ധി നിലനില്കെ 1990 ജൂൺ മാസം 27-ാം തീയതി ഈ സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ ഏറ്റെടുത്തുകൊണ്ട് ''മുണ്ടക്കയം സർവ്വീസ് സഹകരണ ബാങ്കി''ന്റെ ഒരു ശാഖയാക്കിക്കൊണ്ട് പ്രവർത്തനം ഊർജ്ജസ്വലമാക്കി .കഴിഞ്ഞു പോയ 6 വർഷക്കാലം കൊണ്ട് വളരെയേറെ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞു. 1996 ഡിസംബർ 7-ാംതീയതി ഏന്തയാർ ടൗൺ കേന്ദ്രമാക്കി ഈ ബാങ്കിന്റെ ഒരു ശാഖ കൂടി പ്രവർത്തനമാരംഭിച്ചു.

സഹകരണ സംഘത്തിന്റെ വിവരങ്ങൾ

സംഘത്തിന്റെ പേര്	മുണ്ടക്കയം സർവ്വീസ് സഹകരണബാങ്ക് കൂട്ടിയ്ക്കൽ ശാഖ	
പ്രവർത്തനം ആരംഭിച്ച വർഷം	27-6-90	
ആകെ അംഗങ്ങൾ	4364	
ഒരു ഓഹരിയുടെ വില	Rs.20/-	
പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം	Rs.1325460/-	
അംഗീകൃത ഓഹരി മൂലധനം	Rs.6072810/-	
സർക്കാർ ഓഹരി പ്രകാരം ലഭിച്ച തുക	Rs.116000/-	
പരമാവധി കടം എടുക്കാവുന്ന തുക	Rs.50000/-	
പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ചനിക്ഷേപങ്ങൾ		
	സ്ഥിര നിക്ഷേപം	Rs.9693817/-
	ഹ്രസ്വകാലനിക്ഷേപം	Rs.1117674/-
നൽകിയിട്ടുള്ള വായ്പകൾ.		
കാർഷിക വായ്പ.	Rs.2423210/-	
മറ്റു വായ്പകൾ		
O.F.Loan	Rs.1,08,86,774/-	
Gold Loan	Rs.59,52770/-	
Ordinary Loan	Rs.21,87575/-	
Demand Loan	Rs.5,86,241/-	
പ്രത്യേക വായപകൾ		
A.D.P. Loan	Rs.19,944/-	
C.C.D.P. LOAN	Rs.32,500/-	
M.C.C. Loan	Rs. 71,285/-	

റബ്ബർ ഉല്പാദക സംഘങ്ങൾ

1.പറത്താനം
2.കൂട്ടിക്കൽ
3.ഏന്തയാർ
4.ഇളംകാട്.

ഈ ഉല്പാദക സംഘങ്ങളിലൂടെ റബ്ബർ കർഷകർക്ക് വളം, തുരിശ്, കീടനാശിനികൾ എന്നിവയും സബ്സിഡി നിരക്കിൽ സമയാസമയങ്ങളിൽ ലഭ്യമാക്കുന്നു. കൂടാതെ റബ്ബർ കൃഷിക്കാവശ്യമായ മറ്റെല്ലാ ഉല്പാദന ഉപാധികളും. ഇപ്രകാരം വിതരണം ചെയ്തു വരുന്നുണ്ട്.

ക്ഷീരോല്പാദക സഹകരണസംഘം

1.പറത്താനം
2.ഏന്തയാർ
3.കൂട്ടിക്കൽ

മലനാട് ഡവലപ്പ്മെൻറ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ സംഘങ്ങൾ മുഖേന പാലിന് ന്യായവില നൽകുന്നതൊടൊപ്പം നല്ലയിനം

കാലിത്തീറ്റയും ന്യായവിലയ്ക്കു വിതരണം ചെയ്തു വരുന്നു.

പട്ടികജാതി സർവ്വീസ് സഹകരണ സംഘം

ഈ ഗ്രാമ പഞ്ചായത്തിലെ പട്ടികജാതിയിൽ പ്പെട്ടവരുടെ ക്ഷേമത്തിനായി ഏന്തയാർ കേന്ദ്രമാ ക്കി പ്രവർത്തിച്ചു വരുന്നു.

റബ്ബർ മാർക്കറ്റിംങ്ങ് സഹകരണസംഘം

ഈ സംഘം മുഖേന കർഷകർക്ക് റബ്ബർ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നു.

മീനച്ചിൽ ഈസ്റ്റ്-അർബൻ സഹകരണ സംഘം

പൂഞ്ഞാർ ആസ്ഥാനമാക്കിപ്രവർത്തിക്കുന്ന ഈ ബാങ്കിന്റെ രണ്ടു ശാഖകൾ, കൂട്ടിക്കൽ, ഏന്തയാർ എന്നി സ്ഥലങ്ങൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്നു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ,കൂട്ടിക്കൽ .

ഈ ബാങ്കിന്റെ പ്രവർത്തനം എല്ലാം കൊണ്ടും മെച്ച പ്പെട്ടതാണ്.

കേരളാ റബ്ബർ മാർക്കറ്റിംങ്ങ് ഫെഡറേഷൻ ഏന്തയാർ.

ഈ ഗ്രാമപഞ്ചായത്തിലെ 5,6, 7,8, എന്നീ വാർ ഡുകളിലെ കർഷകരുടെ റബ്ബർ ഉല്പന്നങ്ങൾ ന്യായവിലയ്ക്കു വില്ക്കുന്നതിന് സഹായി ക്കുന്നു.

നേരിടുന്ന പ്രശ്നങ്ങൾ

1. ഓഹരി ഉടമകളും ബാങ്കുമായുള്ള ബന്ധങ്ങൾ ദുർബലപ്പെട്ടു വരുന്നു.
2. വായ്പ ലഭ്യമാക്കുന്നതിലെ കാലതാമസം ഇന്നും നിലനില്ക്കുന്നു.
3. കാർഷികാനുബന്ധ വായ്പകൾ കാര്യക്ഷമല്ല.
4. സംഘങ്ങളുടെ ജനാധിപത്യ പ്രക്രിയയിൽ അം ഗങ്ങളെ പങ്കെടുപ്പിക്കുന്നതിലും സ്വയം പങ്കെടു ക്കുന്നതിലും രണ്ടു തട്ടിലുമുള്ള താല്പര്യക്കുറവ്.
5. വായ്പ തിരിച്ചടക്കുന്നതിൽ ഭീമമായ കുടിശ്ശിക.

നിർദ്ദേശങ്ങൾ

1. കാർഷിക വായ്പാ സംവിധാനം ഉദാരവും ലളി തവുംആക്കുക..
2. അംഗങ്ങൾക്ക് ആൾ/വിള ജാമ്യത്തിൽ ഉള്ള വാ യ്പത്തുക 10000 രൂപയായി ഉയർത്തുക.
3. ദീർഘകാല കാർഷിക വായ്പകൾക്ക് കൃഷിക്കു പുറമേ, മണ്ണു സംരക്ഷണം, വളപ്രയോഗം, ജല സേചനം എന്നീ ലക്ഷ്യങ്ങൾ കൂടി സാദ്ധ്യമാ കത്തക്കവണ്ണം വായ്പാ സംവിധാനം മെച്ച പ്പെടുത്തുക.
4. ഒരു കൃഷി വിദഗ്ദ്ധന്റെ സഹായത്താൽ കൃഷി സ്ഥലം പരിശോധിച്ച് ആവശ്യങ്ങൾ തിട്ട പ്പെടുത്തി, അതിന്റെ അടിസ്ഥാനത്തിൽ വാ യ്പ അനുവദിക്കുക.
5. വിത്തുകൾ, വളങ്ങൾ, കാർഷിക ഉപകരണങ്ങൾ, സസ്യസംരക്ഷണ സാമഗ്രികൾ എന്നിവയ്ക്കുള്ള വായ്പ തരമായി നൽകുക.
6. ഒറ്റ നോട്ടത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വി ധം ബാങ്കിന്റെ കണക്കുകൾ ലളിതമാക്കി അം ഗങ്ങൾക്കു നൽകുക.

ഒൻപതാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയാക്കി ആസൂത്രണം ജനങ്ങളിലൂടെ നടപ്പിലാക്കാൻ സർ ക്കാർ തീരുമാനിച്ചിരിക്കുന്നഈ അവസരത്തിൽ ഗ്രാമ പഞ്ചായത്തിന്റെ നാനാവിധ വി കസനത്തിൽ സഹകരണ മേഖലയുടെ പങ്ക് വള രെ വലുതാണ്.

കാർഷികവും, സാമൂഹികവും, സാമ്പത്തികവും, സാംസ്ക്കാരികവുമായ മേഖലകളുടെ അമരക്കാ രൻ എന്ന നിലയിൽ സഹകരണ മേഖല ഉയർന്നി രിക്കുന്നു.

വിഭവ സമാഹരണം

കൂട്ടിക്കൽ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ പരിമിതമായ വരുമാന മാർഗ്ഗങ്ങളേ ഉണ്ടായിരുന്നുള്ളു. അതുപോലെതന്നെ നിയതമായ ചുമതലകളും. എന്നാൽ പഞ്ചായത്ത് നഗരപാലികാ ബിൽ പാസ്സായതോടുകൂടി പഞ്ചായത്തുകടക്ക് വിപുലമായ അവകാശാധികാരങ്ങളും, ചുമതലകളും, കൈവന്നിരിക്കുകയാണ്. കൃഷി,ജലസേചനം,മൃഗസംരക്ഷണം,ഗതാഗതം, പട്ടിക ജാതി-പട്ടികവർഗ്ഗക്ഷേമം, വനിതാക്ഷേമം, കുടിവെള്ളം, വിദ്യാഭ്യാസം,പൊതുജനാരോഗ്യം തുടങ്ങിയ വിവിധ വകുപ്പുകളിൽ കൂടെയുള്ള വികസന പ്രക്രിയകളും ഏറ്റെടുക്കേണ്ടതായി വന്നു. അതോടൊപ്പം ഗ്രാമസഭകളിൽ ഉന്നയിക്കുന്ന ആവശ്യങ്ങൾക്കും പ്രശ്നങ്ങൾക്കും അടിയന്തിര പ്രാധാന്യം നൽകി പരാഹാരങ്ങൾ കാണേണ്ടതായും ഇരിക്കുന്നു.

ഈ സാഹചര്യങ്ങൾക്കിടയിലാണ് ''ജനകീയാസൂത്രണം'' എന്ന നവിനാശയം പ്രാവർത്തികമാക്കാൻ തീരുമാനമായത്. തത്ഫലമായി, കാലങ്ങളായി അടിച്ചമർത്തപ്പെട്ടു കിടന്ന ആവശ്യങ്ങളും പ്രശ്നങ്ങളും ഒന്നൊന്നായി കെട്ടഴിച്ചു പുറത്തു വന്നു. ഈ പ്രശ്നങ്ങൾക്ക് മുൻഗണന നൽകി പരിഹാരം കണ്ടെത്തണമെങ്കിൽ വളരെയേറെ വിഭവങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. ജനകീയാസൂത്രണ ഗ്രാമസഭകളിൽ പ്രശ്നങ്ങളുടെ-ആവശ്യങ്ങളുടെ കെട്ട് അഴിച്ചുവിട്ടെങ്കിലും അതിനുള്ള വിഭവങ്ങൾ കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശങ്ങൾ ഉയർന്നു വന്നതായി കാണുന്നില്ല.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ 1995 - 96ലെ വരവു ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വരവ്

ഇനം	തുക (Rs)
കെട്ടിട നികുതി	64,235.65
തൊഴിൽ നികുതി	45,960.00
ലൈസൻസ് ഫീ	3,595.00
വസ്തു കൈമാറ്റ ഫീസ്	2,11,673.00
സർക്കാർ ഗ്രാൻറ് ഒഴിച്ചുള്ള മറ്റുവരവുകൾ	5,16,238.00
ഡിപ്പോസിറ്റ്	1,05,100.00
പുല്ലഗയാറ്റിലെ മണൽ വാരുന്നതിനുള്ള ലേലത്തുക ഉൾപ്പെടെയുള്ള മറ്റിനങ്ങൾ	2,93,448.06
ആകെ വരുമാനം	12,40,249.71

ചെലവ്	തുക (Rs)
ഭരണം	2,88,081.20
പൊതുമാരമത്ത്	1,54,268.00
വിദ്യാഭ്യാസം	13,409.25
ജലവിതരണം, ഓടകൾ,പൊതുജനാരോഗ്യം	3,971.00
തെരുവു വിളക്കു കത്തിക്കൽ	26,504.00
മറ്റുള്ളവ	3,40,959.50
ആകെ	8,27,178.95

ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്.പഞ്ചായത്തിന്റെ ഇപ്പോഴത്തെ വരുമാനം അതിന്റെ നിത്യ-നിദാന ചെലവുകൾക്ക് മാത്രമേയുള്ളുവെന്നും, വളരെക്കുറച്ച് തുക മാത്രമെ വികസന പ്രവർത്തനങ്ങൾക്ക് മാറ്റിവയ്ക്കാൻ കഴിയുന്നുള്ളുവെന്നും.ബ.ഗവണ്മെൻറിൽ നിന്നും കിട്ടാവുന്ന പദ്ധതി വിഹിതം കൊണ്ടു മാത്രം അടിയന്തിര പ്രാധാന്യമുള്ള പ്രശ്നങ്ങൾക്കു പോലും പരിഹാരം കണ്ടെത്താൻ കഴിയുകയില്ല.

അതിനാൽ പഞ്ചായത്തിന്റെ വരുമാനവും വിഭവ ശേഷിയും വർദ്ധിപ്പിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നു.

1.പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് പരമാവധി ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുക.

അതിലൂടെ ഗ്രാമീണ റോഡുകളുടെ നിർമ്മാണം, പാർപ്പിട നിർമ്മാണം, സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ആവശ്യമായി വരുന്ന മനുഷ്യാദ്ധ്വാനത്തിന്റെ ഇരുത്തഞ്ചു ശതമാനമെങ്കിലും ഗ്രാമീണരുടെ സൗജന്യമായി ഉപയോഗപ്പെടുത്തുക.

2. പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങളിത ഇടത്തട്ടുകാരെ ഒഴിവാക്കി ഗ്രാമസഭകളെ കൊണ്ടുതന്നെ ചെയ്യിക്കുക.

3. ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമായ കെട്ടിട നികുതി സമ്പ്രദായം പരിഷ്ക്കരിക്കുകയും, നികുതി വെട്ടിപ്പുകൾ തടയുകയും,കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുകയും ചെയ്യുക.

4. പല വികസന മേഖലകളിലും സ്വകാര്യ വ്യക്തികളുടെ പങ്കിളിത്തം പൂർണ്ണമായോ ഭാഗികമായോ ഉറപ്പാക്കുക.

5 വികസന പ്രവർത്തനത്തിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് മുൻഗണന നൽകുക.

6. പഞ്ചായത്തിന് വികസനത്തിന് ആവശ്യമായ പണം കണ്ടെത്തുന്നതിന് സഹകരണ ബാങ്കുകൾ, പൊതുമേഖലാ ബാങ്കുകൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, വിദേശ ഇന്ത്യാക്കാർ, അന്താരാഷ്ട്ര ഏജൻസികൾ എന്നിവയുടെ സഹായം തേടുക.

7. പല പരിപാടികളും വ്യക്തികളുടേയോ സ്ഥാപനങ്ങളുടെയോ സ്പോൺസർഷിപ്പിൽ നടത്തുക.

8. പദ്ധതി പ്രവർത്തനങ്ങളുടെ വിജയകരവും ദ്രുതഗതിയുമുള്ള പൂർത്തികരണത്തിലൂടെ ഗവ.ൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും കൂടുതൽ പദ്ധതി വിഹിതം വാങ്ങിയെടുക്കുവാൻ ശ്രമിക്കുക.

9. ബസ് സ്റ്റാൻഡുകൾ, കംഫർട്ടുസ്റ്റേഷനുകൾ, പൊതുമാർക്കറ്റ്, സ്റ്റാളുകൾ, കോംപ്ലക്സുകൾ,എന്നിവ സ്ഥാപിച്ച് വരുമാനം വർദ്ധിപ്പിക്കുക.

10. ടൂറിസം വികസനത്തിനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയും ആയതിലൂടെ വരുമാനം നേടുകയും ചെയ്യുക.

11. തൊഴിൽ നികുതി, ലൈസൻസ് ഫീ തുടങ്ങിയവ പരിഷ്ക്കരിച്ച് വരുമാനം വർദ്ധിപ്പിക്കുക.

12. ആശുപത്രികൾക്ക് ആവശ്യമായ കെട്ടിടങ്ങൾ, രോഗികൾക്ക് ആവശ്യമായ മരുന്നുകൾ, ഭക്ഷണം എന്നിവ സ്വകാര്യ വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും സംഭാവനയായി സ്വീകരിക്കാൻ ഏർപ്പാടുണ്ടാക്കുക.

13. പുല്ലഗയാറ്റിൽ നിന്നും മണൽ വാരുന്നതിനുള്ള ലേലത്തുകയിൽ വർദ്ധനവു പ്രതീക്ഷിക്കാം.

14. ശുചീകരണ പ്രവർത്തനങ്ങൾക്ക് സാമൂഹിക-സന്നദ്ധ സംഘടനകളുടേയും സ്കൂൾ വിദ്യാർത്ഥികളുടേയും സഹായം തേടുക.

15. എല്ലാ പദ്ധതി പ്രവർത്തനങ്ങളിലും ചെലവു ചുരുക്കാനും പരമാവധി നേട്ടം കൈവരിക്കാനും വേണ്ടി ഓരോ വികസന പ്രവർത്തനങ്ങൾക്കും ഗ്രാമസഭയുടെ മേൽനോട്ടത്തിൽ ഒരു വിദഗ്ദ സമിതി രൂപീകരിക്കുകയും അവർ ഇടക്കാല വിലയിരുത്തുകൾ നടത്തുകയും, അപ്പപ്പോൾ വേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക. ■



പഞ്ചായത്ത്‌രാജ് നിയമത്തിന്റെ ശില്പി

Printed and Published by : Shri. R. Krishnappan, President, Koottikkal Panchayath.
Printed at : Cejo Offset Printers, Changanacherry - 2
Pagesetup by : Marian DTP Centre, Changanacherry - 2